തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ



ജനകീയാസൂത്രണ പ്രസ്ഥാനം

വികസന സെമിനാർ

30.11.1996

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ

ജനകീയാസൂത്രണപ്രസ്ഥാനം

വികസന സെമിനാർ

30.11.1996

വികസന റിപ്പോർട്ട്

എഡിറ്റർ

മഹമൂദ് കടവത്തൂർ

പത്രാധിപസമിതി

1. സി.എച്ച്. കുഞ്ഞമ്മദ് മാസ്റ്റർ
2. പി. കൃഷ്ണൻ മാസ്റ്റർ
3. പ്രൊഫ. എൻ. കുഞ്ഞമ്മദ്
4. ടി. മുഹമ്മദ് അഷ്റഫ്
5. ഒ.കെ. രാമകൃഷ്ണൻ
6. കെ.കെ. ദിനേശൻ മാസ്റ്റർ
7. എം.ടി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ

വിഷയവിവരം

1 ആമുഖം

2 പഞ്ചായത്ത് പൊതുവിവരണം

3 സാമൂഹിക-സാംസ്കാരിക ചരിത്രം

4 ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

5 സാമൂഹിക-സാമ്പത്തിക മേഖലകൾ

- 5.1 കൃഷിയും ജലസേചനവും
- 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
- 5.3 വ്യവസായം
- 5.4 വിദ്യാഭ്യാസം
- 5.5 കുടിവെള്ളവും പൊതുജനാരോഗ്യവും
- 5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- 5.7 ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും
- 5.8 സംസ്കാരം - കായികരംഗം
- 5.9 വനിത
- 5.10 സഹകരണം
- 5.11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
- 5.12 വിഭവസമാഹരണം

ആമുഖം

സ്വാതന്ത്ര്യാനന്തര ഇന്ത്യ പിന്നിട്ട എട്ട് പഞ്ചവത്സരപദ്ധതികളും പ്രതീക്ഷയ്ക്കൊത്ത് വിജയിച്ചിട്ടില്ല. ഇതിൽനിന്ന് വ്യത്യസ്തമായി ഒമ്പതാം പദ്ധതിയുടെ 40%ത്തോളം വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിലാണ് 9-ാം പദ്ധതി ജനകീയമായി മാറുന്നത്.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതി സാധ്യമായാൽ മാത്രമേ ഐശ്വര്യ സമ്പൂർണ്ണമായ ക്ഷേമ രാഷ്ട്രം കെട്ടിപ്പടുക്കാൻ കഴിയുകയുള്ളൂ എന്ന ഗാന്ധിജിയുടെ ആശയങ്ങൾക്ക് പുതിയ പഞ്ചായത്ത്രാജ് സംവിധാനം ഊടും പാവും നൽകുകയാണ്. ഇതിന് വഴിതെളിയിച്ചത് ഭരണഘടനയുടെ 73, 74 ഭേദഗതികളാണ്. ഇതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച വിപുലമായ അധികാരങ്ങൾ പ്രായോഗികവൽക്കരിക്കാൻ വിഭവസമ്പുഷ്ടത അനിവാര്യഘടകമാണ്. ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതിക്കും ജനകീയ ആവശ്യങ്ങൾക്കും അനുസൃതമായി താഴെ തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ വേണ്ടി ആവിഷ്കരിച്ച പ്രക്രിയയാണല്ലോ ജനകീയാസൂത്രണം.

നമ്മുടെ പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലെ ഗ്രാമസഭാ റിപ്പോർട്ടുകളും ദ്വിതീയ വിവരശേഖരണവും പഠനപര്യടന റിപ്പോർട്ടും പഴമക്കാരിൽനിന്ന് ശേഖരിച്ച വിവരങ്ങളും സംഗ്രഹിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമസഭകളിൽ വനിതകളും ഉദ്യോസ്ഥരുമുൾപ്പെടെ രണ്ടായിരത്തി അഞ്ഞൂറിൽപരം ആളുകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

നാടിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കാൻ ഏതൊരു പൗരനുമുള്ള അവകാശത്തെ ജനകീയ ആസൂത്രണ പ്രസ്ഥാനം ഉറപ്പു വരുത്തുന്നു. വികസന ആസൂത്രണ പ്രക്രിയയിൽ വിപ്ലവകരമായ പരിവർത്തനം വരുത്തികൊണ്ട് കേന്ദ്രീകരണ, ആസൂത്രണ രംഗത്തെ മാറ്റത്തിലൂടെ നവീനമായ ഒരു വികസനബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. സ്വയം സമ്പൂർണ്ണ ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്രപുനർനിർമ്മാണം സാധ്യമാകൂ എന്ന് പ്രവചിച്ച മഹാത്മജിയുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം.

പഞ്ചായത്ത് : പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	തൃപ്രങ്ങോട്ടൂർ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത്	:	കൂത്തുപറമ്പ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	കടവത്തൂർ, പൊയിലൂർ
താലൂക്ക്	:	തലശ്ശേരി
അസംബ്ലി മണ്ഡലം	:	പെരിങ്ങളം
വിസ്തീർണ്ണം	:	3239.43 ഹെക്ടർ
അതിരുകൾ	:	വടക്ക്: കുന്നോത്ത്പറമ്പ്, പാട്യം പഞ്ചായത്തുകൾ കിഴക്ക് : ചെക്യാട് പഞ്ചായത്ത്, കണ്ണവം ഫോറസ്റ്റ് പടിഞ്ഞാറ് : പെരിങ്ങളം, പാനൂർ പഞ്ചായത്തുകൾ തെക്ക് : കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക്
ജനസംഖ്യ	:	26281
പുരുഷന്മാർ	:	12401
സ്ത്രീകൾ	:	13880
അക്ഷരാഭ്യാസമുള്ളവർ	:	19566

'91 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം

വാർഡുകൾ	:	11
സ്ത്രീസംവരണവാർഡുകൾ	:	4
പട്ടികവർഗ്ഗസംവരണ വാർഡുകൾ	:	1
പ്രസിഡണ്ട്	:	സി.എച്ച്. കുഞ്ഞമ്മദ് മാസ്റ്റർ
വൈസ് പ്രസിഡണ്ട്	:	വയലിൽ കല്ലു
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	:	എ.സി. ഇസ്മായിൽ

വിവിധ വകുപ്പുകളുടെ കീഴിലുള്ള പഞ്ചായത്തിലെ ഓഫീസുകൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രം
2. ആയുർവേദ ഡിസ്പൻസറി
3. മൃഗാശുപത്രി
4. ഊർജ്ജിത കന്നുകാലിവികസന ഉപകേന്ദ്രങ്ങൾ
5. കൃഷിഭവൻ
6. വില്ലേജ് ഓഫീസ്
7. വില്ലേഡ് എക്സ്റ്റൻഷൻ ഓഫീസ്
8. സബ് റജിസ്ട്രാർ ഓഫീസ്
9. സബ് പോസ്റ്റ് ഓഫീസ്
10. ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ
11. സഹകരണ ബാങ്കുകൾ
12. ഗ്രാമീൺ ബാങ്ക്



പ്രസിഡണ്ട്



വൈസ് പ്രസിഡണ്ട്

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
ഭരണസമിതി

പ്രസിഡണ്ട് :
സി.എച്ച്. കുഞ്ഞമ്മദ് മാസ്റ്റർ

വൈസ് പ്രസിഡണ്ട് :
വി. കല്ലു

സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ :
എ.സി. ഇസ്മായിൽ

മെമ്പർമാർ :
ഡോ. സെൽമ മഹമൂദ്
കാട്ടൂർ മഹമൂദ്
കെ.കെ. രാമൂട്ടിമാസ്റ്റർ
വി.കെ. സരോജിനി
ഒ.കെ. കുഞ്ഞിരാമൻ മാസ്റ്റർ
മത്തത്ത് അബ്ദുള്ള മൗലവി
കെ.വി. രത്നവല്ലി
പൂവൻ ചന്ദ്രൻ

സാമൂഹ്യ - സാംസ്കാരിക ചരിത്രം

സവർണ്ണ ജന്മിമാരുടെ അധീനതയിലായിരുന്നു ഈ പഞ്ചായത്ത് മുഴുവൻ. കിഴക്കൻ മേഖല പാനോളി തമ്പുരാക്കൻമാരുടേയും ഇല്ലത്ത് നമ്പൂതിരിമാരുടെയും അധീനതയിലും പടിഞ്ഞാറൻ മേഖല മേനപ്രം ദേവസ്വത്തിന്റെ ഉടമസ്ഥതയിലുമായിരുന്നു എന്ന് പറയപ്പെടുന്നു. ഗ്രാമീണർ തമ്പുരാക്കന്മാർക്ക് കാഴ്ചപ്പണവും നെയ്യുമൃതും കാഴ്ചവെച്ച് കാൽക്കൽ കുമ്പിട്ട് 'ചാള'കെട്ടാൻ പതിച്ചു വാങ്ങിയ ഭൂമിയിൽ കൃഷിചെയ്ത് ജീവിച്ചുപോന്നു. ജൻമി കുടിയാൻ സമ്പ്രദായമായിരുന്നു അന്ന് നിലവിലുണ്ടായിരുന്നത്. യജമാനനും ഭൃത്യനും തമ്മിലുള്ള ബന്ധത്തിന് തുല്യമായിരുന്നു ഇത്. ഭൂവുടമകൾക്ക് മാത്രമേ അന്ന് വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. ഭൂമിയിൽ അത്യധ്വാനം ചെയ്തുണ്ടാക്കുന്ന ഉൽപ്പന്നങ്ങളിലധിക ഭാഗവും അധ്വാനിച്ചവർക്ക് കിട്ടാറില്ല. കുടിയാൻമാർ അകാരണമായി കുടിയൊഴിപ്പിക്കപ്പെടുന്നത് നിത്യസംഭവമായിരുന്നു.

1948-ൽ ഭൂവുടമ കിഴക്കൻ മലനിരകൾ തലശ്ശേരിയിലെ അഡ്വ: രാമുണ്ണിമാരാർക്ക് വിറ്റു. അദ്ദേഹത്തിൽ നിന്ന് തിരുവിതാംകൂർകാരനായ പോത്തൻ ജോസഫ് രണ്ടായിരത്തോളം ഏക്കർ ഭൂമി വിലക്ക് വാങ്ങി റബ്ബർ കൃഷിക്കുള്ള പ്രവർത്തനങ്ങൾ നടത്തിത്തുടങ്ങി. പ്രസ്തുത റബ്ബർ എസ്റ്റേറ്റിൽ ധാരാളം ആളുകൾക്ക് തൊഴിൽ ലഭിച്ചെങ്കിലും മലനിരകളിൽ പുനം കൃഷി നടത്തിയിരുന്നു. കർഷകർക്ക് ജീവിക്കാൻ മാർഗ്ഗം ഇല്ലാതായി. കാലാന്തരത്തിൽ തന്റെ കൃഷി ഭൂമിയുടെ വലിയൊരുഭാഗം പുറമ്പോക്കാണെന്ന് മനസ്സിലാക്കിയ പോത്തൻ ജോസഫ് ചില ഇടയാളൻമാരുടെ സഹായത്തോടെ പാവപ്പെട്ട കർഷകർക്ക് വിറ്റ് സ്ഥലം വിട്ടു, ഇത് വാങ്ങിയ കർഷകരും തിരുവിതാംകൂറിൽ നിന്ന് എല്ലാം വിറ്റ് വർഷങ്ങൾക്കുമുമ്പ് കുടിയേറി പാർത്ത സ്ഥിരതാമസക്കാരായ കൃഷിക്കാരും തങ്ങൾ കൃഷിചെയ്യുന്ന ഭൂമിയുടെ അവകാശത്തിന് വേണ്ടി വില്ലേജ് ഓഫീസ്മുതൽ സെക്രട്ടറിയേറ്റ് നടവരെ സമരം നടത്തികൊണ്ടിരിക്കുകയാണ്

ദേശീയപ്രസ്ഥാനം

ദേശീയപ്രസ്ഥാനങ്ങളിൽ സജീവ പങ്കുവഹിച്ച പലരും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. സ്വതന്ത്ര്യസമരത്തിലും അതിന്റെ ഭാഗമായ ക്വിറ്റ്-ഇന്ത്യാ സമരത്തിലും പങ്കെടുത്ത ശ്രീ: കെ.പി. നാരായണകുറുപ്പ് ഈക്കൂട്ടത്തിൽ പ്രാത: സമരണീയനാണ്. സുഭാഷ്ചന്ദ്രബോസിന്റെ നേതൃത്വത്തിൽ ആവേശം ഉൾകൊണ്ട് അദ്ദേഹത്തിന്റെ INA യിൽ അംഗങ്ങളായി ചേർന്ന് സ്വാതന്ത്ര്യസമ്പാദന പോരാട്ടത്തിൽ പങ്കെടുത്ത ധീരൻമാരേയും ഈ പഞ്ചായത്ത് സംഭാവന ചെയ്തിട്ടുണ്ട്. ഐ.എൻ.എ. കുഞ്ഞിരാമൻ, വലിയപറമ്പത്ത് കുമാരൻ, പുത്തൻപുരയിൽ കങ്ങ്യൻ കുഞ്ഞിക്കണ്ണൻ, വീട്ടിപ്പൊയിൽ മൂസ്സ, വട്ടപ്പൊയിലുമ്മൽ അബ്ദുല്ല, ചാലിൽ കുഞ്ഞിക്കണ്ണൻ കൂടുത്താൻ കുന്നുമ്മൽ കുഞ്ഞിരാമൻ എന്നിവർ ഐ.എൻ.എ. ഭടൻമാരായിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ ഗോവാ വിമോചന സമരത്തിൽ പങ്കെടുത്ത ചെറ്റക്കണ്ടി സ്വദേശി ശ്രീ. ടി.പി. കുഞ്ഞിക്കുട്ടി അക്കാലത്തെ ത്യാഗോജ്ജ്വലസ്മരണകൾ അയവിറക്കി ഇന്നും നമ്മോടൊപ്പമുണ്ട്.

ഭരണക്രമം

ബ്രീട്ടീഷ്ഭരണകാലത്ത് അംശം അധികാരിയായിരുന്നു പ്രധാന ഭരണാധികാരി. പഞ്ചായത്തിലെ ആദ്യത്തെ അധികാരി ശ്രി. തിരുവങ്ങോത്ത് കുഞ്ഞിരാമൻ നമ്പ്യാരായിരുന്നു. അധികാരിതന്നെയായിരുന്നു അന്ന് വില്ലേജ് മജിസ്ട്രേട്ടും. 1929-ൽ ആണ് തൃപ്രങ്ങോട്ടൂർ വില്ലേജ് നിലവിൽ വന്നതെന്ന് പറയപ്പെടുന്നു അല്പകാലത്തിന് ശേഷം ഇത് പൊയിലൂർ തൃപ്രങ്ങോട്ടൂർ എന്നീ രണ്ട് വില്ലേജുകളായ വിഭജിക്കപ്പെട്ടു. പൊയിലൂർ വില്ലേജിന്റെ ആദ്യത്തെ അധികാരി ശ്രീ. വി.സി. കുഞ്ഞുണ്ണി നമ്പ്യാർ ആയിരുന്നു. 1962-ൽ ഈ രണ്ട് വില്ലേജുകളും യോജിപ്പിച്ച് തൃപ്രങ്ങോട്ടൂർ വില്ലേജായി മാറി.

പഞ്ചായത്ത്: ഗതകാലങ്ങളിൽ

കണ്ണൂർ ജില്ലയുടെ തെക്ക്-കിഴക്കൻ ഭാഗായ തൃപ്രങ്ങോട്ടൂർ, പൊയിലൂർ പ്രദേശങ്ങൾ മുമ്പ് പാനൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1953-ൽ പാനൂർ പഞ്ചായത്ത് വിഭജിച്ച് തൃപ്രങ്ങോട്ടൂർ, പൊയിലൂർ പഞ്ചായത്തുകൾ രൂപീകരിച്ചു. കൈപൊക്കി വോട്ടിംഗിലൂടെ നിലവിൽ വന്ന തൃപ്രങ്ങോട്ടൂർ പഞ്ചായത്തിന്റെ ആദ്യ ഭരണസമിതി പ്രസിഡണ്ട് ജ: പൊട്ടങ്കണ്ടി കുഞ്ഞമ്മദ് ഹാജിയും പൊയിലൂർ പഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീ: പുത്തൻപുരയിൽ കണ്ടേ്യൻ കുഞ്ഞിക്കണ്ണനുമായിരുന്നു.

1962 പുതുവത്സരദിനത്തിൽ രണ്ട് പഞ്ചായത്തുകളും ഏകോപിപ്പിച്ച് (Go: MS/96/61. Dt. 28.12.61) ഇന്നത്തെ തൃപ്രങ്ങോട്ടൂർ പഞ്ചായത്ത് നിലവിൽവന്നു. 1964 വരെ സ്പെഷ്യൽ ഓഫീസറുടെ നിയന്ത്രണത്തിൽ കീഴിലായിരുന്നു പഞ്ചായത്ത് ഭരണം. പ്രസ്തുത വർഷത്തിലാണ് തൃപ്രങ്ങോട്ടൂർ പഞ്ചായത്തിന്റെ ആദ്യഭരണ സമിതി തെരഞ്ഞെടുപ്പ് നടക്കുന്നത്.

ഭരണസമിതി. 1964

പ്രസിഡണ്ട് : പൊട്ടങ്കണ്ടി കുഞ്ഞമ്മദ് ഹാജി

വൈസ് പ്രസിഡണ്ട് : പി.കെ. രാഘവൻ

അംഗങ്ങൾ:

എൻ.കെ.അഹമ്മദ്മൗലവി,

കെ.ചാത്തുക്കുട്ടിമാസ്റ്റർ,

എം.കെ. ചോയി,

ഒ.പി. കലന്തൻ,

വി.പി. കുഞ്ഞമ്മദ്,

വി.കെ.ചാത്തു.

ഭരണ സമിതിയിലേക്ക് ശ്രീമതി. കെ. നാണിയമ്മയെ 22.09.64-ന് നാമനിർദ്ദേശം ചെയ്യപ്പെട്ടു. ശ്രീ. കല്ലായി ചാത്തുവിന്റെ നിര്യാണത്തെ തുടർന്ന് 7-ാം വാർഡിൽ വന്ന ഒഴിവിലേക്ക് ശ്രീ. തെക്കയിൽ കൊറുമ്പൻ നാമനിർദ്ദേശം ചെയ്യപ്പെട്ടു. K.E.R 14/c വകുപ്പ് പ്രകാരം എൻ.കെ. അഹമ്മദ്മൗലവിക്കും കെ. നാണിയമ്മയ്ക്കും പഞ്ചായത്ത് മെമ്പർമാരായി തുടരാൻ സാധിക്കാതെ വന്നതിനാൽ അവർ രാജിവെച്ച ഒഴിവിലേക്ക് യഥാക്രമം, എ.സി. മൂസ, പുല്ലാട്ടുമമ്മൽ അമ്മാളു അമ്മ എന്നിവർ 12.8.65ന് സത്യപ്രതിജ്ഞചെയ്തു. 1968-ൽ ശ്രീ.കെ. കൃഷ്ണൻ ഭരണസമിതി അംഗമായിരുന്നിട്ടുണ്ട്. പ്രഥമ ഭരണസമിതി 1964 മുതൽ 1980 വരെ ഭരണം നടത്തി. പ്രസ്തുത ഭരണസമിതിയുടെ കാലത്ത് തൃപ്രങ്ങോട്ടൂർ പഞ്ചായത്തിനെ പെരിങ്ങളം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന എലിത്തോട് പാലത്തിന്റെ പണി പൂർത്തിയാക്കി. 16.11.68ന് അന്നത്തെ സഹകരണ-ജലസേചന വകുപ്പ് മന്ത്രി പി.ആർ. കുറുപ്പിന്റെ അദ്ധ്യക്ഷതയിൽ ബഹു: പൊതുമരാമത്ത് വകുപ്പ് മന്ത്രി ടി.കെ. ദിവാകരൻ എലിത്തോട് പാലം ഉദ്ഘാടനം ചെയ്തു. ഇക്കാലത്ത് തന്നെയാണ് പഞ്ചായത്ത് റൂറൽ ഡിസ്പെൻസറി കടവത്തൂരിൽ ആരംഭിച്ചതും.

1980-ൽ ആണ് രണ്ടാമത്തെ ഭരണസമിതി തെരഞ്ഞെടുപ്പ് നടക്കുന്നത്. 30-9-80ന് പുതിയഭരണസമിതി സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റെടുത്തു. 1985-വരെ പ്രസ്തുതഭരണസമിതി അധികാരത്തിലുണ്ടായിരുന്നു.

ഭരണസമിതി-1980

പ്രസിഡണ്ട് : പൊട്ടങ്കണ്ടി കുഞ്ഞമ്മദ് ഹാജി
വൈസ് പ്രസിഡണ്ട് : സി.എച്ച്. കുഞ്ഞമ്മദ് മാസ്റ്റർ
അംഗങ്ങൾ : സി.എച്ച് അബൂബക്കർ മാസ്റ്റർ,
വി.പി. അബ്ദുല്ല,
സി.കെ. കല്യാണി,
കെ. വാസുമാസ്റ്റർ,
എ.കെ. ശങ്കരൻമാസ്റ്റർ,
കെ.പി.നാണു,
സി.കെ. അനന്തൻ മാസ്റ്റർ

രണ്ട് വർഷത്തിനുശേഷം പൊട്ടങ്കണ്ടി കുഞ്ഞമ്മദ്ഹാജിക്കുപകരം വി.പി. അബ്ദുല്ല പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

കടവത്തൂരിലെ ഇന്നത്തെ പഞ്ചായത്ത് വായനശാല കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഭരണസമിതി ഓഫീസ് പിന്നീട് തെണ്ടപ്പറമ്പ് L.P സ്ക്കൂളിന് സമീപം ഉള്ള കെട്ടിടത്തിലേക്ക് മാറ്റി.

1980-85 കാലഘട്ടത്തിലെ ഭരണസമിതിയാണ് കല്ലിക്കണ്ടിയിൽ പൊതുശ്മശാനവും തെക്കും മുറി ഭാഗത്ത് ലക്ഷംവീട് കോളനിയും സ്ഥാപിച്ചത്. പഞ്ചായത്തിന്റെ സ്വന്തം ഓഫീസ് കെട്ടിടത്തിന്റെ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയാക്കിയതും പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിലവിൽ വന്നതും ഈ കാലഘട്ടത്തിൽതന്നെ.

1985-88 കാലം പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻകീഴിലായിരുന്നു. 4.2.88ന് പുതിയ ഭരണസമിതി നിലവിൽ വന്നു.

ഭരണസമിതി - 1988

പ്രസിഡണ്ട് : എം.പി. കുഞ്ഞിരാമൻ
വൈ: പ്രസി : എ.പി ഭാസ്കരൻ
അംഗങ്ങൾ : എ.പി. രാധ,
സി.എച്ച് മൂസ മാസ്റ്റർ,
സി.എച്ച് കുഞ്ഞമ്മദ് മാസ്റ്റർ,
സി.എച്ച് അബൂബക്കർ മാസ്റ്റർ,
എറ്റുമ്മൽ കുഞ്ഞിക്കണ്ണൻ,
വി. കല്ലു,
സി.കെ ബാലൻ,
പൂവൻ ചാത്തുക്കുട്ടി.

പഞ്ചായത്ത് സാംസ്കാരികനിലയവും കൃഷിഭവനും സ്ഥാപിതമായത് ഈ കാലഘട്ടത്തിലാണ്.

രാഷ്ട്രപിതാവ് മഹാത്മജിയുടെ ഗ്രാമസ്വരാജ് സ്വപ്നം സാഫല്യമാക്കികൊണ്ടുള്ള പുതിയ പഞ്ചായത്തീരാജ് നിയമത്തിന്റെ പശ്ചാത്തലത്തിൽ നടന്ന തിരഞ്ഞെടുപ്പിനെതുടർന്ന് 1995 ഒക്ടോബർ 2-ാം തിയ്യതി പുതിയ ഭരണസമിതി അധികാരമേറ്റെടുത്തു. അധികാരം ജനങ്ങളിലേക്ക് കൈമാറികൊണ്ട്, സമഗ്രവികസനത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തികൊണ്ട് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ സജീവമായ പ്രവർത്തനങ്ങളുമായി പുതിയ ഭരണസമിതി മുന്നേറുന്നു.....

ഭൂപ്രകൃതി – ജനപ്രകൃതി – ജലവിഭവം

കണ്ണൂർ ജില്ലയുടെ തെക്കുകിഴക്കേ അറ്റത്ത് ദീർഘത്തിൽ സ്ഥിതിചെയ്യുന്ന തൃപ്രങ്ങോട്ടൂർ പഞ്ചായത്തിന്റെ അതിരുകൾ കിഴക്ക് കണ്ണവം റിസർവ്വ് ഫോറസ്റ്റും, കോഴിക്കോട് ജില്ലയും (ചെക്യാട് പഞ്ചായത്ത്), പടിഞ്ഞാറ് കുന്നോത്തുപറമ്പ്, പാനൂർ, പെരിങ്ങളം പഞ്ചയത്തുകൾ. വടക്ക് കുന്നോത്ത് പറമ്പ, പാട്യം പഞ്ചായത്തുകൾ, തെക്ക് കോഴിക്കോട് ജില്ല എന്നിവയാണ്. കിഴക്കുവടക്കുനിന്ന് തെക്കുപടിഞ്ഞാറേക്ക് ചെരിഞ്ഞുകിടക്കുകയാണ് ഈ പഞ്ചായത്ത്. പാത്തിക്കൽ, വടക്കേക്കളം, നരിക്കോട്, വാഴമല, പന്നിയങ്കാവ് തുടങ്ങിയ കിഴക്കൻമലനിരകൾ പഞ്ചായത്തിലെ പ്രകൃതി രമണീയമായ സ്ഥലങ്ങളാണ്. മലയുടെ താഴ്വാരത്ത് നൂറേക്കറിൽപരം വിസ്തീർണമുള്ള പെരുവൻവയലാണ്. ഒറ്റപ്പെട്ട കുന്നിപ്പറമ്പുകൾ ഉൾപ്പെട്ടതെങ്കിലും പഞ്ചായത്തിലെ ഏറ്റവും വലിയതും ഫലഭൂയിഷ്ടവുമായ വയൽപ്രദേശമാണിത്. പാത്തിക്കൽമലയുടെ താഴ്വാരം ചെങ്കൽ പ്രദേശമാണ്. കരിങ്കല്ലും ധാരാളമുള്ള ഇവിടെ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. മൂലമ്പറ്റ, മണിമുട്ടി, കാക്കറോട്ട് എന്നിവ പഞ്ചായത്തിന്റെ മധ്യഭാഗത്തായി കാണുന്ന ചെറുകുന്നുകളാണ്. പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽ പറമ്പുകളും വയലുകളുമാണ്. കടവത്തൂരിന്റെ തെക്കുപടിഞ്ഞാറുഭാഗങ്ങളിൽ 25 വർഷം മുൻപേ അറ്റംകാണാത്ത വയൽപ്രദേശമായിരുന്നു. ഫലഭൂയിഷ്ടമായ ഈ പ്രദേശം ഇപ്പോൾ കുനിപ്പറമ്പുകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഏകദേശം നൂറോളം ഏക്കർ വയലുകൾ രണ്ടിടത്തായി ഇപ്പോഴും അവശേഷിക്കുന്നുണ്ട്.

കിഴക്കൻമലകളിൽ താരതമ്യേന ശക്തമായ മഴ ലഭിക്കുന്നുണ്ട്. മഴക്കാലങ്ങളിൽ ഇവിടെ അധികദിവസവും ഊളാൻ പുക കാണപ്പെടാറുണ്ട്. ശക്തമായി മഴ ലഭിക്കുന്നുണ്ടെങ്കിലും ജനുവരി ഫെബ്രുവരി മാസങ്ങളിൽ കഠിനമായ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിലങ്ങോളമിങ്ങോളമുള്ളത്. പഴയ കാലങ്ങളെ അപേക്ഷിച്ച് തണുപ്പ് കുറവാണെങ്കിലും ഡിസംബർ ജനുവരി മാസങ്ങളിൽ തണുപ്പ് അനുഭവപ്പെടുന്നു. ഇടവപ്പാതിയും തുലാവർഷവും കിട്ടാറുണ്ടെങ്കിലും, അടുത്ത ചില വർഷങ്ങളിലായി ക്രമം തെറ്റിയ രീതിയിലാണ് മഴപെയ്യുന്നത്. തുലാവർഷത്തേക്കാൾ ഇടവപ്പാതി ശക്തമാണ്. മഴയില്ലാത്ത കാലത്തെല്ലാം പൊതുവെ അസഹ്യമായ ചൂട് അനുഭവപ്പെടുന്നുണ്ടെങ്കിലും ഏപ്രിൽ മെയ്മാസങ്ങളിൽ അത് ഉച്ചകോടിയിലെത്തുന്നു.

താരതമ്യേന നല്ല മഴലഭിക്കുന്ന വാഴ മലയിൽ ആയിരംതണ്ണി എന്ന വറ്റാക്കുളമുണ്ട്. പഞ്ചായത്തിന്റെ അതിർത്തിയിലൂടെയും പഞ്ചായത്ത് പ്രദേശത്തും കൂടി ഒഴുകുന്ന തോടുകളും പുഴയും ഉണ്ടെങ്കിലും സമർത്ഥമായ ജലസംരക്ഷണ പ്രവർത്തനങ്ങളില്ലാത്തതിനാൽ ജലദൗർലഭ്യം രൂക്ഷമാണ്. കടവത്തൂർ, കല്ലിക്കണ്ടി, പൊയിലൂർ പ്രദേശങ്ങളിൽ കുളങ്ങൾ ഉണ്ടെങ്കിലും പൊയിലൂർ കുളം ഉപയോഗശൂന്യമാണ്. നഞ്ഞുകലക്കി മത്സ്യം പിടിക്കൽ, പുഴയിലേക്ക് മാലിന്യങ്ങൾ ഉപേക്ഷിക്കുന്നത് തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ട്. പഞ്ചായത്ത് അതിർത്തിയിലുള്ള പുഴയിൽ നിന്ന് മണൽ വരുന്നത് കടവത്തൂർ ഭാഗത്ത് പുഴയോരം ഇടിയാൻ കാരണമാകുന്നുണ്ട്. പാത്തിക്കൽ മലയിലെ പാറഖനനം കാരണം റോഡ് ഇടിയുകയും അതുവഴി ഒഴുകുന്ന നീർച്ചാലുകളിൽ യന്ത്രമാലിന്യങ്ങൾ കലർന്ന് കുടിവെള്ളം മലിനമാവുകയും കൃഷിഭൂമി ഉപയോഗശൂന്യമാവുകയും ചെയ്യുന്ന പ്രശ്നം ഭീതി ഉണ്ടാക്കുന്നുണ്ട്.

പാറ, വെട്ടുകല്ല്, ചെമ്മണ്ണ്, കരിമണ്ണ് എന്നിങ്ങനായാണ് നമ്മുടെ പഞ്ചായത്തിലെ മൺതരം. കുന്നിൻ പ്രദേശങ്ങളിൽ പാറയും വെട്ടുകല്ലും കലർന്ന ചെമ്മണ്ണാണ് കാണപ്പെടുന്നത്. ഈ പ്രദേശത്ത് ഫലപ്രദമായ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം മണ്ണൊലിപ്പിന് കാരണമാകുന്നുണ്ട്.


പഞ്ചായത്തിലെ മുഖ്യവിള തെങ്ങാണ്. തരിശുഭൂമി പൊതുവെ കുറവാണ്. റബ്ബർ, കമുങ്ങ്,

കുരുമുളക്, കശുമാവ്, വാഴ, കപ്പ, ഇഞ്ചി, ഈന്ത്, മഞ്ഞൾ, നെല്ല് എന്നീ വിളകളും കാണപ്പെടുന്നു. ജലസേചനക്കുറവ്, രോഗങ്ങൾ എന്നിവ നെല്ലിനേയും തെങ്ങിനേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. തേക്ക്, പ്ലാവ്, പുളി, നെല്ലി, മാവ്, പേര തുടങ്ങിയവ ഇവിടെ സാധാരണ കാണപ്പെടുന്നു. പുരയിടങ്ങളിൽ മിക്ക കൃഷികളും ഇടകലർന്നു കാണപ്പെടുന്ന കേരളത്തിന്റെ പൊതുസ്വഭാവം ഇവിടെയും ദൃശ്യമാണ്.

ജനങ്ങളിൽ കൂടുതലും കർഷകത്തൊഴിലാളികളാണെങ്കിലും, ഗൾഫ്, ബാംഗ്ലൂർ, മൈസൂർ, ചെന്നൈ, മുംബൈ, കോയമ്പത്തൂർ തുടങ്ങിയ വിദേശ-പരദേശങ്ങളിൽ ജോലിചെയ്യുന്നവരും, സാമ്പത്തികമായി മധ്യവർഗത്തിലും ഉപരിവർഗത്തിലും ഉള്ളവരാണ്. കർഷകത്തൊഴിലാളികൾ അധികവും കൂലിവേലക്കാരും സ്വന്തമായുള്ള ഭൂമിയിൽ കൃഷിചെയ്തു ജീവിക്കുന്നവരുമാണ്. പഞ്ചായത്തിന്റെ പൊതുവിദ്യാഭ്യാസനിലവാരം എസ്.എസ്.എൽ.സി. ആണെന്നു പറയാം. കാർഷികവൃത്തിയിൽ നിന്ന് കെട്ടിടനിർമ്മാണരംഗത്തേക്ക് തൊഴിലാളികളുടെ ഒഴുക്ക് ഉണ്ടായിട്ടുണ്ട്. തൊഴിൽ തേടി കേരളത്തിനുള്ളിൽ നിന്നും പുറത്തുനിന്നും പലരും ഇവിടെ എത്തിയിട്ടുണ്ട്. മരപ്പണി, കല്ലുവെട്ട്, കളള്ചെത്ത്, കരിങ്കല്ലൽപ്പണി എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരാണിവരിൽ കൂടുതലും. അഭ്യസ്ഥവിദ്യരായവരും സാങ്കേതിക പരിജ്ഞാനമുള്ളവരും ഈ പഞ്ചായത്തിൽ ധാരാളമുണ്ടെങ്കിലും അവരുടെ ക്രയശേഷി വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. തൊഴിലന്വേഷകരായിട്ടുള്ള അഭ്യസ്ഥവിദ്യർ ധാരാളമുണ്ടിവിടെ.

മേൽപ്പറഞ്ഞ സാധ്യതകളും പരിമിതികളും വിലയിരുത്തിക്കൊണ്ട്, നമ്മുടെ പഞ്ചായത്തിന്റെ വികസനപരിപാടിയിൽ സമൂഹാധിഷ്ഠിതമായ വീക്ഷണത്തോടെ പുതിയ മുന്നേറ്റങ്ങൾ സൃഷ്ടിക്കാൻ ജനകീയസൂത്രണ പരിപാടിക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.





കൃഷിയും ജലസേചനവും

കേരളത്തിന്റെ ഭൂപ്രകൃതിയിൽ തീരപ്രദേശത്തുനിന്നും വളരെയകന്ന് ഉയർന്ന കുന്നുകളും ചരിവുകളും നീണ്ടുപരന്ന സമതലങ്ങളോടും കൂടിയ ഒരു പഞ്ചായത്താണ് തൃപ്രങ്ങോട്ടൂർ. പഞ്ചായത്തിന്റെ വിസ്തൃതി 3239.43 ഹെക്ടർ ആണ്. പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ള വാഴമല നരിക്കോട് മലകളിൽ നിന്നുത്ഭവിക്കുന്ന രണ്ടു പുഴകൾ പഞ്ചായത്തിന്റെ വടക്ക് തെക്ക് പടിഞ്ഞാറ് അതിരുകളാണ്. പഞ്ചായത്തിന്റെ മുഴവനും ഭൂപ്രദേശങ്ങളും ഭൂടമകളുടെ കൈവശമായിരുന്നു. കിഴക്കൻ പ്രദേശങ്ങൾ പനോളി കെട്ടിലമ്മയുടെയും, പൊയിലൂർ ഇല്ലത്ത് നമ്പൂതിരിയുടെയും ജമ്മമായിരുന്നു. എന്നാൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ ഭൂരിഭാഗവും മേനപ്രം ദേവസ്വത്തിൽപ്പെട്ടതായിരുന്നു. കുറച്ചുപ്രദേശങ്ങൾ നെല്ലാച്ചേരി കോമത്ത് തറവാട്ടുകാരുടെ ജമ്മത്തിൽപ്പെട്ടതായിരുന്നു. ഭൂപരിഷ്ക്കരണനിയമം വരികയും കൃഷിഭൂമി കൃഷിക്കാർക്ക് സിദ്ധിക്കുകയും ചെയ്തു. അതോടൊപ്പം ഭൂമി തുണ്ടുകളായി മാറിയതോടെ കൃഷിക്കാരന് ഇഷ്ടമുള്ള കൃഷികളും കൃഷിരീതികളും തുടങ്ങി.

സമതലങ്ങളിലുള്ള വയലുകളിൽ ഒന്നും രണ്ടും മൂന്നും വിളകൾ എടുക്കുന്ന വയലുകൾ ഉണ്ടായിരുന്നു. നെൽകൃഷി കഴിഞ്ഞുവരുന്ന ഇടവേളകളിൽ പയർ, പച്ചക്കറി, മുതിര തുടങ്ങിയ കൃഷികൾ പണ്ട് കാലത്ത് നടത്തിയിരുന്നു. 90% ജനങ്ങളും കർഷകരോ കർഷകതൊഴിലാളികളോ ആയിരുന്നു. കർഷക കർഷക തൊഴിലാളി ബന്ധം വളരെ നല്ല നിലയിലായിരുന്നു. കിഴക്കുള്ള മലമുകളിൽ ചാമ, മുത്താറി, തിന, ചോളം എന്നിവ കൃഷി ചെയ്തിരുന്നു. കൃഷിയിടങ്ങളിൽ ജലസേചനസൗകര്യത്തിനായി തോടുകളുടെ ഗതിമാറ്റി നടകൾ കെട്ടി, ഓരോ പ്രദേശങ്ങളിലും പ്രാചീനരീതിയിലുള്ളതും എന്നാൽ ഉറപ്പുള്ളതുമായ തടയണകൾ കെട്ടി ചാലുകൾ കീറി വെള്ളത്തെ തിരിച്ചുവിടുന്ന സമ്പ്രദായം എല്ലാ ഭാഗത്തുമുണ്ടായിരുന്നു. തരിശായി കൃഷിഭൂമി നിർത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. വളരെ അകലങ്ങളിൽ മാത്രമേ തെങ്ങിൻ തൈകൾ നട്ടിരുന്നുള്ളു. കൃഷിയിടങ്ങളിൽ കർക്കിടക കൊത്ത്, തുലാകൊത്ത് എന്നിങ്ങനെ അറിയപ്പെടുന്ന, രണ്ടു പ്രാവശ്യം പറമ്പ് കിളക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നുള്ളു. കർഷകർക്ക് അന്ന് സമൂഹത്തിൽ മാന്യതയുണ്ടായിരുന്നുള്ളു. ജന്മിമാരെ ബഹുമാനിക്കുക എന്ന സമ്പ്രദായം അന്ന് നിലവിലുണ്ടായിരുന്നു. ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം തെങ്ങിൻകൃഷിയായിരുന്നു. തെങ്ങിൻ കള്ളിൽനിന്ന് ചക്കര ഉൽപ്പാദിപ്പിക്കുന്ന രീതി പണ്ട് ഉണ്ടായിരുന്നു. അടുത്തകാലംവരെ, പ്രധാനമായും പച്ചക്കറിവിളകൾ കളവ് പോവുന്നത് തടയാനായി വിളകൾ ഉല്പാദിപ്പിക്കുന്ന സ്ഥലത്ത് 'തോല് കെട്ടുകട എന്ന സമ്പ്രദായം ഉണ്ടായിരുന്നു. തോല് കെട്ടിയ ആൾക്കോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ആൾക്കോ മാത്രമേ തോല് അഴിച്ചെടുക്കാൻ പാടുള്ളു. അനധികൃതമായ് ആരെങ്കിലും തോല് അഴിച്ചെടുത്തോ അഴിക്കാതെയോ വിളകൾ പറിച്ചെടുത്താൽ മുണ്ടിനീർവീക്കം വരുമെന്ന വിശ്വാസമാണ് ഇതിന്റെ പിന്നിലുള്ളത്.

3.2 വിളവിസ്തീർണ്ണവും ഉല്പാദനവും (Ref. അടിസ്ഥാനവിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത kg/ha
നെല്ല് (ഒന്നാംവിള)	52 ha	96445 kg	2400
നെല്ല് (രണ്ടാംവിള)		62700	1900
നെല്ല് (മൂന്നാംവിള)	21/2 ha	1500 kg	275
പയർ	10ha	2750 kg	275
പച്ചക്കറികൾ	4.5 ha	14695	3265 kg
തെങ്ങ്	1685 ha	75.825	45

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത kg/ha
വാഴ	55 ha	1320 ton	2400 kg
മരച്ചീനി	8ha	114 ton	14300 kg
കുരുമുളക്	105 ha	325 ton	3100 kg
പ്ലാവ്	5 ha	5500 no.	1108 no.
കശുമാവ്	35 ha	196 ton	5600 ha
മാവ്	1 ha	2100 kg	2100 kg/ha
റബ്ബർ	427 ha	277550	650 kg/ha
കവുങ്ങ്	75 ha	11250 ton	150 kg
ഇഞ്ചി	1.0 ha	1500 kg	1500 kg

കാർഷിക പ്രാധാന്യത്തെയടിസ്ഥാനമാക്കി തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട അഞ്ചു വിളകൾ എടുത്താൽ അവ ഇങ്ങനെ ക്രമീകരിക്കാനാവുന്നതാണ്. 52 haസ്ഥലത്ത് നെല്ലും, 1685 ha സ്ഥലത്ത് തെങ്ങും 75 ha സ്ഥലത്ത് കവുങ്ങും, 105 ha സ്ഥലത്ത് കുരുമുളകും 427 ha സ്ഥലത്ത് റബ്ബറും കൃഷിചെയ്യുന്നു. കൂടാതെ മാവ്, പ്ലാവ്, കശുമാവ് എന്നിവയും ഇടവിളയായി പച്ചക്കറി, മഞ്ഞൾ, ഇഞ്ചി, ചേമ്പ്, ചേന, കാച്ചിൽ, പയർ, മരച്ചീനി തുടങ്ങിവയും നാമമാത്രമായി കൃഷിചെയ്യുന്നു. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളും കൃഷിയോഗ്യമാണ്. കൃഷി മുഖ്യതൊഴിലായി സ്വീകരിക്കുന്നതിന് ആൾക്കാർ കാണിക്കുന്ന വിമുഖത, ഗൾഫ് മേഖലയുടെ സ്വാധീനം ബിസിനസ്സ് സംസ്കാരം വിദഗ്ധ തൊഴിലാളികളുടെ അപര്യാപ്തത, കൃഷി ഭൂമി പാർപ്പിടമാക്കി മാറ്റുന്നത്. അടുത്തടുത്ത് തെങ്ങിൻതൈകൾ നട്ട് തെങ്ങിന്റെയെണ്ണം വർദ്ധിപ്പിക്കുന്നത്. ജലസ്രോതസ്സുകളുടെ അഭാവം, വർദ്ധിച്ചു വരുന്ന കീടരോഗബാധകൾ, ജൈവവള ദൗർല്ലഭ്യത, കൂലിവർദ്ധനവ്, വളത്തിന്റെ വിലക്കൂടുതൽ ഇവയെല്ലാം കൃഷിയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു.

എന്നിരുന്നാലും ഇന്നത്തെ ഈ അവസ്ഥ പരിഹരിക്കുന്നതിന് ധാരാളം പ്രതിവിധികൾ ഉണ്ട്. കാർഷികവിളവുകൾ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പരിപാടികൾ ആസൂത്രണം ചെയ്യുക.

1. ബോധവൽക്കരണം
2. കർഷകന് അംഗീകാരവും പരിരക്ഷയും
3. വിളകൾക്ക് ഇൻഷൂറൻസ്
4. കാർഷികമേഖലയിൽ യന്ത്രവത്ക്കരണം
5. നെൽവയലുകൾ നികത്തുന്നത് നിലവിലുള്ള നിയമംവെച്ച് കർശനമായി തടയുക.
6. നീർമറി പ്രദേശമായി പ്രഖ്യാപിക്കുക.
7. ചെന്നീരൊലിപ്പും കുമ്പുചീയൽ, മച്ചിങ്ങ പൊഴിച്ചൽ എന്നീ രോഗങ്ങൾക്കെതിരെ മരുന്നു തളിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം സുഗമമാക്കുക.
8. സ്ഥലപരിധിനോക്കാതെ ജലസേചന സൗകര്യത്തിനായുള്ള സബ്സിഡികൾ കാർഷികലോണുകൾ എന്നിവ ഉദാരമാക്കുക.
9. നടീൽ വസ്തുക്കൾ യഥാസമയത്ത് കർഷകർക്കെത്തിക്കുക.
10. പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷികൾക്കുണ്ടാവുന്ന നാശനഷ്ടങ്ങൾ പരിശോധിച്ച് യഥാസമയം കർഷകർക്ക് ദുരിതാശ്വാസമെത്തിക്കുക.

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
3.4 നടീൽ വസ്തുവിതരണം

ഇനം	എണ്ണം 1993-94	1994-95	1995-96
തെങ്ങ്	446	777	600
കശുമാവ്	-	3280	720
കുരുമുളക്	10000	3500	5000
കവുങ്ങ്	100	100	100
Paddy	570	440	410
Vegetable	15 kg	5 kg	5 kg
Fruit Plants	250	100	100
Pulses	200kg	300 kg	200 kg

നെല്ല്

തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ നെൽകൃഷിയുടെ അവസ്ഥ വളരെ ശോചനീയമാണ് ഓഫീസിൽനിന്നും ലഭ്യമായ കണക്കുകളാണ് താഴെ കൊടുക്കുന്നത്.

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ)					ഉടമസ്ഥരുടെ എണ്ണം						
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനു മേൽ
1	2	3	4	5	6	7	8	9	10	11	12	13
തൃപ്രങ്ങോട്ടൂർ	4047	3788	188	-	8023	4000	3000	2500	1700	850	250	-
ആകെ	4047	3786	188	-	8023	4000	3000	2500	1700	850	250	-

വില്ലേജോഫീസിൽനിന്നും കിട്ടിയ കൃഷിവിവരപ്പട്ടികയും തൃപ്രങ്ങോട്ടൂർ കൃഷിഭവനിൽനിന്നും ലഭിച്ച നെൽകൃഷിയെ സംബന്ധിച്ച വിവരങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻമേഖലയായ സെൻട്രൽ പൊയിലൂർ, വടക്കെ പൊയിലൂർ, വിളക്കോട്ടൂർ ഭാഗത്തു മാത്രമേ കാര്യമായ നെൽകൃഷിയുള്ളു. എന്നാൽ മൂന്നാംവിള എടുക്കാൻ പറ്റിയ സൗകര്യമുണ്ടായിട്ടും ആ പ്രദേശങ്ങളിൽ കൃഷിചെയ്യാതെ തരിശായി നിർത്തുകയും മണ്ണിട്ട് നികത്തി കുനിപറമ്പുകളാക്കി മാറ്റുന്ന പ്രവണതയാണ് പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയായ കടവത്തൂരിൽ കാണുന്നത്. മൊത്തം 52 ഹെക്ടർ സ്ഥലത്ത് ഒന്നാംവിളയും 33 ഹെക്ടർ സ്ഥലത്ത് രണ്ടാംവിളയും 21/2 ഹെക്ടർ സ്ഥലത്ത് മൂന്നാംവിളയും നെൽകൃഷിചെയ്യുന്നുണ്ട്. പണ്ടുകാലത്ത് പ്രതിരോധശക്തി

യുള്ള നെല്ലിനങ്ങളായിരുന്നു കൃഷിചെയ്തിരുന്നത്. ഉദാ:- കുറുകയമ, വിലയകയമ, ചീറ്റേനി, കറുത്ത ചിറ്റേനി, രാജകയമ, തവളക്കണ്ണൻ, കീരിപ്പാല, തൊണ്ണൂറാൻ, ആനക്കോടൻ, മലയൊടമ്പൻ, വടക്കൻ, പള്ളിയാറൽ, കമുകിൻപൂത്തട്ട്. കുന്നിൻ മുകളിൽ പുനം കൃഷിയും കരകളിൽ കരകൃഷിയും നടത്തിയിരുന്നു. പുനം കൃഷിയൊരുക്കുന്നതിനായി പ്രദേശങ്ങൾ തീകത്തിച്ച് നിലം ഒരുക്കുന്ന സമ്പ്രദയം പണ്ടുകാണാമായിരുന്നു. നെൽകൃഷിക്ക് ജൈവവളങ്ങൾ മാത്രമേ അന്ന് ഉപയോഗിച്ചിരുന്നുള്ളു. മിക്ക കൃഷിക്കാരൻറ വീടുകളിലും ഉഴവ് കാളകളുണ്ടായിരുന്നു. മുറമുപയോഗിച്ച് നെൽകൃഷിയിൽനിന്നും കീടങ്ങളെ വീതെടുക്കുന്ന രീതിയാണ് അന്ന് അവലംബിച്ചിരുന്നത്. പ്രകൃതിയെ പൂർണ്ണമായും ആശ്രയിച്ചുള്ള കൃഷിരീതി ആയിരുന്നു അക്കാലത്തുണ്ടായിരുന്നത്. കുളങ്ങളും, തോടുകളും, ചെറിയ കുണ്ടുകളും ധാരാളമുണ്ടായിരുന്നു.

ഏകദേശം 70% വയലുകളും മണ്ണിട്ട് നികത്തി കുനിപറമ്പുകളാക്കി മാറ്റി കെട്ടിടനിർമ്മാണത്തിനായി ഉപയോഗിച്ചു വരുന്നു.

1. വർദ്ധിച്ചുവരുന്ന കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ
2. നെൽകൃഷിയുടെ ഭാരിച്ച ഉല്പാദനച്ചിലവ്
3. വൈറ്റ്കോളർ സംസ്കാരം
4. കർഷകതൊഴിലാളികളുടെ അഭാവം
5. പാടശേഖരങ്ങളുടെ നടുക്കുവരുന്ന കുനിപ്പറമ്പുകൾ
6. ജലദൗർലഭ്യം
7. പ്രകൃതിക്ഷോഭം കീടശല്യം എന്നിവകൊണ്ടുള്ള കൃഷിനാശങ്ങൾ.

ഇവയൊക്കെയാണ് നെൽക്കൃഷിയെ സംബന്ധിച്ച പ്രധാന പ്രശ്നങ്ങൾ. മൂന്ന് പാടശേഖരസമിതികൾ ഈ പഞ്ചായത്തിലുണ്ട്.

പട്ടിക
പാടശേഖര സമിതിയുടെ വിശദവിവരം

ക്രമ നമ്പർ	പേര്	നെൽവയൽ വിസ്തീർണ്ണം	കർഷകരുടെ എണ്ണം	കൈവശമുള്ള യന്ത്രസമാഗ്രികളുടെ എണ്ണം	എണ്ണം
1	വിളക്കോട്ടൂർ പാടശേഖരസമിതി	14 ഹെക്ടർ	52	ട്രില്ലർ, നാടൻ കലപ്പ	1 15
2	വടക്കെ - പൊയിലൂർ, പാടശേഖരസമിതി	15 ഹെക്ടർ	78	റോക്ക് സ്പ്രെയർ, നാപ്സ്റ്റക് സ്പ്രെയർ	41 15
3	സെൻട്രൽ പൊയിലൂർ പാടശേഖര സമിതി	16 ഹെക്ടർ	45	ഷോട്ടബാർ പമ്പ്സെറ്റ്	132

നെൽവയലുകൾ നികത്തി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് നിയന്ത്രിക്കണം. കൃഷി ലാഭകരമല്ല എന്ന ധാരണ കർഷകരിൽനിന്ന് മാറ്റി അവർക്കുവേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും കൊടുക്കണം. കൃഷി ഒരു താഴ്ന്ന ജോലിയാണെന്നുള്ള ധാരണ മാറ്റുന്നതിന് ബോധവൽക്കരണം നടത്തണം. കൃഷിച്ചെലവ് കുറക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. കൂട്ടുകൃഷി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുക. ഗുണമേന്മയും പ്രതിരോധശക്തിയുള്ള നെൽവിത്തുകൾ വിതരണം ചെയ്യുക, കൃഷിഭവൻ മുഖേന കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുക, പ്രധാന നെൽപ്പാടങ്ങൾ ഉള്ള സ്ഥലത്ത് പുഴയിൽ അണക്കെട്ടുകൾ കെട്ടി ജലസേചനം നടത്താനുള്ള സൗകര്യങ്ങൾ ചെയ്യുക. തരിശായി കിടക്കുന്ന നെൽവയലുകളിൽ കൃഷിചെയ്യുന്നതിന് കർഷകരെ

പ്രോത്സാഹിപ്പിക്കുക, നെൽകൃഷിക്കാർക്കുള്ള സാമ്പത്തികസഹായം വർദ്ധിപ്പിക്കുക, കടവത്തൂർ പ്രദേശത്ത് പാടശേകഖരസമിതി രൂപീകരിക്കുക. പൊട്ടിപൊളിഞ്ഞുകിടക്കുന്ന പനോളിൽ താഴെയുള്ള അണകെട്ട് മാറ്റി തൊട്ടുതാഴെയുള്ള ജീർണ്ണിച്ച പഴയകെട്ട് പുനഃസ്ഥാപിച്ചാൽ ഏകദേശം 50 ഏക്കർ സ്ഥലത്ത് രണ്ടാം വിള കൃഷിചെയ്യാം.

വിളക്കോട്ടൂർ കഴക്കുംമുറി ഭാഗത്ത് കിഴക്കുംമുറിതോട്ടിൽ അണകെട്ടിയാൽ ആ പ്രദേശത്തുള്ള സുമാർ നൂറ് ഏക്കർ സ്ഥലത്ത് രണ്ടാം വിളയെടുക്കാൻ കഴിയും. പൊയിലൂർ മഠപ്പുര പ്രദേശത്ത് മേലെ പെരുവം വയലിലുള്ള തോടിന് അണകെട്ടി കൈത്തോടിലൂടെ വെള്ളം തിരിച്ചുവിട്ടാൽ 25 ഏക്കർ സ്ഥലത്ത് രണ്ടാംവിളയെടുക്കാൻ കഴിയും. കടവത്തൂരിൽ കൂടിപോകുന്ന പഴശ്ശികനാൽ പദ്ധതി പൂർത്തീകരിച്ചാൽ 25 ഏക്കർ നെൽവയലിൽ രണ്ടാംവിള നെൽകൃഷി ചെയ്യാൻ പറ്റും.

തെങ്ങ്കൃഷി

തെങ്ങ്	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽട്ട്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിങ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10
1685 ha	91265	152160	243425	-	-	150	35	-	-

50 വർഷങ്ങൾക്കു മുമ്പ് കരപ്രദേശങ്ങളിൽ മാത്രമേ തെങ്ങ് കൃഷി നടത്തിയിരുന്നുള്ളു. ഒരു ഏക്കറിൽ 60 തെങ്ങ് എന്ന ക്രമത്തിലാണ് തെങ്ങിൻതൈകൾ നട്ടിരുന്നത്. കൂടുതൽ വിളവ് ലഭിക്കുന്നതും, കൂടുതൽ കാലം വിളവു തരുന്നതും നാളികേരത്തിന് നല്ല തൂക്കം കിട്ടുന്നതുമായ തെങ്ങിനങ്ങളായിരുന്നു മിക്കതും. വടകര മാർക്കറ്റിൽ എത്തുന്ന ഏറ്റവും നല്ല കൊപ്ര ഉണ്ട ഈ പ്രദേശത്തുനിന്നും എത്തുന്നവയാണ്. പ്രധാന വിപണനകേന്ദ്രം വടകരയാണ്. തേങ്ങ ഉണക്കി കൊപ്രയാക്കിയും ഉണ്ടയാക്കിയും വടകരമാർക്കറ്റിൽ കാളവണ്ടി മാർഗ്ഗവും തോണിമാർഗ്ഗവും ചുമട്ട് വഴിയും എത്തിച്ചിരുന്നു. 5 തെങ്ങെങ്കിലും ഇല്ലാത്ത കർഷകർ ഈ പഞ്ചായത്തിൽ വിരളമാണ്. 25 വർഷത്തിനിപ്പുറം തെങ്ങുകൃഷി വ്യാപിച്ചിട്ടുണ്ടെങ്കിലും സ്ഥിതി തൃപ്തികരമല്ല.

തെങ്ങുകൃഷിക്ക് ഏറ്റവും പറ്റിയ ഫലഭൂയിഷ്ഠമായ മണ്ണാണ് ഈ പ്രദേശത്തിലുള്ളത്. തേങ്ങയുടെ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ ത്വരിതഗതിയിൽ നടപ്പാക്കേണ്ടിയിരിക്കുന്നു. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ എല്ലാ പറമ്പുകളിലും മണ്ണു പരിശോധന നടത്തി കർഷകർക്ക് വേണ്ട പരിഹാര നിർദ്ദേശങ്ങൾ നടത്തുക. മണ്ണിന്റെ ജലാഗിരണശേഷി വർദ്ധിപ്പിക്കുന്നതിനും വേനൽക്കാലത്ത് മണ്ണിന്റെ ഈർപ്പം നിലനിർത്തുന്നതിനാവശ്യമായ കൃഷിരീതികളെപറ്റി കർഷകന്മാരെ ബോധവനാന്മാരാക്കുക. കീടനാശിനികൾ ഉപയോഗിക്കേണ്ട രീതി അവ തളിക്കേണ്ട ക്രമം പറമ്പുകളിൽ യഥാസമയങ്ങളിൽ നടത്തേണ്ട കൃഷിപ്പണികൾ, പുതയിടൻ സമ്പ്രദായം ഇവയെപ്പറ്റിയെല്ലാം കർഷകന്മാർക്ക് ബോധവൽക്കരണം നടത്തുക. തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ കർഷകർക്ക് വേണ്ട തെങ്ങിൻതൈകൾ ഈ പഞ്ചായത്തിൻനിന്ന് ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള യൂനിറ്റ് പഞ്ചായത്തിൽ തുടങ്ങുക, പഞ്ചായത്തുടമയിൽ കൊപ്ര ഡ്രയർ സ്ഥാപിക്കുക, കൊപ്ര വിപണന മാർക്കറ്റ് തുടങ്ങുക, എല്ലാ വാർഡുകളിലും കേരസംരക്ഷണസമിതിയുണ്ടാക്കുക, കൃഷിഭവനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർഷകസമ്പർക്ക പരിപാടി നടത്തി പരിഹാരനിർദ്ദേശങ്ങൾ കർഷകർക്ക് നൽകുക.

കവുങ്ങ് കൃഷി

കഴിഞ്ഞ പത്ത് വർഷത്തെ അപേക്ഷിച്ച് ഇന്ന് തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ കവുങ്ങ് കൃഷി വ്യാപകമായി വർദ്ധിച്ചിട്ടുണ്ട്. ചുരുങ്ങിയ കാർഷികച്ചെലവിൽ കൂടുതൽ വരുമാനം ഉണ്ടാക്കാവുന്നത് കൊണ്ടാണ് കർഷകർ കവുങ്ങ് കൃഷിയിൽ തൽപ്പരരാവുന്നത്. ഉൽപ്പാദനക്ഷമത കൂടുതലുള്ള മംഗള, സുമംഗള പോലെയുള്ള ഇനങ്ങൾ ഉണ്ടെങ്കിലും നാടൻ ഇനങ്ങളാണ് ഇവിടെ കർഷകർ ഉൽപ്പാദിപ്പിക്കുന്നത്. അടക്ക ഉണക്കി കൊട്ടടക്കയാക്കി വിപണിയിലെത്തിക്കുന്ന സമ്പ്രദായമാണ്

ഇവിടങ്ങളിൽ ഉള്ളത്. അടക്കയുടെ പ്രധാന വിപണി കൂത്തുപറമ്പ്, തലശ്ശേരി പ്രദേശങ്ങളായിരുന്നു. എന്നാൽ ഇന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അടക്കാ വിപണന കേന്ദ്രങ്ങളുണ്ട്. ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനത്തോളം വെറ്റില മുറുക്കാൻവേണ്ടി ഉപയോഗിക്കുന്നു.

മഹാളി, മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങൾ, സ്ഥലപരിമിതി വിദഗ്ധ തൊഴിലാളികളുടെ അഭാവം, ജലസേചന സൗകര്യക്കുറവ്, പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയവയാണ് പ്രധാന പ്രശ്നങ്ങൾ.

മഹാളി രോഗങ്ങൾ പിടിപെട്ട് നശിപ്പിക്കുന്ന കമുങ്ങുകൾക്ക് നഷ്ടപരിഹാരം നൽകുക. മഹാളിരോഗത്തിന് എതിരെയുള്ള പ്രതിരോധ നടപികൾ എടുക്കുക, ജലസേചന സൗകര്യം എത്തിക്കുക, ശാസ്ത്രീയരീതിയിൽ കൃഷിചെയ്യുന്നതിനായി കർഷകരെ ബോധവാന്മാരാക്കുക.

കുരുമുളക്

പ്രമുഖ നാണ്യവിളയായ കുരുമുളക്, പഞ്ചായത്തിലെ മിക്ക പുരയിടങ്ങളിലും വ്യാപകമായി കൃഷിചെയ്യുന്നു. തെങ്ങ്, നെല്ല് എന്നിവയെ മാറ്റി നിർത്തിയാൽ പഞ്ചായത്തിലുള്ള കർഷകർ മൂന്നാമതായി പ്രാധാന്യം കൊടുത്തത് കുരുമുളക് കൃഷിക്കാണ്. കുരുമുളക് വർഷങ്ങളോളം സൂക്ഷിക്കാവുന്ന ഔഷധഗുണമുള്ള വിളയാണ്.

വിപണന രംഗത്തുള്ള കുരുമുളകിന്റെ വിലയിലെ അസ്ഥിരതയും ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങളും താങ്ങുകാലുകളുടെ ലഭ്യതക്കുറവും ഈ കൃഷിയെ സാരമായി ബാധിച്ചു.

രോഗപ്രതിരോധശക്തിയുള്ളതും അത്യുൽപാദനശേഷിയുള്ളതുമായ കുരുമുളക്തൈകൾ വിതരണം ചെയ്യുക, ആവശ്യമായ വളങ്ങളും, കീടനാശിനികളും വേണ്ട സമയത്ത് കർഷകർക്ക് എത്തിക്കുക, ഒരു പ്രധാന നാണ്യവിള എന്ന് കണക്കിലെടുത്ത് കുരുമുളക് കൃഷിചെയ്യാൻ കർഷകരെ ബോധവാന്മാരാക്കുക.

വാഴ, മരച്ചീനി, പയർവർഗ്ഗങ്ങൾ

ഇരുപത്തഞ്ച് വർഷംമുമ്പ് തൃപ്രങ്ങോട്ടൂർ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വാഴ, മരച്ചീനി വ്യാപകമായി കൃഷിചെയ്തിരുന്നു. കൊയ്ത്തു കഴിഞ്ഞ വയലുകളിൽ പച്ചക്കറി ധാരാളമായി കൃഷിചെയ്തിരുന്നു. കൃഷിരംഗത്ത് പൊതുവെയുള്ള മരവിപ്പ് ഈ കൃഷിയെയും ബാധിച്ചു. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽനിന്ന് നേന്ത്രക്കുലകൾ ഉൽപ്പാദിപ്പിച്ച് മറ്റു പ്രദേശങ്ങളിൽ ധാരാളമായി ചുമടായിക്കൊണ്ടുവന്നു വിൽപന നടത്തിയിരുന്നു. കൂടാതെ അടുക്കൻ, കദളി, മൈസൂർ, വണ്ണൻ, തെക്കൻ കദളി, പൂവൻ, അടക്കാപൂവൻ തുടങ്ങിയ നാടൻഇനം വഴകളും കൃഷിചെയ്തിരുന്നു. പഞ്ചായത്തിലെ വാഴമല പേരുകൊണ്ടുതന്നെ പഴയകാലത്തെ വാഴകൃഷിയുടെ പ്രധാന കേന്ദ്രമായിരുന്നെന്ന് മനസ്സിലാക്കാമല്ലോ? കർഷകർ സ്വന്തം സ്ഥലത്തും കർഷകതൊഴിലാളികൾ വാരം കൊടുത്ത് സ്ഥലം വാങ്ങിയും വാഴകൃഷി നടത്തിപ്പോന്നിരുന്നു. സ്വന്തമായ സ്ഥലമില്ലായ്മ, പാട്ടത്തിന് സ്ഥലം ലഭ്യമല്ലാത്തത്, മാരകമായ രോഗങ്ങൾ (കുറുനാമ്പ്), രാസവളത്തിന്റെ വിലക്കയറ്റം, ജലദൗർലഭ്യത, വാഴക്കന്നുകൾ വേണ്ടത്ര ലഭിക്കായ്മ ഇവയാണ് വാഴകൃഷിയെ സംബന്ധിച്ച പ്രശ്നങ്ങൾ.

മരച്ചീനി, പയർവർഗ്ഗങ്ങൾ ഇവയെ സ്ഥലപരിമിതിയും കർഷകരുടെ താൽപര്യക്കുറവും പ്രധാന പ്രശ്നങ്ങളാണ്. എലിശല്യം മരച്ചീനി കൃഷിയെ സാരമായി ബാധിക്കുന്നു.

കൂടുതൽ ഉൽപാദനശേഷിയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യുക, സർക്കാറിന്റെ കൈവശമുള്ള പുറമ്പോക്ക് സ്ഥലങ്ങൾ കൃഷിചെയ്യുന്നതിന് കർഷകർക്ക് പതിച്ചുകൊടുക്കുക, വളത്തിന് സബ്സിഡി നൽകുക, 3 കൃഷികളെയും ഇൻഷൂർ പദ്ധതിയിൽ പെടുത്തുക. വാഴകൃഷിയെ ഒരു പ്രധാന വിള എന്ന തോതിലുള്ള പരിഗണന നൽകുക. വേണ്ടത്ര ജലസേചന സൗകര്യം നൽകുക.

കശുമാവ്: തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ വടക്കെ പൊയിലൂർ, സെൻറർ പൊയിലൂർ, വിളക്കോട്ടൂർ എന്നീ ഭാഗത്തും പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന മൂലംപറ്റ കുന്നിലും കാക്രോട്ട് കുന്നിലും വ്യാപകമായി കശുമാവ് കൃഷിയുണ്ട്. സമതലങ്ങളിൽ ഒറ്റപ്പെട്ട കശുമാവുകൾ പറമ്പുകളിൽ കാണാം.

തണ്ടുതുരപ്പൻ പുഴു, തേയിലക്കൊതുക്, വൃക്ഷങ്ങളിൽ കാണുന്ന ഇലവാട്ടം എന്നിവയാണ് പ്രധാന രോഗങ്ങൾ.

കർഷകർക്ക് രോഗത്തിനെതിരെ മരുന്ന് തളിക്കാനുള്ള എല്ലാ സഹായവും അതതത് സമയത്ത് എത്തിക്കുക. അത്യുൽപാദന ശേഷിയുള്ള കശുമാവിൻ തൈകൾ വിതരണം ചെയ്യുക. കശുവണ്ടി സംഭരണ കേന്ദ്രം തുടങ്ങുക, കശുമാങ്ങയിൽനിന്നും സ്ക്വാഷുകൾ നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യ കർഷകർക്ക് നൽകുക.

റബ്ബർ

പഞ്ചായത്തിലെ കിഴക്കൻ മേഖലയിലുള്ള മലമുകളിൽ വ്യാപകമായ റബ്ബർ കൃഷിയുണ്ട്. പട്ടമര വിപ്പാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. കീടനാശിനികൾ സൗജന്യമായി കർഷകർക്ക് നൽകണം.

സുഗന്ധവിള

ഇഞ്ചി, മഞ്ഞൾ എന്നിവ പണ്ടുകാലത്ത് എല്ലാ വീടുകളിലും, വ്യാപകമായി കൃഷിചെയ്തിരുന്നു. ഏലം, ഗ്രാമ്പൂ, ജാതി എന്നിവയുടെ വ്യാപകമായ കൃഷി ഇല്ല. ഇഞ്ചി, മഞ്ഞൾ കൃഷിയെ തെങ്ങിൻതോട്ടത്തിൽ ഇടവിളയായി കൃഷിചെയ്യാൻ കർഷകരെ പ്രേരിപ്പിക്കണം. മാവ്, പ്ലാവ് എന്നിവ എല്ലാ പറമ്പുകളിലും സുലഭമായി കാണുന്നുണ്ട്. പഴയ മാവിനങ്ങളെ നശിച്ചുപോവാതെ സൂക്ഷിക്കേണ്ടതാണ്. മാർക്കറ്റിൽ ഏറ്റവും പ്രിയം കൂടിവരുന്ന പൈനാപ്പിൾ കൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം നൽകണം.

ഔഷധസസ്യങ്ങൾ

ഈ രംഗത്ത് പഞ്ചായത്തിലെ കർഷകർ ഔഷധമാർക്കറ്റിൽ വിപണനം നടത്താൻ പറ്റി കൃഷി സമ്പ്രദായങ്ങൾ സ്വീകരിക്കുന്നില്ല. പ്രധാന വരുമാന മാർഗ്ഗമായ കൃഷി എന്ന നിലയിൽ കണ്ട് ഔഷധസസ്യങ്ങൾ കൃഷിചെയ്യാൻ പറ്റാവുന്ന എല്ലാ സഹായങ്ങളും കർഷകർക്ക് ചെയ്യണം.

കുറ്റിമുല്ല, മൾബറി

തൊഴിൽ സാദ്ധ്യതയുള്ള ഈ രണ്ട് കൃഷിയെയും കർഷകർക്ക് പരിചയപ്പെടുത്തി കൃഷിചെയ്യാൻ കർഷകരിൽ പ്രേരണ ചെലുത്തുക.

ജലസേചനം

ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയായ കടവത്തൂരിലെ ഒരു ചെറിയ പ്രദേശത്ത്കൂടി പഴശ്ശി പദ്ധതിയുടെ കനാലുകൾ കടന്ന്പോവുന്നുണ്ടെങ്കിലും കടവത്തൂർ പ്രദേശത്ത് ജലസേചനപരമായി ഒരു നേട്ടവും ഇല്ല.

പഞ്ചായത്തിന്റെ കിഴക്കൻ മലകളിൽ നിന്നുത്ഭവിച്ച് തെക്കും വടക്കും അതിരുകളിലൂടെ ഒഴുകി രണ്ടു പുഴകളും കൂടി പടിഞ്ഞാറൻ അതിർത്തിയിൽ സംഗമിക്കുന്നു. മൊത്തം ശേഖരണത്തിൽ നിന്നും ലഭിച്ചത് 156.056 ഹെക്ടർ.

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

6.1 പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോആയ ജലസേചനപദ്ധതികൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായവർഷം	എസ്റ്റിമേറ്റ് തുക lakh	ആയക്കെട്ട് വിസ്തീർണ്ണം (ഹെ)	മറ്റു വിവരങ്ങൾ
1	2	3	4	5	6	7
1.	VCB across the thodu in Kadavathur (Pandara Kandy)		1964	0.06	14.57	
2.	VCB across Muttummal thazha thodu		1973	0.40	9.38	
3.	VCB across Kottummal thazha thodu		1963	0.27	11.53	
4.	Ventep dam across Palathayi thodu		1963	0.11	27.00	

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
6.2 നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം (ഹെ)	എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽതുക	ലക്ഷ്യം
1	2	3	4	5
1.	Panol thazha thode VCB repair	-	2ലക്ഷം	
2.	Edavatta Pilakool cross bar repair	-	2 ലക്ഷം	
3.	Edavatta pilakool side protection	-	2 ലക്ഷം	
4.	Chakyoor kunnu puzha Jaladhaya side protection	44.88	2.35 ലക്ഷം	

(ഈ വർക്ക് ഇതുവരെ അതിന് ചുമതലപ്പെടുത്തിയ കമ്മറ്റി ഏറ്റെടുത്തിട്ടില്ല)

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
2.2. പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. പുറമ്പോക്ക് രജിസ്റ്റർ)

വില്ലേജിന്റെ പേര്	വിസ്തീർണ്ണം (ഏക്കറിൽ)									
	റോഡ്	തോട്	കുളം	പുഴ	റെയിൽവെ	റവന്യൂ	വനം	തോട്	ഊടുവഴി	ആകെ
1	2	3	4	5	6	7	8	9	10	11
തൃപ്രങ്ങോട്ടൂർ	27	8	-	113.47	-	-	101	8	0.49	188
ആകെ	27	8	-	113.47	-	-	101	8	0.49	188

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
3.4 ജലസേചന സംവിധാനങ്ങൾ

വാർഡ് നമ്പർ	പൊതുജലസേചന കിണർ	കുഴൽകിണർ	കുളം	ക്രോസ്ബാർ	ആയക്കെട്ട് ഹെക്ടർ
1	2	3	4	5	6
	5	3	6	5	

തൃപ്രങ്ങോട്ടൂർ പഞ്ചായത്ത് ദുരിതാശ്വാസവിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ള പ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾ പൊട്ടൽ		
1	2	3	4	5	6	7
1993-94					-	-
1994-95	35ha		35ha		113	28112
1995-96	6 ha		6 ha		12	9318

മുൻഗണന

ജലസേചന ദൗർലഭ്യം: പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കൃഷിവികസനത്തിന് വിഘാതമായ് നിൽക്കുന്നത് ജലദൗർലഭ്യമാണ്.

1. പഞ്ചായത്തിൽ കൂടി ഒഴുകന്ന പുഴകളിലും തോടുകളിലും തടയണകൾ കെട്ടി ജലത്തിന്റെ ഒഴുക്ക് കുറച്ച് ജലസമ്പത്ത് വർദ്ധിപ്പിക്കുക.

2. ഇന്ന് നിലവിലുള്ള അണക്കെട്ടുകളും ക്രോസ്ബാറുകളിലും ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി ഉപയോഗപ്രദമാക്കുക.

3. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ആവശ്യമായ സ്ഥലത്ത് കിണറുകളും കുളങ്ങളും കുഴിച്ച് ജലസമ്പത്ത് വർദ്ധിപ്പിക്കുക.

4. പുഴയെ മൂടിക്കിടക്കുന്ന കൈതോലകൾവെട്ടി പുഴയോരത്തെ സംരക്ഷിക്കുക.

5. പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴപ്പുറമ്പോക്ക് ഏറ്റെടുത്ത് കൃഷിക്കാർക്ക് പാട്ടത്തിന് കൊടുക്കുക.

6. മണ്ണൊലിപ്പ് തടയാനുള്ള സംവിധാനം ചെയ്യുക.

7. നെൽകൃഷി ചെയ്യുന്നതിന് നിലമുഴുകുന്നതിനായി ട്രില്ലറുകൾ പഞ്ചായത്ത് വാടകക്ക് നൽകുക.

8. പഞ്ചായത്തിൽ വളം ഡിപ്പോ സ്ഥാപിക്കുക.

9. ജൈവവളങ്ങൾ ഉണ്ടാക്കുന്നതിന് പ്രോൽസാഹനം നൽകുക.

10. പഞ്ചായത്തിലെ എല്ലാ പുരയിടങ്ങളിലെയും പറമ്പുകളിലെയും നിലങ്ങളിലെയും മണ്ണ് പരിശോധന നടത്തുക.

11. പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും കീടബാധകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് വിള, ഇൻഷൂറൻസ് നൽകുക.

12. സൗജന്യനിരക്കിൽ പണിയായുധങ്ങൾ നൽകുക.

13. കാർഷിക ആവശ്യത്തിനായ് വൈദ്യുതി നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുക.

14. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ആഴ്ച ചന്തകൾ തുടങ്ങുക.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

ചരിത്രപശ്ചാത്തലം:

തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ മൃഗസമ്പത്തിൽ ഏറിയപങ്കും കിഴക്കൻ മലയോരപ്രദേശങ്ങളിലാണ് ഉണ്ടായിരുന്നത്. കൃഷിയും മൃഗസംരക്ഷണവും പരസ്പരപൂരകമായ അവസ്ഥ ഈ പഞ്ചായത്തിലും പ്രതിഫലിച്ചുകാണാം. കാർഷികവൃത്തിയുടെ ഭാഗമായി മൃഗസംരക്ഷണവുമുള്ളതുകൊണ്ട്, പഴയകാലങ്ങളിൽ കൃഷിക്ക് ധാരാളമായി ജൈവവളങ്ങൾ ഉപയോഗിച്ചിരുന്നു. കാലിവളർത്തൽ പ്രധാന തൊഴിലായി സ്വീകരിച്ച നിരവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. കൂട്ടത്തിൽ പശുവളർത്തലിനായിരുന്നു പ്രാമുഖ്യം.

പഴയകാലങ്ങളിൽ കന്നുകാലികളെ സ്വതന്ത്രമായി മേയാൻ വിടുന്ന പതിവുണ്ടായിരുന്നു. വേലികളും 'എടോട്ടുകളും' തീർത്ത് കന്നുകാലികളിൽനിന്ന് വിള സംരക്ഷിക്കാൻ ശ്രദ്ധിച്ചിരുന്നു. 'ആനവാതിൽ' വഴി ജനങ്ങൾക്ക് കൃഷിയിടങ്ങളിലേക്ക് പോകാനും പറ്റും. ജനവാസം വളരെ കുറവായ പ്രദേശങ്ങൾ പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. ഇത് കന്നുകാലിക്കളുടെ മേച്ചിൽപ്രദേശങ്ങളായി ഉപയോഗപ്പെടുത്തിയിരുന്നു. ജനസംഖ്യ വർദ്ധിച്ചതോടെ ഈ പ്രദേശങ്ങളിലധികവും പുരയിടങ്ങളായി മാറി. കന്നുകാലികൾക്ക് വെള്ളം കുടിക്കുന്നതിന് പടവുകളോടുകൂടിയ കുളങ്ങളും കൊട്ടത്തളങ്ങളുള്ള കിണറുകളും പല ഭാഗങ്ങളിലായി കാണപ്പെട്ടിരുന്നു. പൊയിലൂരിലെ പുറക്കണ്ടം വയലിലും കച്ചേരി ഭാഗത്തും മേച്ചിൽ കഴിഞ്ഞ് കാലികൾ കൂട്ടമായി വിശ്രമിച്ചിരുന്നു. വിള നശിപ്പിക്കുന്ന കാലികളെ കച്ചേരി ആലയിൽ കെട്ടി ഉടമകളിൽനിന്ന് നഷ്ടപരിഹാരം ഈടാക്കുന്ന സമ്പ്രദായം പഴയകാലത്ത് ഉണ്ടായിരുന്നു.

ആടുമാടുകളെ 'പോറ്റാൻ' കൊടുക്കുന്ന ഒരു സമ്പ്രദായം പണ്ടുകാലങ്ങളിൽ വ്യാപകമായി നിലവിലുണ്ടായിരുന്നു. കാലികളെയും മറ്റും വിലകൊടുത്തുവാങ്ങാനുള്ള സാമ്പത്തിക ഭദ്രതയില്ലാത്തവരാണ് പ്രധാനമായും ഈ രീതിലേക്കു നീങ്ങുന്നത്. പ്രസ്തുതരീതി അനുസരിച്ച് ആദ്യപ്രസവത്തോടെ തള്ളയെയും കിടാവിനെയും ഉടമയ്ക്ക് തിരിച്ചുനൽകണം എന്നായിരുന്നു വ്യവസ്ഥ. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഫലപ്രദമായിരുന്ന ഈ രീതിക്ക് ഇന്ന് വേണ്ടത്ര പ്രചാരമില്ല. കന്നുകാലി വളർത്തലിനോടൊപ്പം കോഴിവളർത്തലും ഉപജീവനത്തിന്റെ ഭാഗമായി സ്വീകരിച്ചവർ ധാരാളമുണ്ടായിരുന്നു.

നിലം ഉഴുന്നതിനും വണ്ടി വലിക്കുന്നതിനും കാളകളെയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. പല ചരക്കുകൾ ഗ്രാമങ്ങളിലേക്ക് എത്തിക്കുന്നതും കാർഷികോൽപ്പന്നങ്ങൾ പട്ടണങ്ങളിലേക്ക് കൊണ്ടുപോകുന്നതും കാളവണ്ടിയിലാണ്. എന്നാൽ ആധുനിക ചരക്കുവണ്ടികളുടെയും ട്രില്ലറിന്റെയും രംഗപ്രവേശവും കാളകളുടെ സംരക്ഷണച്ചെലവ് കൂടുതലായതുകൊണ്ടും അവയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. എരുമവളർത്തലിൽ ഏർപ്പെട്ടവർ പഞ്ചായത്തിലില്ല.

നിലവിലുള്ള അവസ്ഥ

പഞ്ചായത്തിലെ കന്നുകാലി സമ്പത്തിൽ പകുതിയിലേറെയും അത്യുൽപാദനശേഷിയുള്ള സങ്കരഇനങ്ങളാണ്. പൊയിലൂരിലും കടവത്തൂരിലും മൃഗസംരക്ഷണവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.പി. സബ്സെൻറർ ഉണ്ട്. സബ്സെൻററിൽ ലൈവ് സ്റ്റോക്ക് അസിസ്റ്റൻറുമാരുടെ മുഴുവൻസമയ സേവനം ലഭിക്കുന്നില്ല. തെണ്ടപറമ്പിൽ അടുത്തകാലത്ത് ആരംഭിച്ച മൃഗാശുപത്രിയുടെ ബലാരിഷ്ടതകൾ നീങ്ങിയിട്ടുമില്ല. പനി, അകിടുവീക്കം, കുളമ്പുരോഗം തുടങ്ങിയ കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങൾക്ക് വിദഗ്ധ ചികിത്സയ്ക്കായി മറ്റിടങ്ങളിലേക്ക് പോകേണ്ടിവരുന്ന ഗതികേടാണുള്ളത്. ഏറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നത് നരിക്കോട്, വാഴമല പ്രദേശങ്ങളിലുള്ള കന്നുകാലി ഉടമകളാണ്.

കന്നുകാലികൾക്കാവശ്യമായ തീറ്റപുല്ലിന്റെ ചെറിയൊരു ഭാഗംമാത്രമേ പഞ്ചായത്തുകളിൽനിന്ന് ഉൽപാദിപ്പിക്കുന്നുള്ളു. വൈക്കോൽ പ്രധാനമായും വയനാട്ടിൽനിന്നും കർണാടകയിൽനിന്നും ഇറ

ക്കുമതി ചെയ്യുന്നു. തീറ്റയുടെ ദൗർലഭ്യവും ഭാരിച്ച ചെലവുമാണ് കന്നുകാലി വളർത്തലിലെ പ്രശ്നം.

തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ വളരെ വികസനസാധ്യതയുള്ളതും ധാരാളം തൊഴിൽസാധ്യത യുള്ളതുമായ മേഖലയാണ് ക്ഷീരവികസനം. പ്രതിദിനം 6150 ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്ന ഈ പഞ്ചായത്തിൽ പാലിന്റെ ആളോഹരി ഉപഭോഗം വളരെ കുറവാണ്. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ ഇവിടെ ഇല്ല. ബ്ലോക്കുതലത്തിൽ ക്ഷീരവികസന പ്രോത്സാഹന പദ്ധതികൾ പ ലതും ഉണ്ടെങ്കിലും വളരെ കുറഞ്ഞ സേവനങ്ങളെ അവയിൽനിന്നും ഈ പഞ്ചായത്തിന് ലഭി ക്കുന്നുള്ളൂ. മാത്രമല്ല ജനങ്ങൾക്ക് ഇത്തരം പദ്ധതികളെക്കുറിച്ചുള്ള അജ്ഞതകൊണ്ട് പാലുൽപാദ നവികസനത്തിനുള്ള പല സഹായങ്ങളും നഷ്ടപ്പെടുകയാണ് ചെയ്യാറ്. 'മിൽമ' മറ്റ് ക്ഷീരോൽപാ ദന സഹകരണ സംഘങ്ങൾ എന്നിവയിലൂടെയും ഇവിടേക്ക് പാൽ വിതരണം ചെയ്യപ്പെടുന്നുണ്ട്.

ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവയെ വളർത്തുന്ന യൂണിറ്റുകൾ ഇല്ല. ഇറച്ചിയുടെ ആവശ്യം ലഭ്യതയേക്കാൾ ഉപരിയാണ്. അതുകൊണ്ട് അന്യസംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യപ്പെ ടുന്നു.

കഴിഞ്ഞ കുറേ കാലത്തിനിടിയൽ പശു, കാള, ആട് തുടങ്ങിയ വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ സാരമായ കുറവ് വന്നിട്ടുണ്ട്. 1987 മുതൽ 1996 വരെയുള്ള കന്നുകാലി സെൻസസ് പ്രകാരമുള്ള തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ സ്ഥിതിവിവരക്കണക്ക് ഇക്കാര്യം ബോധ്യപ്പെടുത്തുന്നുണ്ട്. (പട്ടിക ഒന്ന്) എങ്കിലും നിലവിലുള്ള കന്നുകാലികളിൽ ഏറിയഭാഗവും അത്യുൽപാദനശേഷിയുള്ളവയാ ണ്.

പട്ടിക ഒന്ന്

1987ലെയും 1996ലെയും കന്നുകാലി സെൻസസ്		
ഇനം	1987	1996
കന്നുകാലികൾ	5740	4670
ആട്	845	984
പന്നി	2	15
എരുമ	-	-
കോഴി	6415	2350

പട്ടിക രണ്ട്

കൃത്രിമ ബീജസങ്കലന വിവരങ്ങൾ (പശു)		
1993-94	1994-95	1995-96
2012	1697	1678

പ്രശ്നങ്ങൾ

1. മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള ഔദ്യോഗിക സംവിധാനങ്ങളുടെ അപര്യാപ്തത
2. അർഹരായവർക്ക് ആവശ്യമായ സമയത്ത് ഗവൺമെൻറ് സഹായങ്ങൾ ലഭിക്കുന്നില്ല.
3. കാലി, കോഴി തീറ്റകൾ വില കൂടിയതും ഗുണമേന്മ കുറഞ്ഞതുമാണ്.
4. ആവശ്യമായ തീറ്റപ്പുൽ ലഭിക്കുന്നില്ല.
5. കോഴിവസന്ത രോഗവും മറ്റ് രോഗങ്ങൾ കാരണവും എല്ലാ വർഷങ്ങളിലും ധാരാളം കോ ഴികൾ ചത്തൊടുങ്ങുന്നു.

6. ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങൾ ഇല്ല.

7. ഉൽപാദനക്ഷമത ശരിക്കും ചൂഷണം ചെയ്യപ്പെടുന്നില്ല.

8. പേപ്പട്ടിശല്യം അനുഭവപ്പെടുന്നു. അലഞ്ഞ് തിരിയുന്ന ഉടമസ്ഥരില്ലാത്ത പട്ടികളുടെ ശല്യവും കൂടുതലാണ്.

9. നല്ലയിനം പശു, ആട്, വളർത്തുകോഴി എന്നിവയുടെ ദൗർബല്യം.

10. ബാങ്ക്ലോൺ അസൗകര്യം.

11. ക്ഷേമപദ്ധതികളുടെ അഭാവം.

സാധ്യതകൾ

1. അഭ്യസ്തവിദ്യരെ മൃഗസംരക്ഷണരംഗത്തേക്ക് കൊണ്ടുവന്ന് ശാസ്ത്രീയ പരിപാലനമുറകൾ ഉപയോഗിച്ച് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക.

2. നടപ്പുപദ്ധതികൾ അനർഹരെ ഒഴിവാക്കി, കൃത്യസമയത്ത് ഉപഭോക്താക്കളിൽ എത്തിക്കുക.

3. ഓരോ വാർഡിലും സ്വകാര്യ/സഹകരണ മേഖലകളിൽ ഇറച്ചിക്കോഴി വളർത്തു കേന്ദ്രം തുടങ്ങി സ്വയംപര്യാപ്തതയിലേക്കെത്താം.

4. തീറ്റപ്പുൽ ഇടവിളയായി കൃഷിചെയ്യുന്നത് സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുക.

5. പഞ്ചായത്തിൽ ആവശ്യമായ പാൽ, മുട്ട എന്നിവ ഇവിടെതന്നെ ഉൽപാദിപ്പിക്കാനും വിതരണംചെയ്യാനുമുള്ള സൗകര്യങ്ങൾ ഉണ്ടാവണം.

6. ജൈവവേലികൾ, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങൾ കൂടുതൽ പ്രചരിപ്പിക്കുക.

7. പച്ചപ്പുൽ സംഭരണ വിപണന കേന്ദ്രങ്ങൾ തുടങ്ങുക.

8. ആഴ്ചചന്തകൾ സംഘടിപ്പിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കി ഉൽപാദനക്ഷമതയുള്ളവ തെരഞ്ഞെടുക്കാനുള്ള അവസരം സൃഷ്ടിക്കുക.

9. വിജ്ഞാനവ്യാപാരം: കന്നുകാലി-ക്ഷീരവികസനത്തെക്കുറിച്ചും അവയുടെ പദ്ധതികൾ, സഹായങ്ങൾ എന്നിവയെക്കുറിച്ചും ക്ലാസുകളിലൂടെയും മറ്റും ജനങ്ങളെ ബോധവൽക്കരിക്കുക.

10. ക്ഷീരഭവൻ സ്ഥാപിക്കുക.

11. പാലിന്റെ ഗുണം നിയന്ത്രിക്കുന്നതിനുവേണ്ടി ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കുക.

12. സഹകരണസംഘങ്ങൾ മുഖേനയോ മറ്റോ പാൽ, പാലുൽപന്നങ്ങൾ എന്നിവയുടെ വിപണനസാധ്യത ഉറപ്പുവരുത്തുക.

13. വായ്പാപദ്ധതികൾ കൂടുതൽ വ്യാപകവും ഉദാരവുമാക്കുക.

14. നരിക്കോട് മലയിലും വിളക്കോട്ടൂരിലും ചെറ്റക്കണ്ടിയിലും ഓരോ ഐ.സി.ഡി.പി. സബ് സെൻറർ സ്ഥാപിക്കുക.

മത്സ്യബന്ധനം

പഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകുന്ന പുഴ, തോട്, സ്വകാര്യ കുളങ്ങൾ ഇത്രയുമാണ് പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ. ശുദ്ധജല മത്സ്യബന്ധന സാധ്യതകൾ ഈ ജലസ്രോതസ്സുമായി ബന്ധപ്പെട്ടിരിക്കുന്നു. തൊണ്ണൂറ്റി അഞ്ച് ശതമാനം ജനങ്ങളും മത്സ്യഭക്ഷണം ഇഷ്ടപ്പെടുന്നവരാണ്. തലശ്ശേരിയിൽനിന്നും വരുന്ന കടൽമത്സ്യമാണ് ഇവിടത്തുകാർ ഉപയോഗിക്കുന്നത്.

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയവർ ആരുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. മഴയുടെ ആരംഭത്തിലുള്ള 'ഏറ്റുമീൻ' പിടുത്തത്തിലൂടെയാണ് ഈ നാട്ടുകാർക്ക് പുഴമത്സ്യം കൂടുതലായി ലഭിക്കുന്നത്. മത്സ്യബന്ധനം വിനോദവും സംഘപ്രവർത്തനവുമാണ്.

ചൂണ്ടൽ, കോരുവല, ചവീട്ടുവല, മീൻകൂട് എന്നിവയാണ് സാധാരണ ഉപയോഗിക്കുന്ന മത്സ്യബന്ധനസാമഗ്രികൾ. മത്സ്യരോഗം വ്യാപകമായതോടുകൂടി കൈച്ചിൽ, കൊയല എന്നീ മീനുകൾ വംശനാശഭീഷണിയിലാണ്. നാടോടികളായി മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്നവർ മീനുകളെ

പിടിച്ച് വിപണനം നടത്തുന്നുണ്ട്. നഞ്ഞുകലക്കിയും തോട്ടപൊട്ടിച്ചുമുള്ള മത്സ്യബന്ധനം ജലമലിനീകരണത്തിനും ജലക്ഷാമത്തിനും ഇടയാക്കുന്നുണ്ട്.

കടൽമത്സ്യ വിപണനത്തിനുള്ള പൊതുസംവിധാനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിൽ ആകെ നാലു കേന്ദ്രങ്ങളിൽ മത്സ്യവിപണനം നടക്കുന്നുണ്ടെങ്കിലും മത്സ്യമാർക്കറ്റുകൾ എവിടെയുമില്ല.

പ്രശ്നങ്ങൾ

1. മത്സ്യവിപണന കേന്ദ്രങ്ങളിൽ മാലിന്യങ്ങളും ദുർഗന്ധവും പ്രശ്നം ഉണ്ടാക്കുന്നു.
2. മത്സ്യവിപണനത്തിന് പൊതുകെട്ടിടങ്ങൾ ഇല്ല.
3. പുഴമത്സ്യങ്ങൾക്ക് രോഗങ്ങൾ പിടിപെടുന്നു.

സാധ്യതകൾ

1. സ്വകാര്യകുളങ്ങളിൽ മത്സ്യം വളർത്തുക.
2. കാറി, കപ്പണകളിൽ കെട്ടിക്കിടക്കുന്ന ജലത്തിൽ മത്സ്യം വളർത്തുക.
3. മത്സ്യവിപണനത്തിന് പൊതു സ്ഥിരംകെട്ടിടം നിർമ്മിക്കുക.



വ്യവസായം

തൃപ്രങ്ങോട്ടൂർ പഞ്ചായത്തിന്റെ വ്യവസായമേഖലയുടെ ചരിത്രം പരിശോധിക്കുമ്പോൾ കാര്യമായ വ്യവസായ സംരംഭങ്ങൾ ഒന്നുംതന്നെയില്ലെന്ന് കാണാം. എന്നാൽ പരമ്പരാഗത കുടിൽവ്യവസായരംഗത്ത് ശക്തമായ അടിത്തറ ഉണ്ടായിരുന്നു. ഇതിൽ കൈതോല, ചൂരൽ, ഓട എന്നിവ ഉപയോഗിച്ചുള്ള പായ, കൊട്ട, മുറം മടയൽ, തെങ്ങോല മടയൽ എന്നിവ വളരെ പ്രധാനമായിരുനനു. ഒരു വിഭാഗം ജനങ്ങളുടെ ജീവിതഭാഗധേയം നിർണ്ണയിച്ചിരുന്ന ഈ രംഗം ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും ജോലിഭാരവുമായി തട്ടിച്ചുനോക്കുമ്പോൾ ഉൽപ്പന്നങ്ങളുടെ വില വളരെ കുറഞ്ഞതുമാണ് ഈ മേഖലയുടെ തകർച്ചയ്ക്ക് കാരണങ്ങളിൽ പ്രധാനം. (പട്ടിക ഒന്ന്)

ഈ പഞ്ചായത്തിൽ ആധുനിക വൻകിട വ്യവസായങ്ങൾ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഒന്നുംതന്നെ ഇല്ല. ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ സ്വകാര്യമേഖലയിൽ അടുത്തകാലത്തായി ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിലെ മൊത്തം തൊഴിലാളികളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ ചെറിയ ശതമാനം തൊഴിലാളികൾ മാത്രമേ വ്യവസായമേഖലയിൽ പ്രവർത്തിക്കുന്നുള്ളു. നിലവിലുള്ള തൊഴിലാളികൾ ഭൂരിഭാഗവും പഞ്ചായത്തിന് വെളിയിലുള്ളവരാണ്. വിദഗ്ധതൊഴിലാളികളുടെ അഭാവമാണ് ഇതിന് പ്രധാന കാരണം. സാധാരണഗതിയിൽ സ്ത്രീതൊഴിലാളികളുടെ പങ്കാളിത്തം വളരെ കൂടുതലായി ഉണ്ടാകുന്ന വ്യവസായയൂണിറ്റുകളുടെ കുറവുകൊണ്ട്, ആപേക്ഷികമായി നോക്കുമ്പോൾ വ്യവസായമേഖലയിൽ സ്ത്രീതൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. (പട്ടിക രണ്ട്)

പട്ടിക ഒന്ന്

പരമ്പരാഗത കുടിൽവ്യവസായങ്ങൾ

ക്ര. നമ്പർ	ഇനം	പു	സ്ത്രീ	ആകെ
1	ചൂരൽ കൊട്ട നിർമ്മാണം	16	4	20
2	കൈതോല പായ നിർമ്മാണം	-	15	15
3	മുറം മടയൽ	11	-	11
4	ചേവുനിർമ്മാണം	5	-	5
5	കൈയ്യടി ജില്ലിനിർമ്മാണം	1	20	21

അവലംബം: ഗ്രാമസഭാ റിപ്പോർട്ട്

പട്ടിക രണ്ട്

ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമനമ്പർ	ഇനം	യൂണിറ്റുകളുടെ എണ്ണം
1	ടിമ്പർ ഇൻഡസ്ട്രീസ്	1
2	വുഡ് ഫർണിച്ചർ	6
3	സ്റ്റീൽ ഫർണിച്ചർ	1
4	വുഡ് ടേണിംഗ്	4
5	വുഡ് ഇൻഡസ്ട്രീസ്	1
6	ഓയിൽ മിൽ	2
7	ഫ്ലവർ മിൽ	6
8	അവിൽ മിൽ	1
9	പപ്പട നിർമ്മാണം	1
10	സോഡാ ഫാക്ടറി	3
11	ബേക്കിംഗ്	5
12	സിമൻറ്കാൽ നിർമ്മാണം	1
13	അച്ചടി	1
14	വെൽഡിംഗ് ഇൻഡസ്ട്രീസ്	7
15	സ്റ്റോൺ ക്രഷർ	4

അവലംബം: ഗ്രാമസഭാ റിപ്പോർട്ട്

പ്രശ്നങ്ങൾ

1. പരമ്പരാഗത കുടിൽവ്യവസായമേഖല

പരമ്പരാഗത വ്യവസായ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പലതാണ്. ഒരു വശത്ത് ഈ വ്യവസായങ്ങൾ എല്ലാംതന്നെ അസംസ്കൃതവസ്തുക്കളുടെ കാര്യത്തിൽ രൂക്ഷമായ ദൗർല ഭ്യത്തെ നേരിടുകയാണ്. ഇതിന് പ്രധാന കാരണം വിഭവശോഷണവും ആധുനികതുറകളിൽനിന്നുള്ള മത്സരവുമാണ്. മറുവശത്ത് പരമ്പരാഗത വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾ രൂക്ഷമായ കമ്പോള ഞെരുക്കത്തിന് ഇടയാകുന്നു. കമ്പോള അഭിരുചികളിൽനിന്നു വരുന്ന മാറ്റവും ആധുനിക ഉൽപ്പന്ന ങ്ങളിൽനിന്നു വരുന്ന മത്സരവും ഇതിന് കാരണങ്ങളാണ്.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാൽനൂറ്റാണ്ട് മുമ്പ്വരെ നൂൽനൂൽപ്പും നെയ്ത്തും പരമ്പരാഗത കുടിൽവ്യവസായമായി തുടർന്നിരുന്നു. പനയോല കൊണ്ടുള്ള തലക്കുട, കാക്കുട മുതലായ നിർമ്മിക്കുന്നവരുമുണ്ടായിരുന്നു. അഭിരുചികളിൽവന്ന മാറ്റവും പരമ്പാരഗത തൊഴിൽ പരിശീലനത്തിന് സന്നദ്ധരാകുന്ന പുതിയ തലമുറയുടെ വൈമനസ്യവും ഈ മേഖലയെ പാടെ തകർത്തിരിക്കുന്നു. അതേപോലെ ചൂളകക്ക, ചക്ക് ഉപയോഗിച്ചുള്ള വെളിച്ചെണ്ണയാട്ടൽ എന്നിവയു

ടെ ഉന്മൂലനം എടുത്തുപറയേണ്ടതാണ്.

പായ മടയലിന് ആവശ്യമായ കൈതോല പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും യഥേഷ്ടം ലഭ്യമാണെങ്കിലും പുതുതായി ആരും ഈ തൊഴിൽരംഗത്തേക്ക് കടന്നുവരുന്നില്ല. കാരണം മറ്റ് തൊഴിൽ മേഖലകളിൽ ഇതിലും മെച്ചപ്പെട്ട വേതനം ലഭിക്കുന്നുണ്ട്. ആധുനികരീതിയിലുള്ള 'പുൽപ്പായ'യുടെ രംഗപ്രവേശവും ഈ തൊഴിലിനെ തളർത്തിയിട്ടുണ്ട്. കൊട്ടമടയുന്നതിനുള്ള ചൂരലും മുറം മടയുന്നതിനുള്ള ഓടയും വേണ്ടത്ര കിട്ടാനില്ലാത്തതുകൊണ്ട് ഈ തൊഴിൽ പ്രതിസന്ധിയെ നേരിടുകയാണ്. തൊട്ടടുത്ത ചൂരൽ വ്യവസായ കേന്ദ്രത്തിന്റെ (മേക്കുന്ന്) തകർച്ച ഈ മേഖലയുടെ പ്രതിസന്ധിക്ക് ഒരു കാരണമാണ്.

2. ചെറുകിട വ്യവസായ മേഖല

കേരളം അഭിമുഖീരിക്കുന്ന രൂക്ഷമായ വൈദ്യുത പ്രതിസന്ധി ചെറുകിട വ്യവസായ മേഖലയെയും ബാധിച്ചിട്ടുണ്ട്. പുതിയ വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുത കണക്ഷൻ ലഭിക്കാനുള്ള സാങ്കേതികതടസ്സങ്ങൾ ഒരു പ്രധാന പ്രശ്നമാണ്. ലൈസൻസ് ലഭിക്കാനുള്ള തടസ്സങ്ങൾ, ബാങ്ക് വായ്പാരംഗത്തെ പ്രയാസങ്ങൾ, വ്യവസായ സബ്സിഡി യഥാസമയം ലഭിക്കായ്മ, വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വിപണനത്തിലെ അസൗകര്യങ്ങൾ എന്നിവയൊക്കെ ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളും പ്രയാസങ്ങളുമാണ്.

3. മറ്റു പ്രശ്നങ്ങൾ

3239.43 ഹെക്ടർ വിസ്തീർണ്ണവും 26281 വരുന്ന ജനസംഖ്യയും 5266 വീടുകളുമുള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗസാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉല്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന വ്യവസായ യൂണിറ്റുകൾ വേണ്ടത്ര ഉയർന്ന് വരാത്തത് ഗൗരവമായി പരിശോധിക്കേണ്ടതാണ്. വ്യവസായസംരംഭങ്ങളിൽ മുതൽമുടക്കാൻ സാമ്പത്തിക ശേഷിയുള്ളവർ പഞ്ചായത്തിൽ ധാരാളം ഉണ്ടെങ്കിലും അവരെ ഇതിലേക്ക് ആകർഷിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

മുഖ്യ കാർഷികോൽപ്പന്നങ്ങളായ നാളികേരം, റബ്ബർ, നേന്ത്രക്കായ, മരച്ചീനി എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ പഞ്ചായത്തിൽതന്നെ സംസ്കരണം ചെയ്യാനുള്ള സംവിധാനങ്ങൾ ഇല്ല.

സാധ്യതകൾ

വ്യാവസായികമായി ഏറെ സാധ്യതകൾ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലുണ്ട്. പരമ്പരാഗത, ചെറുകിട വ്യവസായങ്ങൾ ശക്തമാക്കണം. പഞ്ചായത്തിന്റെ വിഭവശേഷിയും മറ്റ് അനുകൂലസാഹചര്യങ്ങളും പരിഗണിച്ച് വൻകിട വ്യവസായ മേഖലയിൽ ചില യൂണിറ്റുകൾ മുൻഗണനാക്രമം നോക്കി ആരംഭിക്കാവുന്നത്. പരമാവധി തൊഴിലവസരങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ സൃഷ്ടിക്കുന്നവയായിരിക്കണം പുതിയ വ്യവസായ സംരംഭങ്ങൾ.

ഈ പഞ്ചായത്തിന്റെ മുഖ്യ കാർഷികോൽപ്പന്നമായ നാളികേരം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായസ്ഥാപനങ്ങൾക്ക് മുൻഗണന സൃഷ്ടിക്കണം. തെങ്ങ്, തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപറ്റി പ്രചരിപ്പിച്ച് ഈ മേഖലയിൽ കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാൻ കഴിയും. ഒരു 'കോക്കനട്ട് കോംപ്ലക്സ്' സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ നാടിന്റെ സാമ്പത്തിക വികസനപ്രക്രിയ ത്വരിതപ്പെടുത്തുന്നു. നാശോന്മുഖമായിത്തീരുന്ന ഈ മേഖലയെ പുനരുദ്ധരിക്കാനും ഏകീകരിക്കാനും ഒരു 'വികസന ബോർഡ്' രൂപീകരിക്കുന്നത് നന്നായിരിക്കും.

പഞ്ചായത്തിൽ 5 കരിങ്കൽ ക്വോറികൾ പ്രവർത്തിക്കുന്നുണ്ട്. കരിങ്കൽപൊടി ഉപയോഗിച്ച് 'ഹോളോബ്രിക്സ്' നിർമ്മാണശാല തുടങ്ങുന്നതിനുള്ള സാധ്യത പരിഗണിക്കുക. അതുപോലെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഇവിടെ മരത്തിന്റെ ലഭ്യത

ഭീഷണിയായി തീരുന്നതുകൊണ്ട് കോൺക്രീറ്റ് കട്ടില, ജനലൽ തുടങ്ങിയ സാമഗ്രികൾ നിർമ്മിക്കുന്ന ഒരു സ്ഥാപനത്തിന് സാധ്യതയുണ്ടോ എന്ന് പരിശോധിക്കണം.

ടൂറിസം വ്യവസായത്തിന്റെ കൂടെ ഉൾപ്പെടുത്തിയതിനാൽ പഞ്ചായത്തിലെ ടൂറിസം സാധ്യതകളുള്ള മേഖലകളുടെ സർവ്വേ എടുക്കുന്നത് പ്രയോജനകരമാവും. മണക്കോട് മൂല, നരിക്കോട്, വാഴമല, മണിമുട്ടികുന്ന് പ്രദേശങ്ങളിലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിച്ചാൽ പ്രസ്തുത സ്ഥലങ്ങളെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ വിനോദസഞ്ചാരകേന്ദ്രങ്ങളാക്കി മാറ്റാം.

മറ്റ് സാധ്യതകൾ

നേന്ത്രക്കായ, മരച്ചീനി എന്നീ മുഖ്യ കാർഷികവിളകൾ ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണം, വ്യാവസായിക അടിസ്ഥാനത്തിലുള്ള കോഴി വളർത്തൽ, തെങ്ങിൻഭാഗങ്ങൾകൊണ്ട് കരകൗശല വസ്തുക്കളും കപ്പ്, സോസർ, തവി എന്നിവയും നിർമ്മിക്കൽ, വനിതകൾക്ക് തൊഴിലവസരം ലഭ്യമാക്കുന്ന റെഡിമെയ്ഡ്, ഗാർമെൻറ്സ് യൂണിറ്റുകൾ, ഓട്ടോമോബൈൽ മെക്കാനിക്, കൺസ്ട്രക്ഷൻ മെറ്റീരിയൽസ്, പച്ചത്തൊണ്ടിൽനിന്ന് അഴുകിതെ ചകിരി ഉൽപാദിപ്പിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ചകിരിനാര് നിർമ്മാണം എന്നിവയൊക്കെ പഞ്ചായത്തിന്റെ വൈയവസായികരംഗത്ത് പരീക്ഷിക്കാവുന്ന സംരംഭങ്ങളാണ്.

ഇവിടെ ലഭ്യമായ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ (ഗ്രാമസഭാ നിർദ്ദേശങ്ങൾ).

പട്ടിക മൂന്ന്


വിഭാഗം	നമ്പർ	ഇനം
സംരംഭങ്ങൾ	1	നവീനരീതിയലുള്ള ചകിരിനാര് നിർമ്മാണം
	2	തെങ്ങ്കൊണ്ടുള്ള കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചറുകളും
	3	തെങ്ങാപൗഡറും ക്രീമും നിർമ്മാണം
	4	വെളിച്ചെണ്ണ ഉല്പാദനം
	5	ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ)
	6	ചക്ക, മാങ്ങ, നേന്ത്രപ്പഴം എന്നിവ സംസ്കരിച്ച് പഴംജാമുകൾ നിർമ്മിക്കൽ
	7	അവിൽ വ്യവസായം
	8	ഹോളോബ്രിക്സ് നിർമ്മാണം
	9	പാൽ ഉല്പന്നങ്ങൾ
	10	തീപ്പെട്ടിവ്യവസായം
	11	അടയ്ക്ക സംസ്കരണം
	12	ഇലക്ട്രോണിക് ഉല്പന്നങ്ങൾ
	13	കറിപൗഡർ
	14	നോട്ട്ബുക്ക്, കുട, നിർമ്മാണം
	15	അലക്കുസോപ്പ്
	16	റെഡിമെയ്ഡ് വസ്ത്രങ്ങൾ

അവലംബം: ഗ്രാമസഭാചർച്ച

അനുബന്ധം

തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കണ്ണൂർ ജില്ലാ വ്യവസായകേന്ദ്രം, ചെറുകിട വ്യവസായ അസോസിയേഷൻ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സത്വരവും സജീവവുമായ ശ്രദ്ധയുണ്ടാവണം. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് പ്രത്യേക പരിഗണന നൽകണം. ഗൾഫ്മേഖലയിൽ ജോലിചെയ്യുന്ന നിരവധി പേരുണ്ട് ഇവിടെ. ഇവിടെ എത്തുന്ന വിദേശനാണ്യം വ്യാവസായിക മേഖലയിൽ മുതലിറക്കാൻ പ്രേരണ നൽകി സൃഷ്ട്യുൻമുഖ പ്രവർത്തനങ്ങളിൽ അവരെയും പങ്കാളികളാക്കാവുന്നതാണ്.

വ്യവസായ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ പൊതുചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ വളരെ കുറഞ്ഞ വർഷംകൊണ്ട് തൃപ്രങ്ങോട്ടൂർ പഞ്ചായത്തിന്റെ വൈയവസായികമുഖച്ഛായ മാറ്റിയെടുക്കാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെതന്നെ ലഭ്യമാക്കാനും എല്ലാറ്റിനും മറ്റ് പ്രദേശങ്ങളെ ആശ്രയിക്കുന്ന അവസ്ഥ ഒഴിവാക്കാനും കഴിയും. അതിലൂടെ സ്വയം പര്യാപ്തമായ ഒരു ഗ്രാമം എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാം എന്ന് പ്രതീക്ഷിച്ചുകൊണ്ട്.....



വിദ്യാഭ്യാസം

പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയുടെ വളർച്ച ആരംഭിക്കുന്നത് ഏകദേശം നൂറുവർഷം മുമ്പാണ്. വിദ്യാഭ്യാസമേഖലയുടെ എഴുതപ്പെട്ട ചരിത്രം ലഭ്യമല്ലെങ്കിലും ഈ മേഖലയിൽ സജീവമായി പ്രവൃത്തിച്ചിരുന്ന പിൻതലമുറയിലെ അവശേഷിക്കുന്ന ഗുരുഭൂതന്മാരിൽ നിന്നും കാരണവൻമാരിൽ നിന്നും പഴയകാലത്തിന്റെ ചരിത്രം ഏറെക്കുറെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. പഞ്ചായത്തിൽ ആദ്യമായി സ്ഥാപിച്ച വിദ്യാലയം ഏത് എന്ന കാര്യത്തിൽ പഴമക്കാർ തമ്മിൽ അഭിപ്രായ ഐക്യമില്ല. ആധികാരിക രേഖകൾ ലഭ്യവുമല്ല.

പൊയിലൂർ എൽ.പി. സ്കൂൾ, കല്ലിക്കണ്ടിയിലുള്ള തൃപ്രങ്ങോട്ടൂർ എൽ.പി. സ്കൂൾ, കടവത്തൂരിലെ തെണ്ടപ്പറമ്പ്, എൽ.പി, കുനിപ്പറമ്പ് എൽ.പി. സ്കൂൾ എന്നിവയാണ് പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങൾ. ഇവയ്ക്ക് നൂറ് വർഷത്തിലധികം പഴക്കമുണ്ട്. ആദ്യഘട്ടത്തിൽ ഇവയെല്ലാം കുടിപ്പള്ളികൂടങ്ങളായാണ് ആരംഭിച്ചത്. ഏതെങ്കിലും വിട്ടുവരാന്തകളിലോ വീടിന്റെ രണ്ടാനിലയിലോ ആണ് സ്കൂളുകൾ പ്രവൃത്തിച്ചിരുന്നത്. വിദ്യാലയങ്ങൾക്ക് പ്രത്യേകമായി സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്താൻ വർഷങ്ങൾ പലതും കഴിയേണ്ടി വന്നു. മേൽപ്രസ്താവിച്ച അഞ്ച് വിദ്യാലയങ്ങൾ തുടങ്ങി അധികം കഴിയുന്നതിന് മുമ്പ്തന്നെ ഇന്നത്തെ പാറേമ്മൽ യു.പി. സ്കൂൾ ആരംഭിച്ചു. പഞ്ചായത്തിലെ മറ്റുവിദ്യാലയങ്ങളെല്ലാം അതിനുശേഷം സ്ഥാപിച്ചവയാണ്. പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയത്തിനുപോലും സർക്കാർ അംഗീകാരം ലഭിച്ചിട്ട് നൂറ് വർഷം പൂർത്തിയായിട്ടില്ല. വിദ്യാലയങ്ങൾ ആരംഭിക്കാൻ മുൻകൈ എടുത്തവരുടെ ചരിത്രം പരിശോധിക്കുമ്പോൾ ഒരു പ്രത്യേകത ശ്രദ്ധയിൽപെടുന്നു. മൂന്നോ നാലോ കുടുംബത്തിൽപ്പെട്ട വ്യക്തികളാണ് പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാലയങ്ങളും സ്ഥാപിക്കാൻ മുൻകൈ എടുത്തത്. തൃപ്രങ്ങോട്ടൂർ എൽ.പി. സ്കൂൾ സ്ഥാപിച്ച ഏ. അപ്പ ഗുരുക്കളുടെ കുടുംബത്തിൽപ്പെട്ട ആളാണ് കുനിപ്പറമ്പ എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിൽ പങ്കാളിത്തം വഹിച്ചത്. അതുപോലെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ ഭൂരിപക്ഷം വിദ്യാലയങ്ങളുടെയും സ്ഥാപകാംഗങ്ങൾ കണ്ടൻ കുടുംബത്തിലോ, താവഴിയിലോ പെട്ടവരായിരുന്നു. ശ്രീ. ചാത്തുഗുരിക്കൾ, ശ്രീ. അപ്പഗുരിക്കൾ, ശ്രീ കണ്ണൻഗുരിക്കൾ, ജ: കുഞ്ഞിമൂസ്സ ഹാജി, ജ: പിണലാട്ട് നരിക്കോട്ടുമ്മൽ പക്രൻ ഹാജി, ജ: ഈ.കെ. മൗലവി, ശ്രീ. കൊയിലത്ത് നാരായണൻ നമ്പ്യാർ, വി.കെ. കുഞ്ഞുണ്ണി നമ്പ്യാർ തുടങ്ങിയവരും പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങൾ സ്ഥാപിച്ചവരിൽ പ്രാതഃ സ്മരണീയരാണ്. അക്കാലത്ത് പഞ്ചായത്തിൽ സ്ഥാപിച്ച വിദ്യാലയങ്ങളിലൊന്നിലും അഞ്ചാംതരം അനുവദിച്ചിരുന്നില്ല. അദ്ധ്യയന തല്പരരായിരുന്നവർ അഞ്ചാം തരം പഠനത്തിന് ഇന്നത്തെ എലാങ്കോട് എൽ.പി.യേയാണ് ആശ്രയിച്ചിരുന്നത്. അഞ്ചാം തരത്തിൽ നേടുന്ന വിജയം അദ്ധ്യാപക പരിശീലനത്തിന് തെരഞ്ഞെടുക്കാനുള്ള യോഗ്യതയായി പരിഗണിച്ചിരുന്നത്കൊണ്ട്, അദ്ധ്യാപകരാകാൻ ആഗ്രഹിച്ചവർ അകലെയുള്ള വിദ്യാലയത്തിൽചേർന്ന് പഠിച്ചിരുന്നു.

സംസ്കൃത ഭാഷാപഠനം, വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് പ്രചോദനമായിതീർന്നിരുന്നു എന്ന് അനുമാനിക്കാൻ ന്യായമായ കാരണങ്ങളുണ്ട്. അന്നത്തെ വിദ്യാലയങ്ങൾ സ്ഥാപിച്ചവരെല്ലാം സംസ്കൃതഭാഷയിൽ നല്ല വ്യുത്പത്തിയുള്ളവരായിരുന്നു. അതുപോലെ ഇസ്ലാം മതപഠനവും വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ സ്വാധീനം ചെലുത്തിയിരുന്നതായി കാണാൻ കഴിയും. മുസ്ലീം കുട്ടികളെ പ്രാഥമിക മതവിദ്യാഭ്യാസം അഭ്യസിപ്പിക്കുന്നതിന് സ്ഥാപിക്കപ്പെട്ട അന്നത്തെ 'ഓത്തുപള്ളി'കളോട് ബന്ധപ്പെട്ടാണ് മുസ്ലീം വിദ്യാലയങ്ങൾ സ്ഥാപിതമായത്. ഹിന്ദു വിദ്യാലയങ്ങളും മുസ്ലീം വിദ്യാലയങ്ങളും പ്രത്യേകം പ്രത്യേകമായി സ്ഥാപിക്കപ്പെട്ടിരുന്നുവെങ്കിലും മതസൗഹാർദ്ദത്തെ ഇത് ഒരു നിലക്കും ബാധിച്ചിരുന്നില്ല. കുനിപ്പറമ്പ് മുസ്ലീം വിദ്യാലയം ഏറെക്കാലം ഹിന്ദുമുസ്ലീം കൂട്ടുമാനേജ്മെൻറായാണ് പ്രവർത്തിച്ചിരുന്നത്.

പെൺകുട്ടികൾക്ക് മാത്രമായുള്ള വിദ്യാലയങ്ങളും പില്ക്കാലത്ത് നിലവിൽ വന്നു. കടവത്തൂരിലെ ഇന്നത്തെ ശ്രീരാമഗുരുകുലം എൽ.പി. സ്കൂൾ ഏറെക്കാലം പെൺകുട്ടികൾക്കു മാത്രമായുള്ള വിദ്യാലയമായിരുന്നു. അതുപോലെ തെണ്ടപ്പറമ്പിൽ മുസ്ലീം പെൺകുട്ടികൾക്കുമാത്രമായി പ്രത്യേക വിദ്യാലയം പ്രവർത്തിച്ചിരുന്നു. ഉന്നത വിദ്യാഭ്യാസത്തിനുള്ള യാതൊരു സാഹചര്യവും പഴയകാലത്തുണ്ടായിരുന്നില്ല. പ്രാഥമിക വിദ്യാഭ്യാസം മാത്രം ലക്ഷ്യമാക്കിയായിരുന്നു വിദ്യാലയങ്ങളുടെ

സ്ഥാപനം. യു.പി. സ്കൂളുകൾ പോലും (അന്നത്തെ ഹയർ എലിമെൻററി സ്കൂൾ) ചൊക്ലിയിലും പാനൂരിലും മാത്രമാണുണ്ടായിരുന്നത്. പാനൂരിലെ ബാസൽമിഷന്റെ കീഴിലുള്ള സ്കൂൾ കനത്ത ഫീസ് ചുമത്തിയിരുന്നതുകൊണ്ട് സാധാരണക്കാർക്ക് അപ്രാപ്യമായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം അക്കാലത്ത് പ്രാപ്യമായിരുന്നില്ല കാരണം അടുത്ത പ്രദേശങ്ങളിലൊന്നും ഹൈസ്കൂൾ ഉണ്ടായിരുന്നില്ല.

വിദ്യാഭ്യാസപ്രചരണത്തിൽ അക്കാലത്തെ അധ്യാപകർ നിർണായകമായ പങ്ക് വഹിച്ചിരുന്നു. വിദ്യാഭ്യാസവിഷയത്തിൽ വലിയ താല്പര്യം കാണിക്കാതിരുന്ന സാധാരണ ജനങ്ങളെ ബോധവൽക്കരിക്കുന്നതിലും വിദ്യാലയങ്ങളിൽ വരാൻ വിമുഖരായ വിദ്യാർത്ഥികളെ ബലം പ്രയോഗിച്ചുപോലും വിദ്യാലയങ്ങളിലെത്തിക്കുന്നതിലും അധ്യാപകർ ശ്രദ്ധിച്ചിരുന്നു.

വിദ്യാഭ്യാസം സവർണരുടെ കുത്തകയായി കരുതപ്പെട്ടിരുന്ന ഒരു കാല ഘട്ടത്തിൽ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാലയങ്ങളും സ്ഥാപിച്ചിരുന്നത് ഇന്ന് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്ക വിഭാഗമായി പരിഗണിക്കപ്പെടുന്ന സമുദായത്തിൽപെട്ടവരായിരുന്നു എന്നത് കൗതുകകരമായ ഒരു ചരിത്രവസ്തുതയാണ്. യാതൊരു തരംതിരിവും കൂടാതെ എല്ലാ വിഭാഗക്കാർക്കും പ്രാഥമികവിദ്യാഭ്യാസം ലഭിക്കാനുള്ള സാഹചര്യം അക്കാലത്തുണ്ടായിരുന്നു. ഹരിജനങ്ങൾക്ക് പ്രവേശനം നൽകാതിരുന്ന കടവത്തൂർ എൽ.പി. ഇതിനൊരപവാദമാണ്.

ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

വിദ്യാലയ വിവരങ്ങൾ

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	മാനേജ്മെൻറ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
			ആൺ	പെൺ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
	എൽ.പി. സ്ക്കൂളുകൾ							
1	കടവത്തൂർ എൽ.പി.സ്കൂൾ, കടവത്തൂർ	എയിഡഡ്	57	54	111	2	3	5
2	കടവത്തൂർ ഈസ്റ്റ് എൽ.പി.സ്കൂൾ, കടവത്തൂർ	"	135	120	255	5	3	8
3	കുനിപറമ്പ് എൽ.പി.സ്കൂൾ, കടവത്തൂർ	"	58	68	126	3	2	5
4	തെക്കുംമുറി എൽ.പി. സ്കൂൾ, വിളക്കോട്ടൂർ	"	73	42	115	3	2	5
5	തെണ്ടപ്പറമ്പ് എൽ.പി. സ്കൂൾ, കടവത്തൂർ	"	90	82	172	5	4	9
6	പൊയിലൂർ എൽ.പി.സ്കൂൾ, പൊയിലൂർ	"	83	95	178	4	3	7
7	പൊയിലൂർ സെൻട്രൽ എൽ.പി. സ്കൂൾ, പൊയിലൂർ	"	75	95	170	2	4	6
8	പൊയിലൂർ നോർത്ത് എൽ.പി.സ്കൂൾ, പൊയിലൂർ	"	75	56	131	4	1	5
9	പൊയിലൂർ ഈസ്റ്റ് എൽ.പി.സ്കൂൾ, പൊയിലൂർ	"	136	138	274	5	6	11
10	ഭാഷാപോഷിണി എൽ.പി.സ്കൂൾ, പൊയിലൂർ	"	163	134	297	3	8	11
11	വിളക്കോട്ടൂർ എൽ.പി.സ്കൂൾ, വിളക്കോട്ടൂർ	"	200	179	379	8	4	12
12	തൃപ്രങ്ങോട്ടൂർ എൽ.പി. സ്കൂൾ, കല്ലിക്കണ്ടി	'	98	94	192	3	4	7
13	ശ്രീകൃഷ്ണവിലാസം എൽ.പി.സ്കൂൾ, വിളക്കോട്ടൂർ	"	74	57	131	2	3	5
14	ശ്രീരാമഗുരുകുലം എൽ.പി.സ്കൂൾ, കടവത്തൂർ	"	60	42	102	1	3	4
15.	ഗവ: എൽ.പി.സ്കൂൾ, നരിക്കോട്ടുമല	സർക്കാർ	28	32	60	4	1	5
			1405	**1288**	**2695**	**54**	**51**	**105**

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
			ആൺ	പെൺ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
	യു.പി. സ്കൂളുകൾ							
1	കടവത്തൂർ വി.വി.യു.പി കടവത്തൂർ	എയിഡഡ്	96	124	220	3	10	13
2	കടവത്തൂർ വെസ്റ്റ് യു.പി. കടവത്തൂർ	"	333	286	619	18	6	24
3	വിളക്കോട്ടൂർ യു.പി. വിളക്കോട്ടൂർ	"				16	10	26
4	പാറേമ്മൽയു.പി. കല്ലിക്കണ്ടി	"	319	265	584	16	13	29
5	അൽറഷീദ് യു.പി. പൊയിലൂർ	അൺഎയിഡഡ്	28	25	53			
	ഹൈസ്കൂൾ							
1	കടവത്തൂർ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ, കടവത്തൂർ	എയിഡഡ്	697	625	1322	40	17	57
	കോളേജുകൾ							
1	എൻ.എ.എം. കോളേജ്, കല്ലിക്കണ്ടി	എയിഡഡ്	131	77	208	13	2	15
2	നുസ്രത്തുൽ ഇസ്ലാം അറബിക് കോളേജ്, കടവത്തൂർ	"	36	43	79	3	-	3

	സർക്കാർ	എയിഡഡ്	അൺഎയിഡഡ്	പാരലൽ	ആകെ
അംഗൻവാടി	11	-	-	-	11
നേഴ്സറി	-	-	3	-	3
എൽ.പി.	1	14	-	-	15
യു.പി.	-	4	1	-	5
എച്ച്.എസ്സ്.	-	1	-	-	1
വി.എച്ച് എസ്.	-	1	-	-	1
കോളേജ്	-	2	-	1	3
				ആകെ	39

കഴിഞ്ഞ 10 വർഷത്തിനിടയിൽ ഒരു അൺ എയ്ഡഡ് യു.പി. സ്കൂളും കല്ലിക്കണ്ടിയിലേയും കടവത്തൂരിലേയും കോളേജുകളും അനുവദിച്ചത് മാത്രമാണ് വിദ്യാലയങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്. വിദ്യാലയങ്ങളുടെ എണ്ണത്തിൽ കുറവൊന്നുമുണ്ടായിട്ടില്ല.

സ്കൂൾ	ആൺ	പെൺ	ആകെ
എൽ.പി	1405	1288	2693
യു.പി.	1274	1176	2490
ഹൈസ്കൂൾ വി.എച്ച്.എസ്	697	625	1322
കോളേജ്	167	120	287

പഞ്ചായത്തിലെ ഭൂരിപക്ഷം കുട്ടികളും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി കുന്നോത്തുപറമ്പ് പഞ്ചായത്തിലെ ഹൈസ്കൂളിനെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഒന്നാംതരത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർഷം തോറും കുറഞ്ഞു വരുന്നതായി അനുഭവപ്പെടുന്നു. ജനനനിരക്ക് കുറഞ്ഞതും സമാന്തരവിദ്യാലയങ്ങളുടെ തള്ളിക്കയറ്റവും കുട്ടികളുടെ എണ്ണം കുറവാകാനിടയായിട്ടുണ്ട്. കൊഴിഞ്ഞുപോവുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്.

ഭൗതികസൗകര്യങ്ങൾ

പഞ്ചായത്തിൽ 59 സ്ഥിരം സ്ക്കൂൾ കെട്ടിടങ്ങളുണ്ട്. കെട്ടിടങ്ങളിൽ മിക്കവയും പ്രി.കെ. ഈ. ആർ പ്രകാരമുള്ളവയാണ്. അതുകൊണ്ടുതന്നെ സൗകര്യങ്ങൾ പരിമിതവുമാണ്. തെണ്ടപ്പറമ്പ് എൽ. പി.യുടെ കെട്ടിടം പൊളിച്ചുകഴിഞ്ഞെങ്കിലും പുനർനിർമ്മാണം ആരംഭിച്ചിട്ടില്ല. ഒരു മൂത്രപ്പുരപോലു മില്ലാത്ത ഏതാനും വിദ്യാലയങ്ങളുടെ പേർ ചുവടെ ചേർക്കുന്നു.

1. കുനിപ്പറമ്പ് എൽ.പി
2. ശ്രീരാമഗുരുകുലം എൽ.പി
3. പൊയിലൂർ എൽ.പി
4. പൊയിലൂർ സെൻട്രൽ എൽ.പി
5. ഭാഷാപോഷിണി എൽ.പി
6. ശ്രീകൃഷ്ണ വിലാസം എൽ.പി
7. തെക്കുംമുറി എൽ.പി.
8. ഗവ: എൽ.പി. നരിക്കോട്ടുമല
9. തൃപ്രങ്ങോട്ടൂർ എൽ.പി

ഫർണിച്ചറുകൾ

ഒരു വിദ്യാലയവും ഫർണിച്ചറുകളുടെ കാര്യത്തിൽ സ്വയം പര്യാപ്തമല്ല. നിയമം അനുശാസിക്കുന്ന തരത്തിലുള്ള ഇരിപ്പിടങ്ങൾ സജ്ജമാക്കിയ ഒരു വിദ്യാലയം പോലും പഞ്ചായത്തിലില്ല. പൊതുവിൽ മിക്ക വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങൾ വേണ്ടത്രയില്ല.

അക്കാഡമിക്ക് നിലവാരം

വിദ്യാലയങ്ങളിലെ അക്കാഡമിക്ക് നിലവാരം പൊതുവെ തൃപ്തികരമാണ്. എന്നാലും കാലാനുസൃതമായ മുന്നേറ്റം ഈ രംഗത്ത് കൈവരിക്കേണ്ടതുണ്ട്.

പാരാ അക്കാഡമിക്

പാരാ അക്കാഡമിക്ക് പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ തൃപ്തികരമല്ല. കായികരംഗത്ത് നല്ല നിലവാരം പുലർത്തുന്ന വിദ്യാലയങ്ങൾ ഉണ്ടെങ്കിലും മറ്റു രംഗങ്ങളിൽ ആശാവഹമല്ല.

പി.ടി.എ., എം.പി.ടി.എ., സി.പി.ടി.എ

മിക്കവാറും സ്ക്കൂളിൽ ഇവയുടെ പ്രവർത്തനം സജീവമാണ്. മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് കടവത്തൂർ വെസ്റ്റ് യു.പിയിലേയും കടവത്തൂർ ഈസ്റ്റ് എൽ.പി.യിലേയും പി.ടി.എ. ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. മദർ പി.ടി.എ കൂടുതൽ ഫലപ്രദമായി അനുഭവപ്പെടുന്നുണ്ട്.

എസ്.എസ്.എൽ.സി വിജയശതമാനം

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കടവത്തൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളി

ലെ എസ്.എസ്.എൽ.സി. വിജയശതാനം കഴിഞ്ഞ 5 വർഷങ്ങളിലെ കണക്കനുസരിച്ച് വർഷം തോറും കുറഞ്ഞുവരികയാണ്.

പട്ടിക ചുവടെ ചേർക്കുന്നു.

കടവത്തൂർ എച്ച്.എസ്.

വർഷം	വിജയശതമാനം
1991-92	47
1992-93	44
1993-94	32
1994-95	27.8
1995-96	34.7

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന കൊളവല്ലൂർ ഹൈസ്കൂളിലെ വിജയശതമാനം മേൽപ്പറഞ്ഞതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. ഈ രണ്ട് ഹൈസ്കൂളുകളിലേയും വിജയശതമാനം തീരെ തൃപ്തികരമല്ല.

സമാന്തര സ്ഥാപനങ്ങൾ

പഞ്ചായത്തിൽ സമാന്തര വിദ്യാഭ്യാസസ്ഥാപനം ഒന്നുമാത്രമാണുള്ളത്. കല്ലികണ്ടിയിലെ അൽ ഇസ്ലാഹ് വ്യുമൻസ് കോളേജ്.

ശിശു വിദ്യാലയങ്ങൾ

നഴ്സറി സ്കൂളുകൾ	3
അംഗനവാടികൾ	11

നഴ്സറി വിദ്യാലയങ്ങളിൽ രണ്ടെണ്ണം മലയാളം മീഡിയവും ഒന്ന് ഇംഗ്ലീഷ് മീഡിയവുമാണ്.

അനൗപചാരിക വിദ്യാഭ്യാസം

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വളരെ മുമ്പ് തന്നെ ഈ പഞ്ചായത്തിൽ ശ്രമങ്ങൾ നടത്തിയിരുന്നു. സർക്കാറിന്റെ കീഴിൽതന്നെ വികസന ബ്ലോക്കുകളുടെ മേൽനോട്ടത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. കടവത്തൂരിലും തൃപ്രങ്ങോട്ടൂരിലും രണ്ട് വീതവും വിളക്കോട്ടൂർ, പൊയിലൂർ എന്നിവിടങ്ങളിൽ ഓരോ കേന്ദ്രവും പ്രവർത്തിച്ചിരുന്നു.

സാക്ഷരതാപ്രവർത്തനം വളരെ നല്ലനിലയിൽ നടത്തിയ പഞ്ചായത്താണിത്. സാക്ഷരതാ പ്രവർത്തനത്തിന്റെ സ്ഥിതി വിവര കണക്കനുസരിച്ച് 995 പുരുഷൻമാരും 2503 സ്ത്രീകളും ഉൾപ്പെടെ 3498 നിരക്ഷരരാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. 270 കേന്ദ്രങ്ങളിലായി നടത്തിയ സാക്ഷരതാ പരിപാടിയുടെ ഫലായി 1809 പേർ സാക്ഷരരായി തീർന്നു എന്നാണ് കണക്ക്. എന്നാൽ തുടർ വിദ്യാഭ്യാസം നിലച്ചുപോയതിനാൽ ഈ രംഗത്ത് കൈവരിച്ച നേട്ടം നിലനിർത്താൻ കഴിഞ്ഞിട്ടില്ല.

ഗുരുകുലം വിദ്യാഭ്യാസ പദ്ധതി

ആരംഭത്തിൽ സജീവമായ പ്രവർത്തനം നടന്നെങ്കിലും ഇപ്പോൾ നിർജീവാവസ്ഥയിലായി. പഞ്ചായത്തിലെ ഒന്നാം വാർഡിലെ സ്കൂളുകളിലെ ഒന്നാം പാദവാർഷിക പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ വിതരണം ചെയ്തത് ഈ പദ്ധതിയുടെ എടുത്തുപറയാവുന്ന ഒരു നേട്ടമാണ്.

കോളജ്

എൻ.എ. മമ്മുഹാജിയുടെ നാമധേയത്തിൽ ഒരു ഡിഗ്രി കോളജ് നിലവിൽ വന്നത് പഞ്ചായത്തിന് അഭിമാനിക്കാവുന്ന നേട്ടമാണ്. ബാലാരിഷ്ടതകൾ നേരിടുന്ന കോളജ് ഭാവിയിൽ പഞ്ചായത്തിന്റെ വിദ്യാഭ്യാസ കേന്ദ്രമായി തീരുമെന്ന് പ്രതീക്ഷിക്കാം. കടവത്തൂരിലെ എയിഡഡ് അറബി കോളജായ നുസ്രത്തുൽഇസ്ലാം പഞ്ചായത്തിന്റെ നേട്ടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നു.

ദേശീയപ്രസ്ഥാനം

ദേശീയ പ്രസ്ഥാനത്തിൽ പഞ്ചായത്തിന്റെ പങ്ക് ഗണനീയമായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസം വരിച്ചവരും I.N.Aയുമായി ബന്ധപ്പെട്ട് സമരരംഗത്ത് പ്രവർത്തിച്ചവരും ഇപ്പോഴും ഗതകാലസ്മരണകൾ അയവിറക്കി പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ജീവിച്ചിരിപ്പുണ്ട്.

നിർദ്ദേശങ്ങൾ

വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കാര്യമായ ശ്രമം നടത്തേണ്ടതുണ്ട്.

1. കടവത്തൂർ എൽ.പി.യുടെ കെട്ടിടം മെച്ചപ്പെടുത്തണം.

2. ശ്രീരാമഗുരുകുലം എൽ.പി.യുടെ ചുമർ പൂർത്തീകരിക്കുക.

3. തെണ്ടപറമ്പ് എൽ.പി.ക്ക് പുതിയ കെട്ടിടം ഉണ്ടാവണം.

4. തൃപ്രങ്ങോട്ടൂർ എൽ.പി.ക്ക് ചുറ്റുമതിൽ പണിയണം.

5. വിളക്കോട്ടൂർ എൽ.പി. കെട്ടിടം കൂടുതൽ സുരക്ഷിതമാക്കണം.

6. വിളക്കോട്ടൂർ യു.പി സ്കൂൾ കെട്ടിടത്തിന്റെ ചുമർ പൂർത്തിയാക്കുക.

7. ജീർണ്ണാവസ്ഥയിലായിരിക്കുന്ന കടവത്തൂർ V.V.U.P സ്കൂളിന്റെ കെട്ടിടം പുനരുദ്ധരിക്കണം.

8. നരിക്കോട്ടുമല ഗവ: എൽ.പി.ക്ക് സ്ഥിരം കെട്ടിടം പണിയണം.

9. മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത സ്കൂളുകൾക്ക് അവ നിർമ്മിക്കാനുള്ള നിർദ്ദേശം നല്കണം.

10. സ്കൂളിൽ ഫർണിച്ചറുകളുടെ അപര്യാപ്തത പരിഹരിക്കാനുള്ള മാർഗ്ഗം കണ്ടെത്തണം.

11. 'ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്' പദ്ധതിപ്രകാരം സ്കൂളുകൾക്ക് ലഭിച്ച പുസ്തകങ്ങളും പഠന ഉപകരണങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം.

13. ആറാം വാർഡിലെ ചെറ്റക്കണ്ടിയിലും 10-ാം വാർഡിലെ ചമതക്കാട്ടും എൽ.പി. സ്കൂളുകൾ ആരംഭിക്കണമെന്ന ഗ്രാമസഭയിലെ ആവശ്യം പരിഗണിക്കേണ്ടതാണ്.

14. അഞ്ചാം തരം വരെയുള്ള എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന നിർദ്ദേശം പരിഗണനീയമാണ്. ഇവയിൽ പൊയിലൂർ EAST L.p, തൃപ്രങ്ങോട്ടൂർ L.P. കടവത്തൂർ EAST L.P എന്നിവ മുൻഗണന അർഹിക്കുന്നവയാണ്.

15. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ ഒരു ഹൈസ്കൂളെങ്കിലും വേണം.

16. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് ഗുരുകുലം വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം.

17. പി.ടി.എ, മദർ പി.ടി.എ, ക്ലാസ്റൂം പി.ടി.എ. എന്നിവയിലെ പ്രവർത്തനം എല്ലാ വിദ്യാലയങ്ങളിലും സജീവമായി നടക്കണം.

18. കലാകായിക രംഗങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്ന പ്രവർത്തനം സംഘടിപ്പിക്കണം. പി.ടി.എക്ക് ഇതിൽ കാര്യമായ പങ്ക് വഹിക്കാൻ കഴിയും.

19. ശിശുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗൻവാടികളിൽ കളിക്കോപ്പുകളും പഠനോപകരണങ്ങളും ലഭ്യമാക്കണം.

20. അംഗൻവാടികൾ നിലവിലില്ലാത്ത 6-9 വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കണം. 11-ാം വാർഡിലെ ഗിരിവർഗ്ഗമേഖലയിൽ പ്രവർത്തിക്കുന്ന അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

21. ഉച്ചക്കഞ്ഞി വിതരണ മേൽനോട്ടവും നടത്തിപ്പും പഞ്ചായത്ത് ഏറ്റെടുക്കണം.

22. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഭക്ഷണം പാചകം ചെയ്യുന്നതിന് കമ്മ്യൂണിറ്റി അടുപ്പുകൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കണം.

23. സേവനവാരം പുനഃസ്ഥാപിച്ച് വികസന പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കണം.

24. സാഹിത്യസമാജം, സ്കൂൾ പാർലമെൻറ്, കൈയെഴുത്ത് മാസിക, സയൻസ് കോർണറുകൾ, പ്രകൃതി പഞ്ചാംഗം നിർമ്മിക്കൽ എന്നിവ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കണം.

25. പഠനനിലവാരം മെച്ചപ്പെടുത്താൻ അദ്ധ്യാപകവിദ്യാർത്ഥി അനുപാതം ഒരു പ്രധാന ഘടകമായത്കൊണ്ട് ഇന്ന് നിലിവിലുള്ള വർദ്ധിച്ച തോതിലുള്ള അനുപാതം കുറവുവരുത്തുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കണം.

വ്യക്തികളുടെ സർവതോന്മുഖമായ പുരോഗതി എന്ന വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യത്തോടൊപ്പം തന്നെ സാമൂഹിക പ്രതിബദ്ധതയുള്ള സമൂഹത്തെ സൃഷ്ടിക്കുക എന്ന ഉദ്ദേശം മുൻനിർത്തി നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. ബഹുജനപങ്കാളിത്തത്തോട് കൂടി പുതിയ പദ്ധതികളിലൂടെ ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.



കുടിവെള്ളവും പൊതുജനാരോഗ്യവും

തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ തൊണ്ണൂറ്റിയെട്ടു ശതമാനം ജനങ്ങളും കുടിവെള്ളത്തിനായി സ്വകാര്യ കിണറുകളെയാണ് ആശ്രയിച്ചുവരുന്നത്. ബാക്കിവരുന്നവർ പൊതുകിണർ. നീരുറവ എന്നിവയെയും ആശ്രയിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പന്ത്രണ്ട് പൊതു കിണറുകൾ ഉണ്ടെങ്കിലും പത്ത് എണ്ണം മാത്രമേ ഫലപ്രദമായി ഉപയോഗപ്പെടുന്നുള്ളൂ. പ്രധാനമായും നീരുറവകളെ ആശ്രയിക്കുന്നത്. നരിക്കോട്ടുമലയിലെയും വാഴമലയിലെയും നൂറ്റിനാൽപതോളം കുടുംബങ്ങളാണ്. എങ്കിലും പഞ്ചായത്തിന്റെ എഴുപത്തിയഞ്ചുശതമാനം ഭാഗങ്ങളിലും ഏപ്രിൽ മെയ് മാസങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ഉയർന്ന പ്രദേശങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മിക്കവയും ഉപയോഗയോഗ്യമല്ല. നമ്മുടെ പഞ്ചായത്തിൽകൂടി തോടുകളും പുഴകളും ഒഴുകുന്നുണ്ടെങ്കിലും അവയിലെ ജലം കുടിവെള്ളക്ഷമം പരിഹരിക്കുന്നതിനായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വിവിധ പ്രദേശങ്ങളും അവയുടെ സാധ്യതകളും താഴെ പറയുംപ്രകാരമാണ്.

I, II വാർഡുകളിൽ കുടിവെള്ളക്ഷാമം പഞ്ചായത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് അത്ര രൂക്ഷമല്ലെങ്കിലും ഇന്നുള്ള നീരൊഴുക്ക് നിലനിർത്തുന്നതിന് കൊല്ലക്കൽപുഴയിലെ നിലവിലുള്ള തടയണ കാര്യക്ഷമമാക്കിയും പയ്യട എലിത്തോട് ഭാഗത്ത് തടയണകൾ പുതുതായി നിർമിക്കേണ്ടതും ആവശ്യമാണ്.

IIIാം വാർഡിലെ മുതുവനക്കുന്ന് ചെമ്പ്രക്കുന്ന് എന്നീ പ്രദേശങ്ങളിൽ ഇന്ന് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം. പരിഹരിക്കുന്നതിനായി കല്ലാച്ചേരിപുഴയിൽനിന്നും ജലം ശേഖരിച്ച് ചെമ്പ്രക്കുന്നിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തേണ്ടതായിട്ടുണ്ട്.

IVാം വാർഡിലെയും Vാം വാർഡിലെയും പുല്ലാട്ടുമ്മൽ ഭാഗം, കച്ചേരിക്കുന്ന്, വലിയപറമ്പ് എന്നീപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പൊയിൽക്കടവ്, ചന്നക്കടവ്, പനോളിൽതാഴെ എന്നീ ഭാഗങ്ങളിൽ തടയണ നിർമിച്ചാൽ മതി.

VI, VII വാർഡുകളിലെ ചെറ്റക്കണ്ടി തെക്കുംമുറി, വിളക്കോട്ടൂർ യു.പി.സ്ക്കൂൾപരിസരം, വട്ടപ്പെയിലുമ്മൽ കരുവള്ളിഭാഗം എന്നിവിടങ്ങളിലെ ജലക്ഷാമംപരിഹരിക്കുന്നതിനായി ചെറ്റക്കണ്ടി പുഴയിൽ ആവശ്യമായ തടയണകൾ നിർമിച്ചും, പൊതു കിണർ നിർമിച്ച് പരിഹരിക്കാം. മണ്ണങ്കുണ്ടിൽ ചെക്ക്ഡാം നിർമിച്ചാൽ VIIIാം വാർഡിലെ ജലക്ഷാമം ഏറെക്കുറെ പരിഹരിക്കാം.

VIIIാം വാർഡിലെ കച്ചേരി, കിഴക്കേചാൽ ഭാഗങ്ങളിൽ നിലവിലുള്ള പൊതുകിണർ വൃത്തിയാക്കിയും കിഴക്കുമുറിതോടിൽ തടയണകെട്ടിയും കുടിവെള്ള ക്ഷാമം പരിഹരിക്കാം.

IX, X, XI-വാർഡുകളിലെ മത്തത്ത് കച്ചേരി കോമാക്കൂർ, ചമതക്കാട്, നെല്ലിത്തറ, ഒന്തത്ത്, വടക്കയിൽമൂക്കോത്ത്, പൂവ്വത്താമ്മൽ പാറയുള്ള പറമ്പ്, പള്ളിച്ചാൽ തുടങ്ങിയ പ്രദേശങ്ങളിൽ ഇന്ന് അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കാൻ വണ്ണാത്തിപ്പുഴയിലെ നിലവിലുള്ള മൂന്ന് ക്രോസ്ബാർ ശക്തിപ്പെടുത്തിയാൽ മതിയാകും.

വാഴമലഭാഗത്ത് നിലവിൽ അഞ്ച് നീരുറവകൾ ഉണ്ടെങ്കിലും ആയിരം തണ്ണിയിൽനിന്നുമാത്രമേ വർഷംമുഴുവനും ജലം ലഭിക്കുന്നുള്ളൂ. നിലവിലുള്ള നീരുറവ നിലനിൽക്കണമെങ്കിൽ നിലവിലുള്ള വനഭൂമി അതേപടിയെങ്കിലും നിലനിർത്തേണ്ടതായിട്ടുണ്ട്. എന്നാൽ അടുത്തകാലത്തായി സ്വാഭാവിക മരങ്ങൾ വെട്ടിനശിപ്പിച്ച് തത്സ്ഥാനത്ത് അക്കേഷ്യമരങ്ങൾ വെച്ചുപിടിപ്പിക്കുന്നത്. പരിസരവാസികളിൽ ഭീതി ജനിപ്പിച്ചിട്ടുണ്ട്. ഇത് തടയുന്നതിന് കൂട്ടായി പരിശ്രമിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടുകൂടി മൂന്നു കോടിയിൽപരം രൂപയുടെ ശുദ്ധജല പദ്ധതി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ടെങ്കിലും അതിൻെറ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടത്തേണ്ടതായിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ നമ്മുടെ പഞ്ചായത്തിൽ ഇന്ന് അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പൂർണമായം പരിഹരിക്കപ്പെടുമെന്ന് പ്രത്യാശിക്കുന്നു. വർഷകാലാരംഭത്തിൽതന്നെ ജലക്ഷാമം പരിഹരിക്കുന്നതിനുള്ള മുൻകരുതലുകളെടുത്തും ജനങ്ങളിൽ ബോധവൽക്കരണം നടത്തിയും ശുദ്ധജലക്ഷാമം പരിഹരിക്കാം.

വാർഡ്	കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ
I	പാറഅടിയോത്ത് കാവുക്കുന്നുമ്മൽ ഭാഗം.
II	പറകുന്ന് ഭാഗം
III	മുതുവനകുന്ന്, ചെമ്പ്രക്കുന്ന്
IV	പുല്ലാട്ടുമ്മൽ ഭാഗം
V	കച്ചേരികുന്ന്, വലിയപറമ്പ്
VI	ചെറ്റക്കണ്ടി പ്രദേശം
VII	തെക്കുംമുറി ലക്ഷംവീട് പ്രദേശം, വിളക്കോട്ടൂർ യു.പി. സ്കൂൾപരിസരം, വട്ടപ്പൊയിലുമ്മൽ ഭാഗം, കോമാക്കൂൽ കരുവള്ളി ഭാഗം.
VIII	കച്ചേരി ഭാഗം, കിഴക്കേചാൽ
IX	മത്തത്ത്, കച്ചേരിഭാഗം
X	കോമാക്കൂൽ, ചമതക്കാട്, നെല്ലിത്തറ
XI	ഒന്തത്ത്ഭാഗം, വടക്കെയിൽ മൂക്കോത്ത് ഭാഗം, പൂവത്താമ്മൽ പാറയുള്ളപറമ്പ്, പള്ളിച്ചാൽ, പാത്തിക്കൽഭാഗം, കുറ്റിക്കാട് ഭാഗം, വാഴമല, നരിക്കോട്മല.

ഓരോ വാർഡിലെയും സാധ്യതകൾ ചുവടെ ചേർക്കുന്നു.

വാർഡ്	സാധ്യതകൾ
I	പൊതുകിണർ നിർമിക്കുക
II	കൊല്ലക്കൽ പുഴയിലെ നിലവിലുള്ള തടയണ കാര്യക്ഷമാക്കിയും വയ്യട എലിത്തോട് ഭാഗത്ത് തടയണകൾ നിർമിച്ചും.
III	കച്ചേരി പുഴയിൽനിന്നും ജലം ശേഖരിച്ച് ചെമ്പ്രക്കുന്നിൽ ടാങ്ക്സ്ഥാപിച്ച് വെള്ളം വിതരണംചെയ്തും.
IV	പൊയിൽക്കടവ് പുഴയിൽ തടയണ നിർമിച്ച്
V	ചന്നക്കടവിൽ തടയണ നിർമിച്ചും പനോളിൽതാഴെ തടയണ കാര്യക്ഷമമാക്കിയും
VI	ചെറ്റക്കണ്ടിപുഴയിൽ തടയണ കെട്ടി.
VII	പുഴക്കൽകണ്ടിയിൽ തടയണ കെട്ടി, പൊതുകിണർ സ്ഥാപിച്ച്
VIII	നിലവിലുള്ള പൊതുകിണർ വൃത്തിയാക്കിയും കിഴക്കും മുറിതോട്ടിൽ തടയണകെട്ടിയും, വിളക്കോട്ടൂർ കായലോട് പുഴയിൽ മണ്ണങ്കുണ്ട് എന്ന സ്ഥലത്ത് ചെക്ക്ഡാം.
IX	പൊതുകിണർ സ്ഥാപിച്ച്
X	പൊതുകിണർ വൃത്തിയാക്കിയും എടോട്ടപിലാക്കൂൽ താഴെ തോടിൽ തടയണനിർമിച്ചും.
XI	ചിറ്റാരിത്തോട് പാത്തിക്കൽതോട് എന്നിവിടങ്ങളിൽ തടയണ കെട്ടി, ആയിരംതണ്ണിയിൽ നിന്ന് പൈപ്പവഴി ജലം വിതരണംചെയ്ത് നീർമറിപദ്ധതി നടപ്പിലാക്കുക.

ആരോഗ്യം

നമ്മുടെ പഞ്ചായത്തിൽ പണ്ടുകാലങ്ങളിൽ രോഗചികിത്സക്കായി നാട്ടുവൈദ്യൻമാരെയും മന്ത്രവാദികളെയും ആശ്രയിച്ചിരുന്നു. എന്നാൽ ഇന്ന് ആധുനിക ചികിത്സാസമ്പ്രദായങ്ങളേയാണ് ആശ്രയിക്കുന്നത്. ഇതുവഴി ജനങ്ങളുടെ മൊത്തം ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. മരണനിരക്ക് ആയിരത്തിന് രണ്ട് എന്ന നിരക്കിൽ ശിശു മാതൃമരണനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കുറഞ്ഞ നിലയിലാണ്. ജനനനിരക്ക് ആയിരത്തിന് എട്ട് എന്ന നിരക്കിലും ആണ്. 1995-96 വർഷത്തിലെ കണക്കുകൾ പ്രകാരം നാല് കുഷ്ഠരോഗികളും പന്ത്രണ്ട് ക്ഷയരോഗികളും പഞ്ചായത്തിൽ ഉണ്ട്.

മെച്ചപ്പെട്ട അവസ്ഥയിലേക്ക് ജനങ്ങളുടെ ആരോഗ്യനില ഉയർത്തുന്നതിന് നമ്മുടെ പഞ്ചായത്തിൽ സ്ഥാപിതമായ ആരോഗ്യ കേന്ദ്രങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് കടവത്തൂരിൽ ആരംഭിച്ച് 1987-മുതൽ തെണ്ടപ്പറമ്പ് കേന്ദ്രമാക്കി സ്ഥാപിതമായ പ്രാഥമിക ആരോഗ്യകേന്ദ്രം, പൊയിലൂർ കേന്ദ്രമാക്കി 1985-മുതൽ പ്രവർത്തിച്ചുവരുന്ന ആയൂർവ്വേദ ഡിസ്പൻസറി, സ്വകാര്യമേഖലയിൽ 6- ഹോമിയോ ക്ലിനിക്കുകൾ, 5-അലോപതി ക്ലിനിക്കുകൾ, 2- ആയുർവ്വേദ ക്ലിനിക്കുകൾ, 3- പാരമ്പര്യ വൈദ്യൻമാരും, 2- പാരമ്പര്യ വിഷചികിത്സകരും പഞ്ചായത്തിലെ ആരോഗ്യമേഖലയെ സമ്പുഷ്ടമാക്കുന്നു.

ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും 1995-96 വർഷത്തിൽ 97-ജലജന്യ രോഗങ്ങളും, 416-വായുജന്യരോഗങ്ങളും, 4-പ്രാണിജന്യ രോഗങ്ങളും റിപ്പോർട്ട് ചെയ്യുകയുണ്ടായി. പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള സർക്കാർ ആശുപത്രിയില്ല. ഇതിനായ് 20 കിലോമീറ്ററോളം സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുകവഴി രോഗരഹിതവും ആരോഗ്യപൂർണവുമായ ഒരു പഞ്ചായത്താക്കി മാറ്റുക എന്നതാണ് നമ്മുടെ ലക്ഷ്യം.

സ്ഥാപനങ്ങളും സേവനങ്ങളും

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

പ്രാഥമിക ആരോഗ്യ കേന്ദ്രം	1
ആയുർവ്വേദ ഡിസ്പൻസറി	1
സബ്സെൻററുകൾ അനുവദിച്ചത്	5
പ്രവർത്തിക്കുന്നത്	1

ഇവയിലെല്ലാംകൂടി 22 ജീവനക്കാരാണ് ഉള്ളത്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ മുഴുവൻസമയ ഡോക്ടറുടെ സേവനം ലഭ്യമാവുന്നില്ല. കൂടാതെ ഇത് പഞ്ചായത്തിൻെറ പടിഞ്ഞാറുവശത്തായി സ്ഥിതിചെയ്യുന്നതിനാൽ ജനവാസംകൂടുതലുള്ള പഞ്ചായത്തിൻെറ കിഴക്കൻ മേഖലകൾക്ക് ഇതിൻെറ പ്രയോജനം ലഭിക്കുന്നില്ല.

ആരോഗ്യസംരക്ഷണ കാര്യത്തിൽ മരുന്നുകളെപ്പോലെത്തന്നെ പ്രാധാന്യം ബോധവൽക്കരണത്തിനുണ്ട്. എന്നാൽ ഫീൽഡ്വർക്കർമാരിൽ കാണുന്ന നിഷ്ക്രിയതയും ജനങ്ങളുടെ സഹകരണക്കുറവും ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരായി ബാധിക്കുന്നു. പൊതുവെ പൊതു ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്തുപറയേണ്ടതാണ്. ആഴ്ച

യിൽ ഒരു ദിവസം പി.എച്ച്.സി.യിൽ വെച്ചും ആഴ്ചയിൽ മറ്റൊരു ദിവസം (വ്യാഴാഴ്ച) മറ്റ് സബ് സെൻററുകൾ വഴിയും പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നുണ്ട്. സബ്സെൻററുകൾക്ക് സ്വന്തമായി ബിൽഡിങ്ങ് ഇല്ലാത്തതിനാൽ ശരിയാംവണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ കടവത്തൂരിലെയും വിളക്കോട്ടൂരിലെയും സബ്സെൻററുകൾക്ക് ആവശ്യമായ സ്ഥലം നാട്ടുകാർ സർക്കാറിന് കൈമാറിയിട്ടുണ്ടെങ്കിലും കെട്ടിടനിർമാണം ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിലെ 165-ഓളം കുടുംബങ്ങൾ താമസിക്കുന്ന നരിക്കോട്ടുമല പ്രദേശത്ത് ഇന്ന് യാതൊരുവിധത്തിലുള്ള ചികിത്സാകേന്ദ്രങ്ങളും ഇല്ലാത്തതിനാൽ 35-കിലോമീറ്റർ അകലെയുള്ള തലശ്ശേരിയിലെ ആരോഗ്യകേന്ദ്രങ്ങളെയാണ് ആശ്രയിക്കുന്നത്. ഭൂമിശാസ്ത്രപരമായ കിടപ്പ് ഇത് കൂടുതൽ ദുരിതപൂർണ്ണമാക്കുന്നു.

കക്കൂസ്:- ആരോഗ്യരംഗത്ത് കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 5266 വീടുകളിൽ 3371 വീടുകൾക്ക് മാത്രമേ സ്വന്തമായി കക്കൂസുകൾ ഉള്ളൂ. നരിക്കോട്മലയിൽ പത്തുശതമാനം വീടുകൾക്കുമാത്രമേ സ്വന്തായി കക്കൂസുകൾ ഉള്ളൂ. ഇതിനാൽ കുട്ടികളിൽ വിരശല്യം, വയറിളക്കം എന്നീ രോഗങ്ങൾ കൂടുതൽ കണ്ടുവരുന്നതായി സ്കൂൾ ആരോഗ്യപരിശോധനയിൽ കണ്ടെത്തുകയുണ്ടായി. 1994-95 കാലഘട്ടത്തിൽ 1140 ജലജന്യരോഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ

(1) സാമ്പത്തക പരാധീനത

(2) ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തത്

ഇതിന് പരിഹാരമായി സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ മറ്റു സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തിയും പരിഹരിക്കാം.

പരിസര ശുചിത്വം

വ്യവസായവൽക്കരണം വളരെകുറഞ്ഞ പ്രദേശമാകയാൽ പരിസരമലിനീകരണം ഗുരുതരമല്ല. എങ്കിലും മിക്ക ഭാഗങ്ങളിലും ശുചീകരണത്തിൻെറ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ സ്ഥിരം ജീവനക്കാരെ നിയമിക്കേണ്ടതാണ്. ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെപറയുംപ്രകാരം ക്രമപ്പെടുത്താം.

കടവത്തൂർ ടൗണിലെയും കല്ലിക്കണ്ടി പൊയിലൂർ തുടങ്ങിയ പ്രദേശങ്ങളിലെയും റോഡരുകിൽ മത്സ്യക്കച്ചവടം നടത്തുന്നത് നിർത്തലാക്കുക. പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ,മാംസ മാർക്കറ്റുകൾ നിർമിക്കുക. നിലവിലുള്ള ഇറച്ചി വിൽപന കടകളിൽനിന്ന് ഉപേക്ഷിക്കുന്ന വസ്തുക്കൾ പുഴകളിൽ നിക്ഷേപിക്കുന്നത് തടയുക. പകരം കമ്പോസ്റ്റ് കുഴികൾ നിർബന്ധമാക്കുക.

പ്രധാന കേന്ദ്രങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു. ഇത് കൊതുകുകൾ ഈച്ചകൾ മുതലായവ പെരുകുന്നതിന് കാരണമാവുന്നു. ഇത് ഒഴിവാക്കുന്നതിനായി ഓവുചാലുകൾ നിർമിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ശീതളപാനീയശാലകൾ എന്നിവിടങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പരിശോധന നിർബന്ധമാക്കുകയും ചെയ്യേണ്ടതാണ്.

ആരോഗ്യകേന്ദ്രം മുഴുവൻ സമയം പ്രവർത്തനസജ്ജമാക്കുകയും സ്പെഷലിസ്റ്റുകളുടെ മുഴുവൻ സമയസേവനം ലഭ്യമാക്കേണ്ടതും ഉണ്ട്. അനുവദിച്ച സബ്സെൻററുകൾ പ്രവർത്തനക്ഷമമാക്കേണ്ടിയിരിക്കുന്നു.


കല്ലിക്കണ്ടിപ്രദേശത്തെ തമിഴ് കുടിയേറ്റക്കാർക്കും നാടോടികൾക്കും ഉപയോഗിക്കുന്നതിന് ഒരു പൊതുകക്കൂസ് ലഭ്യമാക്കേണ്ടതുണ്ട്.

നരിക്കോട്ടുമലയിൽ കമ്യൂണിറ്റി കക്കൂസുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അലഞ്ഞുതിരിയുന്ന പട്ടികളെ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലെ VII-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പൊതുശ്മശാനം വ്യാപകമായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. അടുക്കളയിലെ പുകശല്യം ഒഴിവാക്കുന്നതിന് പുകയില്ലാത്ത അടുപ്പുകൾ വ്യാപിപ്പിക്കേണ്ടതുണ്ട്. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗൃഹപരിസരം ശുചിയായി സൂക്ഷിക്കാനും കഴിയും. വീടിനടുത്ത് മലിനജലം കെട്ടിനിൽക്കുന്നത് തടയുക കൂത്താടികൾ ഉള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് നശിപ്പിക്കുക തുടങ്ങിയ മാർഗങ്ങളാൽ കൊതുകു നശീകരണം ഫലപ്രദമാക്കാനാകും. ഈ പ്രവർത്തിയിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്ക് ഒപ്പം സന്നദ്ധസേവകരെയും ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്ത് നിവാസികളുടെ പൊതു ആരോഗ്യസ്ഥിതിമെച്ചപ്പെടുത്തുവാൻ പുകവലി മുറുക്ക്, മദ്യപാനം എന്നിവ പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണവിധേയമാക്കേണ്ടതുണ്ട്. ഈ രംഗത്ത് പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ ചില തുടക്കങ്ങൾ കുറിക്കാൻ കഴിഞ്ഞിട്ടുള്ളത് ആശാവഹംതന്നെ. ഇത് പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലും വ്യാപകമാക്കേണ്ടതായിട്ടുണ്ട്. രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ ഭയാശങ്കകൾ ദൂരീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും നേത്രദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. കുടുംബാസൂത്രണ രംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കാൻ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കഴിഞ്ഞിട്ടില്ല. ഇതിൽ ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും മറ്റു പ്രവർത്തകരെയും കൂട്ടിയിണക്കിയാൽ ആരോഗ്യപൂർണമായ ഒരു ഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാറ്റുവാൻ നമുക്ക് കഴിയും ഇതിനുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് ശ്രമിക്കാം.



ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

ജനങ്ങളുടെ സഹകരണവും കൂട്ടായ പ്രവർത്തനവുമാണ് ഒരു ഗ്രാമത്തിന്റെ പുരോഗതിയുടെ നിർണ്ണായക ഘടകം. നാടിന്റെ സർവ്വതോന്മുഖമായ വികസനത്തിന്റെ അടിസ്ഥാന ഘടകമാണ് റോഡുകൾ. നമ്മുടെ പൂർവ്വികർ ഗതാഗതയോഗ്യമായ റോഡുകളുടെ ഗുണ ഉപഭോക്താക്കളായിരുന്നില്ല. കാൽ നടയാത്രപോലും ദുഷ്കരമായിരുന്ന ഒറ്റയടിപ്പാതയിലൂടെ ക്ലേശകരമായ നാഴികകളോളം കാൽനടയാത്രയാണ് അവർക്ക് ലഭ്യമായിരുന്ന സഞ്ചാര സൗകര്യം. പഞ്ചായത്തിന്റെ തെക്കൻ മേഖലകളിൽ ചരക്കുകൾ എത്തിക്കാനും ഉൽപ്പന്നങ്ങൾ വിപണികളിൽ എത്തിക്കാനും മുഖ്യമായും ജലതാഗതമാണ് ഉപയോഗിച്ചിരുന്നത്.

ഈ കഷ്ടപ്പാടിൽ നിന്നുള്ള മോചനത്തിനായി ഗ്രാമീണർ കൂട്ടമായി പരിശ്രമിച്ചിരുന്നു. ഗ്രാമത്തിലുള്ളവരുടെ സംഘടിതമായ ശ്രമദാനത്തിലൂടെയും മറ്റും പ്രധാനപ്പെട്ട ചില മൺറോഡുകൾ നിലവിൽ വന്നു. തുടർന്നിങ്ങോട്ട് കാളവണ്ടികൾ രംഗപ്രവേശം ചെയ്തു. പിന്നീട് സൈക്കിളുകളും അതുപോലുള്ള മോട്ടോർ വാഹനങ്ങളും കടന്നു വന്നതായി കാണുന്നു. വീതിയുള്ള മൺറോഡുകളും അവയുടെ സുരക്ഷയ്ക്ക് നാമമാത്രമായെങ്കിലും സർക്കാർ സഹായവും ലഭ്യമായതോടെ റോഡുകളുടെ ദുരവസ്ഥ നീങ്ങിതുടങ്ങി. ചരക്കുഗതാഗതത്തിനും സഞ്ചാരത്തിനും പിന്നീട് ഗ്രാമീണർ മോട്ടോർ വാഹനങ്ങളെ ആശ്രയിക്കാൻ തുടങ്ങി.

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
റോഡ് സംബന്ധമായ വിവരങ്ങൾ

പട്ടിക-ഒന്ന്
P.W.D. റോഡുകൾ

ക്രമ നമ്പർ	റോഡുകളുടെ പേര്	നീളം കി.മീ.	വീതി കി.മി.
1	കടവത്തൂർ-കല്ലിക്കണ്ടിറോഡ്	4.000	8
2	കടവത്തൂർ-മുണ്ടത്തോട്	1.500	8
3	കല്ലിക്കണ്ടി-ചെറ്റക്കണ്ടി	1.200	8
4	കല്ലിക്കണ്ടി-ചിറക്കര	0.200	8
5	സെൻട്രൽ പൊയിലൂർ-തൂവക്കുന്ന്	2.000	8
6	കുനിയടത്ത് പാലം-ചിറ്റാരിത്തോട്പാലം	1.000	8
7	കടവത്തൂർ-കൊല്ലക്കൽപാലം	0.200	8
	ആകെ നീളം	10.100	

പട്ടിക-രണ്ട്

ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ

നമ്പർ	റോഡുകളുടെ പേര്	നീളം കി.മീ	വീതി കി.മീ.
1	കടവത്തൂർ-ഇരഞ്ഞിൻകീഴിൽ	1.000	6
2	അരയാക്കണ്ടിമുക്ക്-വലിയപറമ്പ്	0.300	8
3	മാരാൻവീട്-പിണലാട്ട്മുക്ക്	0.750	6
4	വിളക്കോട്ടൂർ ബസാർ-വിളക്കോട്ടൂർ യു.പി.	1.500	8
5	സെൻട്രൽ പൊയിലൂർ-പുല്ലായിത്തോട്	0.300	8
6	സെൻട്രൽ പൊയിലൂർ (ബാങ്ക്) വിളക്കോട്ടൂർ യു.പി	0.400	6
7	വിളക്കോട്ടൂർ-സെൻട്രൽ പൊയിലൂർ	1.000	18
8	ചെറ്റക്കണ്ടി-തെക്കുംമുറി	1.500	8
9	സെൻട്രൽ പൊയിലൂർ-വെങ്ങത്തോട്	4.000	8

പട്ടിക-മൂന്ന്

പഞ്ചായത്തിലെ മൺറോഡുകൾ

നമ്പർ	റോഡുകളുടെ പേര്	നീളം കി.മീ.	വീതി കി.മി.	സോളിംഗ് ചെയ്തത് കി.മി.
1	എരഞ്ഞീൻ കീഴിൽ കുറുളിക്കാവ് റോഡ്	1.000	3	ഇല്ല
2	എരഞ്ഞീൻ കീഴിൽ പൊയിൽമുക്ക്	0.500	6	0.500
3	മാപ്പള്ളി മുക്കം കച്ചേരി കടവ്	0.200	6	0.200
4	കാട്ടൂർ മുക്ക്-മൈതാനി	0.500	4	ഇല്ല
5	മാളിക്കൽമുക്ക്-മണക്കോട്	0.500	4	ഇല്ല
6	മഞ്ഞാംപുറം - കുരിന്താറ്റിൽ	1.000	3	ഇല്ല
7	എരഞ്ഞോളികണ്ടിമുക്ക് കോറ്റോൾ മുക്ക്	2.000	5	2.000
8	കുറുങ്ങാട്-ജുമാ അത്ത്പള്ളി	0.500	4	0.500
9	ഒറ്റാലിമുക്ക്-പൊയിൽമുക്ക്	0.500	4	0.500
10	നാണാറത്ത്മുക്ക്-അഴകത്ത്	0.500	3	ഇല്ല
11	ആറനാണ്ടി (സാമ്പ)-കുറുങ്ങാട്	0.600	6	0.600
12	അയ്യനമുക്ക്-ഉത്തരം വെള്ളിക്കടവ്	1.000	6	1.000

നമ്പർ	റോഡുകളുടെ പേര്	നീളം കി.മീ.	വീതി കി.മി.	സോളിംഗ് ചെയ്തത് കി.മി.
13	തെണ്ടപറമ്പ്-പുത്തൻപീടികമുക്ക്	1.000	5	1.000
14	അരയാക്കണ്ടിമുക്ക്-മുണ്ടത്തോട് തിരുമ്പൽപുഴ	1.000	6	1.000
15	മാരാംവീട്മുക്ക് തിരുമ്പൽപുഴ	1.000	6	1.000
16	ഉതുക്കമമൽ-പുളിയനാണ്ടി താഴെറോഡ്	1.500	4	ഇല്ല
17	എം.ടി. മുക്ക്-കാര്യാടത്തിൽ താഴെ	0.300	3	ഇല്ല
18	ഉതുക്കുമമൽ-പട്ടാടത്തിൽ റോഡ്	0.400	4	ഇല്ല
19	പള്ളിതാഴെ-ചെറ്റക്കണ്ടി തെണ്ടപ്പറമ്പ്-മദ്രസമുക്ക്	1.200	4	ഇല്ല
20	ചെറ്റക്കണ്ടി മുക്ക്	0.750	4	ഇല്ല
21	തെണ്ടപറമ്പ് എൽ.പി. സ്കൂൾ തുണ്ടിയിൽ താഴെ	0.500	4	ഇല്ല
22	മഞ്ഞളാം കണ്ടിമുക്ക് മൃഗാശുപത്രി റോഡ്	0.500	4	ഇല്ല
23	പുല്ലാട്ടുമ്മൽമുക്ക് അംഗനവാടി	0.600	4	ഇല്ല
24	വെളുത്തപറമ്പത്ത്മുക്ക്-മരക്കാട്ട് മുക്ക്	1.000	4	ഇല്ല
25	പുനത്തുമ്മൽ മുക്ക് - അത്തിലൻപീടിക റോഡ്	0.600	5	ഇല്ല
26	പൊട്ടൻകണ്ടിമുക്ക് - ശ്രീരാഗുരുകുലം സ്കൂൾ	1.000	5	ഇല്ല
27	കളത്തിൽമുക്ക്-നാണാറത്ത് മുക്ക്	0.600	4	ഇല്ല
28	കതിരമാക്കൂൽമുക്ക്-ഇരഞ്ഞിൻ കീഴിൽ	0.500	4	ഇല്ല
29	തെക്കുംമുറി വിളക്കോട്ടൂർ	1.500	8	ഇല്ല
30	വടക്കേപൊയിലൂർ-കുഴിക്കൽ - തൊണ്ണൂറാംമാക്കൂൽ	4.500	8	1.000
31	തെക്കുമുറിമുക്ക്-പുഴക്കൽക്കണ്ടി	0.300	8	ഇല്ല
32	പാത്തിക്കൽ-നരിക്കോട്മല-വാഴമല	9.000	8	3.600
33	പൊയിലൂർ ശ്രീനാരായണമഠം - കിഴക്കുംമുറി	2.150	8	ഇല്ല
34	വിളക്കോട്ടൂർ-കായലോട്ട്താഴ പുല്ലായിതോട്-ചമതക്കാട്	1.000	8	ഇല്ല
	പൊടിക്കളം - എളാംതോട്	8.000	8	1.500
35	പൊയിലൂർ-കായംകുളം-കാവുപനിച്ചി	5.000	8	ഇല്ല
36	ചമതക്കാട്-കുഴിക്കൽ	3.000	6	ഇല്ല
37	ഉപ്പുതറ-കോത്രച്ചാൽ	2.500	6	ഇല്ല

നമ്പർ	റോഡുകളുടെ പേര്	നീളം കി.മീ.	വീതി കി.മി.	സോളിംഗ് ചെയ്തത് കി.മി.
38	പൊയിലൂർ ബസ്സ്റ്റോപ്പ് - പുല്ലായിത്തോട്	0.300	6	ഇല്ല
39	പാറയുള്ള പറമ്പ്-ചമതക്കാട് റോഡ്	0.750	8	ഇല്ല
40	കുളത്തുവായ്-ഇളാംതോട്	2.500	6	ഇല്ല
41	വക്കേപൊയിലൂർ - ഈസ്റ്റ് എൽ.പി. സ്കൂൾ	2.500	[illegible]	ഇല്ല
42	രയരോത്ത്-കാറിവഴി-പാറയുള്ള പറമ്പ്	1.500	6	ഇല്ല
43	പൊയിലൂർ റേഷൻകട-ബേക്കറി - എസ്.എൻ മഠം	1.500	6	ഇല്ല
44	പൊയിലൂർ കുളം-ഇല്ലത്ത് താഴ	1.500	4	ഇല്ല
45	മരുന്നൻറവിട മുക്ക് - ചാക്യാർകുന്ന്പള്ളി	0.300	4	ഇല്ല
46	പൊയിലൂർ ശ്രീനാരായണമഠം പുലിക്കുയിമ്പ് റോഡ്	0.350	4	ഇല്ല
47	വള്ളിൽമുക്ക്-കല്ലിങ്ങേന്റെറ വിടമുക്ക്	0.350	4	ഇല്ല
48	സെ: പൊയിലൂർ-പൊയിനേരി സ്കൂൾ -മേപ്പാട്	0.750	4	ഇല്ല
49	പൊയിലൂർ ടിമ്പർമിൽ-വടക്കയിൽ പീടിക-മേപ്പാട്	1.000	4	ഇല്ല
50	ഇല്ലത്ത്മഠം-വടക്കയിൽ പീടിക	0.750	4	ഇല്ല
51	പൊയിലൂർ ഡിസ്പൻസറി-നമ്പ്രത്താഴെ വയൽ	0.750	5	ഇല്ല
52	അരയാക്കണ്ടിമുക്ക്-വിളക്കോട്ടൂർ മഠം	0.600	6	ഇല്ല
53	നെല്ലിത്തറ കരിയാരി	2.000	4	ഇല്ല
54	അരയാക്കണ്ടി മുക്ക്-തമ്പായി മുക്ക്	1.500	6	ഇല്ല
55	ചെറ്റക്കണ്ടി- ചീക്കോൾ മുക്ക്	0.750	4	ഇല്ല
56	രാമർഹല്ലി ബസ്സ്റ്റോപ്പ് ആനോൾ	0.750	4	ഇല്ല
57	ചമതക്കാട്-കൂടപ്രം-പെരുവമ്പാടി	1.000	4	ഇല്ല
58	പുന്നോറാംപാൽ - തൂവേൻറതാഴ	1.000	4	ഇല്ല
59	വള്ളിൽമുക്ക്-അത്യക്കുഴി	1.000	4	ഇല്ല
60	മോറോത്ത്-പെട്ടിപീടിക	0.500	4	ഇല്ല
61	മുത്തപ്പൻമഠപ്പുര പൊയിലൂർ ബാങ്ക്	0.500	6	ഇല്ല
62	ചെറ്റക്കണ്ടി-കരിങ്കൽ കാറി റോഡ്	0.750	4	ഇല്ല
63	എടക്കുടി മുക്ക്-വായോത്ത്പുഴ	0.500	4	ഇല്ല

പട്ടിക 3-ൽ പറഞ്ഞ റോഡുകളിൽ പഞ്ചായത്ത് ഏറ്റെടുക്കാത്തവയും പെടുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെറ സത്വതശ്രദ്ധ പതിയണം.

അവലംബം: ഗ്രാമസഭാനിർദ്ദേശങ്ങളും ദ്വിതീയ വിവരശേഖരണവും.

പട്ടിക - നാല്

പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

നമ്പ്ര്	റോഡുകളുടെ പേര്	നീളം.കി.മി.	വീതി.കി.മി
1.	പുനത്തുമ്മൽ പീടിക കുഞ്ഞിപ്പറമ്പത്ത് റോഡ്	1.000	6
2.	കുഞ്ഞിപ്പീടിക- ശ്രീരാമഗുരുകുലം എൽ.പി.സ്കൂൾ	0.300	6
3.	എൻ.എ.എം. കോളേജ്- പൊതുശ്മശാനം റോഡ്	0.500	6
4.	മീത്തൽ - ഉതുക്കുമ്മൽ	3.000	6
5.	മൂലമ്പറ്റകുന്ന് - മീത്തൽമുക്ക്	1.000	6
6.	ഈസ്റ്റ് ചെറ്റക്കണ്ടി - മണത്തണ	0.800	6
7.	വിളക്കോട്ടൂർ (ട്രാൻസ്ഫോർമർ) തെക്കുംമുറി റോഡിന്റെ ഭാഗം	1.500	6
8.	വിളക്കോട്ടൂർ ലക്ഷംവീട്- കോളനി റോഡ്	2.000	6
9.	എലിത്തോട്പാലം - ഇടത്തിൽമുക്ക്	0.300	6
10.	തൃപ്രങ്ങോട്ടൂർ എൽ.പി.സ്കൂൾ- പാറേമ്മൽ യു.പി.സ്കൂൾ	0.400	6
11.	മൊയിലോത്ത് - പാറേമ്മൽ യു.പി.സ്കൂൾ		

പട്ടിക - അഞ്ച്

പഞ്ചായത്തിൽ പുതുതായി ആവശ്യമായ പാലങ്ങൾ

നമ്പർ	SITE
1.	വിളക്കോട്ടൂർ - കായലോട് താഴ (കണ്ണൂർ - കോഴിക്കോട് ജില്ലകളുടെ അതിർത്തിയായ ഈ പ്രദേശത്ത് രണ്ട് ജില്ലകളേയും ബന്ധിപ്പിച്ച് പാലം പണിയുക)
2.	4-ാം വാർഡിൽ നടമ്മൽ പുഴയ്ക്ക്
3.	കാക്രോട് വയൽ - ഇടവന - നടപ്പാത നിർമ്മാണം (ചെറ്റക്കണ്ടി പുഴയ്ക്ക്)
4.	11-ാം വാർഡിൽ അള്ളംകുന്ന് പുഴയ്ക്ക് പാലം ഇതിനുപുറമേ നിലവിലുള്ള എലിത്തോട് പാലം വീതികൂട്ടിപുതുക്കി പണിയുക

അവസ്ഥ

പട്ടിക ഒന്നിൽ വിവരിച്ച പ്രകാരം പഞ്ചായത്തിൽ 10.100 കിലോമീറ്റർ വരുന്ന ഏഴ് പൊതുമരാമത്ത് റോഡുകൾ ഉണ്ട്. പഞ്ചായത്തിലെ എല്ലാ P.W.D. റോഡുകളും കുണ്ടും കുഴിയും നിറഞ്ഞ് ടാറിളകി ഗതാഗതം ദുഷ്കരമായിതീർന്നിരിക്കുന്നു.

പഞ്ചായത്തിൽ 6.950 കിലോമീറ്റർ ടാർചെയ്ത പഞ്ചായത്ത് റോഡുകളുണ്ടെങ്കിലും കാലവർഷകെടുതിയും അറ്റകുറ്റപണികൾക്കുള്ള സാമ്പത്തികപ്രയാസവും കാരണം റോഡുകൾ താറുമാറായി കിടക്കുകയാണ്.

62ഓളം മൺറോഡുകൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഒട്ടുമിക്കതും ഗതാഗത യോഗ്യമല്ലാത്തതാണ്. പട്ടിക മൂന്നിലെ രണ്ടാം നമ്പർ റോഡിന്റെ മെറ്റലിംഗ് ടാറിംഗ് പ്രവൃത്തി നടന്നുവരുന്നു.

തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ കടവത്തൂർ മുതൽ വഴമല വരെ (പഞ്ചായത്തിന്റെ ഒരതിർത്തി മുതൽ മറ്റെ അതിർത്തിവരെ) പഞ്ചായത്തിനുള്ളിൽകൂടി എല്ലാ പ്രധാന കേന്ദ്രങ്ങളേയും ബന്ധിപ്പിക്കുന്ന തരത്തിൽ ഒരു പഞ്ചായത്ത് ഹൈവേ കണ്ടെത്താൻ പ്രയാസമാണ്.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ ടാർചെയ്ത റോഡുകളും മേൽവിശദീകരിച്ച ദുരവസ്ഥയ്ക്ക് പ്രധാന കാരണം കാലവർഷകൊടുതിയാണ്. ആവശ്യമുള്ളിടത്ത് ഓവുചാലുകൾ ഇല്ലാത്തതും ഓവുപാലങ്ങൾ ഉപയോഗശൂന്യമായതും റോഡിന്റെ പാർശ്വങ്ങളിൽ വെള്ളം വാർന്ന് പോകാൻ ഉതകുംവിധം ഓവുചാലുകൾ മതിയായ ആഴത്തിൽ നിർമ്മിക്കാത്തതുമാണ് റോഡിന്റെ തകർച്ചയ്ക്കുള്ള മറ്റൊരു കാരണം.

റോഡു നിർമ്മാണത്തിന്റെ ഗുണനിലവാരം ഉയർത്തുന്ന കാര്യത്തിൽ അധികൃതർ കാണിക്കുന്ന ഉദാസീനതയും ഈ രംഗത്തെ അഴിമതികളും റോഡിന്റെ ശോചനീയാവസ്ഥയ്ക്ക് കാരണമായി തീർന്നു. കടവത്തൂർ മുതൽ കല്ലിക്കണ്ടി വരെയുള്ള 4.km P.W.D. റോഡ് ധാരാളം വളവുകൾ ഉള്ളതിനാൽ വാഹനഗതാഗതത്തിന് ഭീഷണി ഉയർത്തുന്നു. നിലവിലുള്ള ടാർ ചെയ്ത പഞ്ചായത്ത് റോഡുകളിൽ മിക്കതിലും മതിയായ വീതി ഉറപ്പ്വരുത്താൻ അധികൃതർ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. മതിയായ അഴത്തിൽ ഓവുപാലങ്ങൾ നിർമ്മിച്ചിട്ടില്ല.

പഞ്ചായത്തിലെ 63ഓളം വരുന്ന മൺറോഡുകളിൽ മിക്കതിലും സോളിംഗ് മെറ്റലിംഗ് ജോലികൾ പൂർത്തിയായിട്ടില്ല. ആവശ്യത്തിന് ഓവുപാലങ്ങൾ നിർമ്മിച്ചിട്ടില്ല.

സാധ്യതകൾ

പഞ്ചായത്തിലെ മുഴുവൻ റോഡിന്റെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം. അപകടം പതിയിരിക്കുന്ന റോഡുകളുടെയും ഓവുപാലങ്ങളുടെയും സുരക്ഷ ഉറപ്പ് വരുത്തണം. ചെറ്റക്കണ്ടി - കല്ലിക്കണ്ടി റോഡിൽ ശ്രീകൃഷ്ണ ക്ഷേത്രത്തിനു സമീപം ഓവുചാൽ നിർമ്മിച്ച് റോഡിന്റെ സുരക്ഷ ഉറപ്പുവരുത്തണം. പൊയിലൂർ - കിഴക്കും മുറി റോഡിൽ പാലത്തിന്റെ പണി എം.പി. ഫണ്ടിൽ പൂർത്തിയാക്കിയെങ്കിലും കോഴിക്കോട് ജില്ലയുമായി ഗതാഗത സൗകര്യം വർദ്ധിപ്പിക്കാൻ വളരെയധികം പ്രയോജനകരമായ റോഡിന്റെ പണി പൂർത്തിയായില്ല.

പഞ്ചായത്തിലെ റോഡുകളുടെ നിർമ്മാണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തണം. കരിങ്കൽ ക്വാറികളിൽ നിന്നും സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയവയ്ക്കുള്ള കല്ലുകളും ശേഖരിച്ച് ചെലവ് കുറഞ്ഞ തരത്തിൽ പണി പൂർത്തിയാക്കാവുന്നതാണ്.

പഞ്ചായത്ത് ഹൈവേ നിർദ്ദേശം
പട്ടിക - ആറ്

Sl.No.	റോഡിന്റെ പേര്	നീളം കി.മി.	വീതികി.മി.	ടാറിംഗ്
1.	കടവത്തൂർ-കല്ലിക്കണ്ടി-ചെറ്റക്കണ്ടി-വിളക്കോട്ടൂർ-സെ:പൊയിലൂർ	11.000	8	1.500
2.	വടക്കേപൊയിലൂൽ - കുഴിക്കൽ	3.000	8	3.000
3.	പാത്തിക്കൽ - നരിക്കോട് മല -വാഴമല	9.000	8	9.000

നിർദ്ദിഷ്ട പഞ്ചായത്ത് ഹൈവേയിൽ ടാറിംഗ് ചെയ്യാൻ ബാക്കിയുള്ള 13.500 കി.മീറ്റർ ടാർചെയ്ത് ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.

പഞ്ചായത്തിലെ ഏക ഗിരിവർഗ്ഗസങ്കേതമായ (നരിക്കോട് മല ട്രൈബൽ സെറ്റിൽമെൻറ്) നരിക്കോട്ട് മലയിലേക്ക് ഗതാഗതസൂത്രണത്തിൻ മുൻഗണന നൽകണം. ഇക്കാര്യത്തിൽ പാത്തിക്കൽ - നരിക്കോട് മല - വാഴമല റോഡ് പ്രാധാന്യമർഹിക്കുന്നു. ഹൈവേയിൽ തെക്കുംമുറി - വിളക്കോട്ടൂർറോഡിൽ 1.500 കി.മി. ടാറിംഗ് പൂർത്തിയാക്കണം. വടക്കേപൊയിലൂർ - കുഴിക്കൽ റോഡ് 8.മീറ്റർ വീതിയിൽ EARTH WORK പൂർത്തിയാക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഹൈവേ യാഥാർത്ഥ്യമായാൽ പതിനൊന്ന് വാർഡുകളേയും ബന്ധിപ്പിച്ച് 8അനുബന്ധ റോഡുകൾ നിർമ്മിച്ചാൽ ഒരു വലിയ ഗതാഗതശൃംഖല നിലവിൽ വരും. പഞ്ചായത്തിൻെറ ഗതാഗതരംഗത്ത് വിപ്ലവാത്മകമായ പരിവർത്തനം സൃഷ്ടിക്കാൻ ജനപങ്കാളിത്തത്തോട് കൂടി ഈ പദ്ധതി പ്രാവർത്തികമാക്കാം.

ഊർജ്ജം

പഞ്ചായത്തിൽ വൈദ്യുതി എത്തിയത് എഴുപതുകളുടെ ആദ്യപാദത്തിലാണ്. കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലംകൊണ്ട് പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയും മുഴുവൻ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. ചൊക്ലി, പൊന്ന്യം സബ്സ്റ്റേഷനുകളിൽ നിന്നാണ് വൈദ്യുതി ഇവിടെ ലഭ്യമാവുന്നത്. ചൊക്ലി, പാനൂർ എന്നീ സെക്ഷൻ ഓഫീസുകളിൽനിന്ന് വൈദ്യുതി വിതരണം ചെയ്യപ്പെടുന്നു. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലായി 12 ട്രാൻസ്ഫോർമറുകൾ ഉണ്ട്. (പട്ടിക - IV). എന്നാൽ വോൾട്ടേജ് ക്ഷാമം രൂക്ഷം തന്നെ. മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോർമറിനുവേണ്ടി ആവശ്യമുയർന്നിട്ടുണ്ട്.

വിറക്, മണ്ണെണ്ണ എന്നിവയാണ് പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്ന മറ്റ് ഊർജ്ജ സ്രോതസ്സുകൾ. ഭൂരിപക്ഷം വീടുകളിലും വിറക് അടുപ്പ്തന്നെ. ബ്ലോക്കിൻെറ സഹായത്തോടെ സ്ഥാപിച്ച പുക യില്ലാത്ത അടുപ്പുകൾ 15 വീടുകളിൽ ഉണ്ട്. വാഴമല കൃസ്തീയ ദേവാലയത്തിൽ ഒരു സോളാർ ലാമ്പ് സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ സാമ്പത്തിക സഹായമുണ്ടായിട്ടും ബയോഗ്യാസ് പദ്ധതി ജനങ്ങളെ ആകർഷിക്കുന്നതായി കാണുന്നില്ല.

പ്രശ്നങ്ങൾ

പഞ്ചായത്ത് പരിധിക്കുള്ളിൽ 4535 (പട്ടിക I. അവലംബം: ദ്വീതിയ വിവരശേഖരണം) വൈദ്യുതി ഉപഭോക്താക്കൾ ഉണ്ടെങ്കിലും വൈദ്യുതി ബോർഡിൻെറ ഒരു മേജർ സെക്ഷൻ ഓഫീസ് ഇല്ലാത്തത് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. നമ്മുടെ പഞ്ചായത്തിലെ ഏകഗിരിവർഗ്ഗമേഖലയായ നരിക്കോട്ട് മലയിൽ വൈദ്യുതി എത്തിയിട്ടില്ല. പകൽ സമയങ്ങളിൽ തെരുവുവിളക്കുകൾ പ്രകാശിച്ചുകാണുന്നത് വൈദ്യുതി ബോർഡിൻെറ കുറ്റകരമായ അനാസ്ഥകൊണ്ട് തന്നെ. ബോർഡ് ജീവനക്കാരിൽ പലരും സാമൂഹിക പ്രതിബദ്ധതയില്ലാത്തവരും ജോലിയിൽ അനാസ്ഥ കാണിക്കുന്നവരുമാണെന്ന് പല ഗ്രാമസഭകളിലും പരാതിയുയരുകയുണ്ടായി. സമ്പന്ന വിഭാഗക്കാർ STEP-UP ഉപയോഗിക്കുന്നത് സാധാരണക്കാരെ വിഷമത്തിലാക്കുന്നു.

സാധ്യതകൾ - നിർദ്ദേശങ്ങൾ

കടുത്ത ഊർജ്ജക്ഷാമത്തിന് പരിഹാരമായി സൗരോർജ്ജം ഫലപ്രദമായി ഉപയോഗിച്ച് ഊർജ്ജപ്രതിസന്ധി തരണം ചെയ്യാനുള്ള ക്രിയാത്മകനിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉണ്ടായി. സ്ട്രീറ്റ്ലൈറ്റ് ഗാർഹിക ഉപയോഗങ്ങൾ എന്നിവയ്ക്ക് സൗരോർജ്ജം ഉപയോഗപ്പെടുത്താനുള്ള നടപടികൾ ഉണ്ടാവണം. പ്രത്യേകിച്ചും വൈദ്യുതി എത്തിക്കാൻ പ്രയാസമുള്ള നരിക്കോട്, വാഴമല പ്രദേശങ്ങളിൽ.

വൈദ്യുതി ലാഭിക്കാനും ഉപയോഗം പരിമിതപ്പെടുത്തുന്നതിനും ചിലയിടങ്ങളിൽ പ്രചരിച്ചുവരുന്ന ''കോംപാക്ട് ഫ്ലൂറസൻറ് ലാമ്പ്'' പഞ്ചായത്തിൽ ഒരു വീട്ടിൽ ഒന്നെങ്കിലും ഏർപ്പെടുത്തുന്ന

ത് നന്നായിരിക്കും. പഞ്ചായത്തിലെ 3745 ഗാർഹിക ഉപഭോക്താക്കൾ (പട്ടിക -1) ഈ പദ്ധതിയിൽ വരുമ്പോൾ ഒരു അളവെങ്കിലും വൈദ്യുതി ലാഭിക്കാം. ഗാർഹിക ഇതര ഉപഭോക്താക്കൾക്കും ഇത് പ്രയോജനപ്പെടുത്താം. ഇതിന് നിലവിലുള്ള സബ്സിഡിക്ക് പുറമേ പഞ്ചായത്തും സബ്സിഡി നൽകേണ്ടതാണ്. ബ്ലോക്ക് തലത്തിൽ നിലവിലുള്ള പദ്ധതിപ്രകാരം പുക കുറഞ്ഞ ചിലവ് കുറഞ്ഞ അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

പട്ടിക - ഒന്ന്
നിലവിലുള്ള ഉപഭോക്താക്കൾ

ഇനം	ഇലക്ട്രിക്കൽ മേജർസെക്ഷൻ പാനൂർ	ഇലക്ട്രിക്കൽ മേജർസെക്ഷൻ ചൊക്ലി	ആകെ
ഗാർഹികം	2615	1130	3745
വ്യാപാരം	126	120	246
വ്യാവസായികം	10	8	18
കാർഷികം	476	50	526

പട്ടിക രണ്ട്
കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ളവർ

ഇനം	ഇലക്ട്രിക്കൽ മേജർസെക്ഷൻ പാനൂർ	ഇലക്ട്രിക്കൽ മേജർസെക്ഷൻ ചൊക്ലി	ആകെ
ഓർഡിനറി	325	611	936
O.T.P	8	1	9
OYEC	52	18	70

പട്ടിക - മൂന്ന്
തൻവർഷത്തെ കണക്ഷൻ

ഇനം	പാനൂർ	ചൊക്ലി	ആകെ
ഓർഡിനറി	4	10	14
OTP	-	NIL	NIL
OYEC	34	45	79

പട്ടിക - നാല്
പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.ടി. ട്രാൻസ്ഫോർമറുകൾ

നമ്പർ	സ്ഥലം	കപ്പാസിറ്റി
1.	കടവത്തൂർ	160 kw
2.	മുണ്ടത്തോട്	"
3.	ഇരഞ്ഞിൻ കീഴിൽ	"
4.	കല്ലിക്കണ്ടി	"
5.	ഉതുക്കുമ്മൻ	"
6.	തെണ്ടപ്പറമ്പ്	"
7.	ആറനാണ്ടി	"
8.	വിളക്കോട്ടൂർ	"
9.	വിളക്കോട്ടൂർ അംഗൻവാടി	"
10.	സെൻട്രൽ പൊയിലൂർ	"
11.	സെൻട്രൽ പൊയിലൂർ ജംഗ്ഷൻ	"
12.	വടക്കേ പൊയിലൂർ	"

പട്ടിക - അഞ്ച്
സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

	പാനൂർ	പൊക്ലി	ആകെ
ബൾബ് - 40 W	88	59	147
ട്യൂബ്	NIL	NIL	NIL
മെർക്കുറി	NIL	1	1
സോഡിയം വേപ്പർഒൗ	5	7	12

പട്ടിക - ആറ്
സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടക്കുന്ന തുക

ഇലക്ട്രിക്കൽ മേജർ സെക്ഷൻ പാനൂർ	ഇലക്ട്രിക്കൽ മേജർ സെക്ഷൻ പൊക്ലി	ആകെ
1354 രൂപ	931 രൂപ	2285 രൂപ

പട്ടിക ഒന്ന് മുതൽ ആറ്വരെ അവലംബം:
ദ്വിതീയ വിവരശേഖരണം

മാർക്കറ്റ്


തൃപ്രങ്ങോടൂർ പഞ്ചായത്തിൽ കേന്ദ്രീകൃതമായ മാർക്കറ്റുകളില്ല. എങ്കിലും ഒറ്റപ്പെട്ട മലഞ്ചരക്ക്, ഇറച്ചി, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ വിപണികൾ ഉണ്ട്. കടവത്തൂർ, കല്ലിക്കണ്ടി, പൊയിലൂർ എന്നിവിടങ്ങളിലാണ് മേൽസൂചിപ്പിച്ച മാർക്കറ്റുകൾ

പ്രശ്നങ്ങൾ

മാർക്കറ്റുകൾ ഒറ്റപ്പെട്ടതായതിനാൽ വിപണിയിൽനിന്ന് കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഇറച്ചി, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നു.

സാധ്യതകൾ - നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളായ കടവത്തൂർ, കല്ലിക്കണ്ടി, ചെറ്റക്കണ്ടി, പൊയിലൂർ, വിളക്കോടൂർ, വടക്കേ പൊയിലൂർ എന്നിവിടങ്ങളിൽ കേന്ദ്രീകൃത മാർക്കറ്റുകൾ സ്ഥാപിക്കണം. വിഭവങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പഞ്ചായത്തിന്റെ കേന്ദ്രമായ കല്ലിക്കണ്ടിയിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആഴ്ചചന്ത സ്ഥാപിക്കണം. പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ സഹായം ഈ കാര്യത്തിൽ നേടാവുന്നതാണ്. ഉപഭോക്താക്കൾ ഒരുതരത്തിലും ചൂഷണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തണം.



ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

ഏതൊരു ജനവിഭാഗത്തിന്റെയും സാമൂഹ്യവും സാംസ്കാരികവുമായ ഉന്നമനം ആ പ്രദേശത്തിന്റെ ജീവിതരീതിയുമായി ബന്ധപ്പെട്ടുകിടക്കുന്ന ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയെന്നത് ജനങ്ങളുടെ ഉൽക്കടമായ ആഗ്രഹമാണ്. ജീവിതസൗകര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അവനവന്റെ പാർപ്പിടസൗകര്യമാണ്. ഈ പഞ്ചായത്തിൽ ചെറ്റക്കുടിലിൽ താമസിക്കുന്നവരേയും മണിമാളികകളിൽ താമസിക്കുന്നവരേയും കാണാൻ കഴിയും. പഞ്ചായത്തിന്റെ വികസനം സാക്ഷാൽക്കരിക്കണമെങ്കിൽ പാർപ്പിടപ്രശ്നം പരിഹരിക്കേണ്ടത് അത്യാവശ്യമാണ്.

ഈ പഞ്ചായത്തിൽ ആകെ 5266 വീടുകളുണ്ട്. ഈ വീടുകളിൽ ആകെ 7000-ത്തോളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ചെറ്റക്കുടിലുകളും ക്വാർട്ടേഴ്സുകളിലും താമസിക്കുന്ന കുടുംബങ്ങൾ ഏകദേശം 10%-ത്തോളം വരും. പുറത്ത്നിന്നുള്ള തമിഴരും മറ്റും പീടികത്തിണ്ണയിലും മറ്റും താമസിക്കുന്നുണ്ടെങ്കിലും അവരുടെ എണ്ണം ക്ലിപ്തമല്ല. പഞ്ചായത്തിലുടനീളം പുതിയകെട്ടിടങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇവയിൽ ഭൂരിഭാഗവും വീടുകൾതന്നെയാണ്. പുതുതായി നിർമ്മിക്കപ്പെടുന്ന വീടുകൾ കോൺക്രീറ്റ് മേൽക്കൂരയോടുകൂടിയതാണ്. പഞ്ചായത്തിൽ മൊത്തം വീടുകൾ പരിശോധിച്ചാൽ ഓട്മേഞ്ഞ വീടുകളാണ് കൂടുതൽ. ഓലമേഞ്ഞ വീടുകളും കുറവല്ല.

മൊത്തംവീടുകൾ	കൂടിലുകൾ	ഓടുമേഞ്ഞവ	ഓലമേഞ്ഞവ	കോൺക്രീറ്റ്
5266	300	2598	1094	1274

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം

1991-92	1992-93	1993-94	1994-95	1995-96
5980	6100	6539	6634	6787

വീടില്ലാത്ത കുടുംബങ്ങൾ ഈ പഞ്ചായത്തിൽ നിരവധിയുണ്ട്. അവർ ഏകദേശം 25%ത്തോളം വരും. അവരിൽ 10%ത്തോളം കുടുംബങ്ങൾ വീടുവെയ്ക്കാൻ സ്ഥലമില്ലാത്തവരാണ്. 15%ത്തോളം കുടുംബങ്ങൾ വീടുനിർമ്മിക്കാനാവശ്യമായ സാമ്പത്തികസ്ഥിതിയില്ലാത്തവരാണ്. പാർപ്പിടം വലിയ വിഭാഗം കുടുംബങ്ങളെ അലട്ടുന്ന മുഖ്യപ്രശ്നമാണ്. വീടുനിർമ്മിക്കാൻ ഭൂമിയില്ലാത്ത ദരിദ്രകുടുംബങ്ങൾക്ക് സർക്കാർ കോളനികൾ സ്ഥാപിച്ചുകൊടുക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ 3 ഏക്കറോളം സ്ഥലം കോളനികൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെതായിട്ടുണ്ട്. വീടുനിർമ്മിക്കാൻ മറ്റു സ്ഥലങ്ങളും പഞ്ചായത്തിന് സമ്പാദിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്.

നരിക്കോട് മലയിൽ താമസിക്കുന്ന ആദിവാസികളുടെ ജീവിതം പരമദയനീയമാണ്. അവിടെ 80-ൽപരം കുടിലുകളിലായി 100ഓളം കുടുംബങ്ങൾ താമസിക്കുന്നു. അവരിൽ 20ഓളം കുടുംബങ്ങൾക്ക് പേരിന്പോലും വീടില്ല. ഉള്ള കുടിലുകൾ തന്നെ ജീർണ്ണിച്ചതാണ്. ഇവർക്ക് ഇല്ലായ്മയുടെ കഥകൾ മാത്രമെ പറയാനുള്ളൂ. ആരോഗ്യരംഗവും തഥൈവ. പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യം ഒരു കുടിലിനുമില്ല. ഈ കാര്യങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപെടുത്തിയിട്ടും വർഷങ്ങളോളമായി ആ പ്രദേശം അവഗണിക്കപ്പെടുകയാണ്. ഈ ദുരവസ്ഥക്ക് മാറ്റം വരുത്താൻ അധികൃതരുടെ സത്വരശ്രദ്ധ പതിയേണ്ടതാണ്. ഈ പ്രദേശത്ത് ആദിവാസികൾക്കായി കോളനികൾ സ്ഥാപിച്ചുകൊണ്ടും മറ്റു ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയും ഈ പ്രശ്നത്തിന്ന് പരിഹാരം കണ്ടെത്തേണ്ടതാണ്.

സ്വന്തമായ സ്ഥലമുള്ള പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഒരുപാടു ആനുകൂല്യങ്ങൾ സർക്കാർ പ്രഖ്യാപിക്കാറുണ്ടെങ്കിലും അത് ഏതെങ്കിലും ഗുണഭോക്താവിന് ലഭിച്ചിട്ടുണ്ടോ

എന്ന സംശയമാണ്. അത്തരം ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ ചുകപ്പുനാടയിലും ഉദ്യോഗസ്ഥരുടെ അവഗണനയിലും വിജയം കാണാതെ പോവുകയാണ് പതിവ്. ഇത്തരം സമീപനം കാരണം അർഹരായ പലർക്കും ഇത്കൊണ്ടുള്ള പ്രയോജനം ലഭിക്കാറില്ല.

ഭവനനിർമ്മാണത്തിന്ന് ധനസഹായം ലഭിക്കുന്ന യാതൊരു സംവിധാനവും ഈ പഞ്ചായത്തിൽ ഇല്ല. ധനസഹായം നൽകുന്ന സഹകരണസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ നിലവിൽവരേണ്ടതാണ്. ഭവനനിർമ്മാണരംഗത്ത് ധനസഹായം ലഭിക്കണമെങ്കിൽ ഇന്നത്തെ വായ്പാസമ്പ്രദായം അടിമുടിമാറേണ്ടതുണ്ട്. ഏറെ പ്രതീക്ഷയോടുകൂടി ഒരു വീടിന്റെ പദ്ധതിയുമായി മുന്നോട്ടുവരുന്ന ഗുണഭോക്താവ് നിലവിലിരിക്കുന്ന വായ്പാരീതിയിൽ മനഃക്ലേശം തന്നെ അനുഭവിക്കുന്നുണ്ട്. റവന്യൂ അധികൃതരിൽ നിന്നും ലഭിക്കേണ്ട പ്ലാൻ തുടങ്ങി രജിസ്ട്രാഫീസിൽനിന്ന് ലഭിക്കേണ്ട കുടിക്കടസർട്ടിഫിക്കറ്റുകളും ഇന്നൊരു ത്യാഗത്തിന്റെ കഥതന്നെയാണ്. ഇതിന് ആവശ്യമായ പരിഹാരം കണ്ടെത്തിയ വായ്പയെക്കുറിച്ച് ചിന്തിക്കുന്നതിൽ അർത്ഥമുള്ളു. ചുരുക്കത്തിൽ വീടുനിർമ്മാണവുമായി മുന്നോട്ടുവരുന്ന അപേക്ഷകന് തന്റെ മുമ്പിലുള്ള കടമ്പകളെ ലഘൂകരിക്കപ്പെടുന്നതിനുള്ള മാർഗ്ഗമാണ് ആവശ്യം. വീട് നിർമ്മാണവുമായി ബന്ധപ്പെട്ട വായ്പാ സംവിധാനങ്ങൾ മുഴുവനും പഞ്ചായത്ത് സമിതിക്ക് വിട്ടുകൊടുക്കണം. അപേക്ഷകൻ ഉൾക്കൊള്ളുന്ന വാർഡ്മെമ്പറുടെ ശുപാർശയനുസരിച്ച് പഞ്ചായത്ത് സമിതി അന്തിമമായ തീരുമാനം കൈകൊള്ളണം. വായ്പ ലഭിക്കേണ്ട ഗുണഭോക്താവിന് കാലതാമസം നിർമ്മാണപ്രവർത്തനത്തെ സാരമായി ബാധിക്കുന്നത്കൊണ്ട് അപേക്ഷകളിൽ തീരുമാനം പെട്ടന്ന് എടുക്കേണ്ടതാണ്. പാവപ്പെട്ടവർക്ക് പലിശനിരക്ക് ഇളവ് ചെയ്യേണ്ട കാര്യവും പരിഗണിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ വീടുനിർമ്മാണം സൗകര്യത്തേക്കാളുപരി ആഡംബരമായും വളർന്നുവരുന്നുണ്ട്. ചിലവുകുറഞ്ഞ വീടുകളുടെ ഗുണമേന്മയെക്കുറിച്ച് ഒരു ബോധവൽക്കരണം തന്നെ നടത്തേണ്ടതാണ്. ആയാസരഹിതമായ വായ്പാപദ്ധതികൾക്ക് പഞ്ചായത്ത് മുഖ്യപ്രാധാന്യം നൽകി ഹൗസിംഗ് സൊസൈറ്റികൾക്ക് നേതൃത്വം കൊടുക്കേണ്ടതാണ്.

സാമൂഹ്യക്ഷേമം

ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനത്തിൽ ഈ പഞ്ചായത്ത് വളരെ പിന്നിലാണ്. ഗവർമെൻറ് തലത്തിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ നിലവിലുണ്ടെങ്കിലും അവ പ്രായോഗികവും പ്രയോജനപ്രദവുമായി ഈ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. I.R.D.P, U.B.S ലിസ്റ്റിലുള്ള കുടുംബങ്ങൾക്ക് 8-ാംപദ്ധതികാലത്ത് ആനുകൂല്യങ്ങൾ അപൂർവ്വമാണ് ലഭിച്ചിട്ടുള്ളത്. DWCRA തുടങ്ങിയ പദ്ധതികളും ഈ പഞ്ചായത്തിൽ ഇല്ല.

DWCRA പദ്ധതി ഈ പഞ്ചായത്തിലും തുടങ്ങേണ്ടതാണ്. എത്രയും യൂനിറ്റുകൾ ആരംഭിച്ചു തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്. ഈ കാര്യത്തിൽ പഞ്ചായത്ത് നേതൃത്വം നൽകേണ്ടതാണ്.

പെൺകുട്ടികൾക്ക് തൊഴിൽപരിശീലന കേന്ദ്രങ്ങളും, സ്ത്രീകൾക്ക് തൊഴിൽശാലകളും സ്ഥാപിക്കുന്നത്, ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ഒരു പരിധിവരെ സഹായകരമായിരിക്കും. ഖാദിബോർഡുമായി സഹകരിച്ചു പഞ്ചായത്തിൽ നൂൽനൂൽപ്പുകേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകുന്ന സഹകരണകേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. തയ്യൽപരിശീലനകേന്ദ്രങ്ങളും, റെഡിമെയ്ഡ്, എബ്രോയിഡറി എന്നിവതുടങ്ങി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

പൊതുവിതരണരംഗം ഈ പഞ്ചായത്തിൽ മതിയായ തോതിലില്ല. ചെറ്റക്കണ്ടി പ്രദേശത്ത് ഒരു പൊതുവിതരണകേന്ദ്രത്തിന്റെ ആവശ്യം ഇപ്പോഴും നിലനിൽക്കുന്നു. അവിടെ ഒരു പൊതുവിതരണ കേന്ദ്രം അനുവദിക്കേണ്ടതാണ്.

പഞ്ചായത്തിൽ ആകെ അംഗൻവാടികളും, ബാലവാടികളുമായി 10എണ്ണം പ്രവർത്തിക്കുന്നുണ്ട്. അവയുടെ നില തീർത്തും ശോചനീയവുമാണ്. ഒരൊറ്റ അംഗൻവാടിയിലും ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ കളിപ്പാട്ടങ്ങൾ മുതലായവ ആവശ്യത്തിന്നില്ല. പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യവും ഇല്ല. അതിനാൽ ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ടവർ ചെയ്യേണ്ടതും അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ മതിയായ ധനസഹായം നൽകേണ്ടതുമാണ്. അംഗൻവാ


ടികൾ പത്തെണ്ണം ഉണ്ടെങ്കിലും അവകൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല. കല്ലിക്കണ്ടി ചെറ്റക്കണ്ടി പ്രദേശത്ത് ഏകദേശം 2കി.മിറ്ററിനുള്ളിൽ ഒരു അംഗൻവാടിപോലുമില്ല. ആ പ്രദേശത്ത് ഒരു അംഗൻവാടി അനുവദിക്കപ്പെടെണ്ടതാണ്.

അവശർക്കും അഗതികൾക്കും പല ധനസഹായപദ്ധതികൾ നിലവിലുണ്ടെങ്കിലും പലർക്കും അതൊരു മരീചികയായി അവശേഷിക്കുകയാണ്. ഏത് തരത്തിലുള്ള സഹായത്തിന്നാണ് തങ്ങൾ അർഹരെന്ന് പലർക്കും അറിയില്ല. ഇത്തരം അപേക്ഷകൾ സമർപ്പിക്കുന്നതിനും ലഭിക്കുന്നതിനും വൈഷമ്യങ്ങൾ ധാരാളമാണ്. ലഭിച്ച അപേക്ഷകളിൽ തീരുമാനം എടുക്കാൻ അധികൃതർക്ക് താല്പര്യങ്ങൾ ഇക്കാര്യത്തിലില്ല. അത്കൊണ്ട് അർഹരായവർ അവഗണിക്കപ്പെടുന്നു.

പഞ്ചായത്തിൽ വിധവ-വാർദ്ധക്യ-വികലാംഗ പെൻഷനുകൾക്ക് സമയബന്ധിതമായി തീരുമാനം എടുക്കേണ്ടതാണ്. അർഹരായ അപേക്ഷകളിൽ വാർഡ്മെമ്പർമാരുടെ ശുപാർശ ഈ കാര്യത്തിൽ മതിയായ രേഖയായിരിക്കണം. ഇതിൽ സ്വജനപക്ഷപാതം വരുന്നോ എന്ന് നോക്കുന്നതിന് ഒരു മേലന്വേഷണ സമിതിയെയും പരിഗണിക്കാവുന്നതാണ്. അങ്ങിനെ സാമൂഹ്യക്ഷേമവകുപ്പുവഴിയും മറ്റും വിതരണം ചെയ്തുകൊണ്ടിരിക്കുന്ന എല്ലാതരം പെൻഷനുകൾക്കുമുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനും അവ വിതരണം ചെയ്യാനുമുള്ള അധികാരം പഞ്ചായത്തിന് നല്കുകയും സർക്കാർ കാലതാമസം വരുത്താതെ പഞ്ചായത്തിന് ഫണ്ട് അനുവദിക്കുകയും ചെയ്താൽമാത്രമെ അർഹരായവർക്ക് ഈ ധനസഹായപദ്ധതികൾ മൂലമുള്ള പ്രയോജനം ലഭിക്കുകയുള്ളൂ. കഴിഞ്ഞ ഏതാനും വർഷങ്ങളായി വിവിധയിനം പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം പരിശോധിച്ചാൽ അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ ലഭിക്കുന്നില്ല എന്നകാര്യം ബോദ്ധ്യമാകും.

1991 - 92		
ധനസഹായത്തിന്റെ ഇനം	ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ എണ്ണം	തീരുമാനമാകാത്ത അപേക്ഷകൾ
അഗതിപെൻഷൻ	-	തിട്ടമില്ല
വിധവാപെൻഷൻ	2	-
വികലാംഗപെൻഷൻ	5	-
വാർദ്ധ്യകാലപെൻഷൻ	1	-
കർഷകതൊഴിലാളി പെൻഷൻ	177	-
തൊഴിലില്ലായ്മാ വേതനം	12	-
	1992-93	
അഗതി പെൻഷൻ	1	
വിധവാപെൻഷൻ	3	-
വികലാംഗപെൻഷൻ	4	-
വാർദ്ധ്യകാലപെൻഷൻ	-	-
കർഷകതൊഴിലാളിപെൻഷൻ	216	-
തൊഴിലില്ലായ്മാവേതനം	12	-

1994-95		
ധനസഹായത്തിന്റെ ഇനം	ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ. എണ്ണം	തീരുമാനമാകാത്ത അപേക്ഷകൾ
അഗതിപെൻഷൻ	-	-
വിധവാപെൻഷൻ	1	-
വികലാംഗപെൻഷൻ	2	-
വാർദ്ധ്യകാലപെൻഷൻ	-	-
കർഷകതൊഴിലാളിപെൻഷൻ	224	-
തൊഴിലില്ലായ്മാവേതനം	12	-
	1995-96	
അഗതിപെൻഷൻ	-	-
വിധവാപെൻഷൻ	29	-
വികലാംഗപെൻഷൻ	3	-
വാർദ്ധ്യകാലപെൻഷൻ	11	-
കർഷകതൊഴിലാളിപെൻഷൻ	226	-
തൊഴിലില്ലായ്മാവേതനം	12	-



സംസ്കാരം - കായികരംഗം

ദേശീയപ്രസ്ഥാനം, കർഷകമുന്നേറ്റങ്ങൾ, അധ്യാപകപ്രസ്ഥാനം തുടങ്ങിയവയുടെ കാലത്തു തന്നെ നമ്മുടെ പഞ്ചായത്തിലും പുരോമഗനോന്മുഖമായ ഒരു സാംസ്കാരിക ഉണർവ് ദൃശ്യമായി. ജന്മിത്തത്തിന്റെ ആചാരവ്യവസ്ഥകളും ജാതീയമായ ഉച്ചനീചത്വങ്ങളും ഇവിടെ നിലനിന്നിരുന്നു. എന്നിരുന്നാലും ഈ നൂറ്റാണ്ടിന്റെ ആരംഭംമുതൽ തന്നെ കുടിപ്പള്ളിക്കൂടങ്ങളും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും നിലവിൽവന്നു. താരതമ്യേന എല്ലാ വിഭാഗക്കാർക്കും പ്രാഥമികവിദ്യാഭ്യാസം നേടാൻ കഴിയുന്ന ഒരു സാഹചര്യം ഇവിടെ നിലനിന്നിരുന്നു.

മതവിഭാഗങ്ങൾ

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ജനവിഭാഗങ്ങൾ സൗഹാർദ്ദത്തോടെ കഴിഞ്ഞുവരുന്നു. ഹിന്ദു, മുസ്ലീം വിഭാഗങ്ങൾ പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും ഉണ്ടെങ്കിലും ക്രിസ്ത്യുമതക്കാർ വാഴമലയിൽ ആണ് അധിവസിക്കുന്നത് . ഓരോ ജനവിഭാഗത്തിനും അവരുടേതായ ആചാരവിശ്വാസങ്ങളും ആരാധനാലയങ്ങളും അനുഷ്ഠാനങ്ങളും ഉണ്ട്.

കടവത്തൂരിലെ കുറൂളിക്കാവ്, വിളക്കോട്ടൂർ, പൊയിലൂർ, ചെറ്റക്കണ്ടി എന്നിവിടങ്ങളിലെ മഠപ്പുരകൾ തുടങ്ങിയവയാണ് ഹിന്ദുക്കളുടെ പ്രധാന ആരാധനാലയങ്ങൾ. എല്ലാ വർഷവും ജനകീയമായി നടത്തുന്ന ഉത്സവാഘോഷങ്ങൾ ഇതിന്റെ പ്രത്യേകതയാണ്. തുലാം 10, കർക്കിടകവാവ്, വിവിധ ക്ഷേത്രങ്ങളിലെ തിറയുത്സവങ്ങൾ മുതലായവയും പ്രസ്താവ്യമാണ്. ഇതിനുപുറമെ വായനശാലകളും ഗ്രന്ഥശാലകളുമായി പ്രവർത്തിക്കുന്ന ശ്രീനാരായണമന്ദിരങ്ങളും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ ചെറുതും വലുതുമായ 22ഓളം മുസ്ലീം പള്ളികൾ ഉണ്ട്. ഇതിൽ കടവത്തൂർ ജുമാ-അത്ത് പള്ളി, തൃപ്രങ്ങോട്ടൂർ, വിളക്കോട്ടൂർ പൊയിലൂർ പള്ളികൾ പൗരാണികങ്ങളാണ്. നബിദിനം, ചെറിയപെരുന്നാൾ, ബലിപെരുന്നാൾ, എന്നീ ആഘോഷങ്ങൾ പള്ളികളുടെ ആഭിമുഖ്യത്തിൽ നടത്താറുണ്ട്. ഇതുകൂടാതെ പള്ളികമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുമുണ്ട്.

വാഴമലയിലെ കത്തോലിക്കാപള്ളിയാണ് പഞ്ചായത്തിലെ ഏകക്രിസ്ത്യൻ ദേവാലയം. ഈസ്റ്റർ, ക്രിസ്തുമസ് മുതലായ ആഘോഷങ്ങൾ ഇവിടെ നടക്കാറുണ്ട്.

ഹിന്ദുമതത്തിൽ ഹരിജൻ വിഭാഗത്തിൽപെടുന്ന പുലയർ, പരവ, വണ്ണാൻ, മലയൻ എന്നിവർ ചെറിയൊരു ശതമാനം മാത്രമാണ് ഇവിടെയുള്ളത്. എടുത്തുപറയത്തക്ക ഹരിജൻ കോളനികളില്ല. പഴശ്ശിരാജാവിന്റെ പടയാളികളായി പ്രവർത്തിച്ചിരുന്ന കുറിച്യരുടെ പിൻഗാമികളെ നരിക്കോട് മലയിൽ കാണാം. കുറിച്യരുടെ 75ഓളം കുടുംബങ്ങൾ ഇവിടെ അധിവസിക്കുന്നു. പിന്നോക്കവിഭാഗത്തിലുൾപ്പെട്ട തീയർ, വാണിയർ, കാവുതിയർ, ആശാരി, തട്ടാൻ, കൊല്ലൻ തുടങ്ങിയ വിഭാഗങ്ങളുമുണ്ട്.

മുസ്ലീങ്ങളിൽ എടുത്തുപറയത്തക്ക ജാതിവിഭാഗങ്ങളില്ല. ക്രിസ്ത്യാനികളിൽ റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരുമാണുള്ളത്. ജാതിമതാടിസ്ഥാനത്തിലുള്ള സാമ്പത്തിക ഉച്ചനീചത്വങ്ങളില്ല. സാമ്പത്തികമായി വളരെ മുന്നോക്കം നിൽക്കുന്നവരും പിന്നോക്കം നിൽക്കുന്നവരും എല്ലാ ജനവിഭാഗങ്ങളിലുമുണ്ട്.

സ്വാതന്ത്ര്യസമരസേനാനികൾ, ഐ.എൻ.എ. പോരാളികൾ, അധ്യാപകപ്രസ്ഥാനത്തിന്റെ പ്രവർത്തകർ തുടങ്ങിയവർ പഞ്ചായത്തിന്റെ സാംസ്കാരികോന്നമനത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നു. വി.പി. കുഞ്ഞിരാമൻമാസ്റ്റർ, കെ.പി. കൃഷ്ണൻമാസ്റ്റർ, ടി.വി. അച്ചുതൻനായർ, കെ. ചാത്തുക്കുട്ടിമാസ്റ്റർ എന്നിവർ അധ്യാപകപ്രസ്ഥാനത്തിന് വിത്തുപാകി.

ഒരു പ്രദേശത്തെ സാംസ്കാരിക പുരോഗമനത്തിന് അത്യന്താപേക്ഷിതമായ വായനശാലകളുടേയും ഗ്രന്ഥാലയങ്ങളുടേയും കാര്യത്തിൽ നമ്മുടെ പഞ്ചായത്തിന്റെ അവസ്ഥ തുലോം പരിതാപകരമാണ്. 25 ഓളം സാംസ്കാരിക സ്ഥാപനങ്ങൾ പഞ്ചായത്തിലുടനീളം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ ഗ്രന്ഥാലയങ്ങൾ പകുതിപോലുമില്ലെന്നത് പൊതുവായനാശീലത്തെ കാര്യമായി ബാധിക്കുന്നു. ഗ്രന്ഥശാലസംഘത്തിൽ അഫിലിയേറ്റ് ചെയ്ത ഒരു സ്ഥാപനംപോലും നമുക്കില്ല. സ്കൂൾലൈബ്രറികളാവട്ടെ നിർജീവമാണ്.

കല്ലിക്കണ്ടിയിൽ പുതുതായി നിർമ്മിച്ച സാംസ്കാരികനിലയത്തിൽ ഒരു സൗകര്യവും ഇല്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വായനശാലയും ലൈബ്രറിയും ജനങ്ങൾക്ക് ഉപകരിക്കുന്നില്ലെന്നതാണ് അവസ്ഥ. കലാസാംസ്ക്കാരിക സംഘടനകളെ പ്രോത്സാഹിപ്പിക്കാൻ ഇപ്പോൾ ഒരു പരിപാടിയും ഇല്ല. ഒരു ഓപ്പൺ എയർ തിയേറ്ററിന്റെ അഭാവം കലാപ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നുണ്ട്.

യുവാക്കളാണ് ലൈബ്രറി ഉപയോഗിക്കുന്നതിൽ ഭൂരിപക്ഷവും. ലൈബ്രറികളിൽ മൂന്നാംകിട നോവലിനാണ് പ്രാധാന്യം. ശാസ്ത്രം മറ്റു ഗഹനമായ വിഷയങ്ങൾ ഇവ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ അപൂർവമാണ്. ഗവേഷണസ്വഭാവമുള്ള ഗ്രന്ഥങ്ങളുടെ അഭാവം പാരലൽകോളേജുകൾ വഴി ഉപരിവിദ്യാഭ്യാസം നേടുന്നവർക്ക് വിഷമത സൃഷ്ടിക്കുന്നു.

ഹിന്ദുഭവനങ്ങളിൽ ഒരുകാലത്ത് പതിവായിരുന്ന രാമായണം, കൃഷ്ണപ്പാട്ട് പോലുള്ള ഗ്രന്ഥങ്ങളുടെ വായന മുരടിച്ചുപോയിരിക്കുകയാണ്. ഗൗരവമുള്ള വായന ഏറെ കുറഞ്ഞിട്ടുണ്ട്. ടെലിവിഷന്റെ ദുസ്വാധീനം പ്രായഭേദമെന്യേയുള്ള വായനയേയും മറ്റു സാംസ്കാരികപ്രവർത്തനങ്ങളേയും പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വനിതകളുടെ വായന പൈങ്കിളി പ്രസിദ്ധീകരണങ്ങളിലും കുട്ടികളുടേത് ചിത്രകഥകളിലും ഒതുങ്ങി നിൽക്കുന്നു. കയ്യെഴുത്തുമാസികകൾ തുടങ്ങിയ സാംസ്കാരിക സംരംഭങ്ങൾ അപൂർവമാണ്. മൊത്തത്തിൽ പഞ്ചായത്തിൽ 'നേരംകൊല്ലി' വായനാസംസ്കാരം പടർന്നുപിടിച്ചിരിക്കുകയാണ്.

പത്തിൽതാഴെ ശതമാനം വീടുകളിൽ മാത്രമാണ് ടെലിവിഷൻ ഉള്ളതെങ്കിലും അതിന്റെ സ്വാധീനം വളരെക്കൂടുതലാണ്. ഇത് കുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കേരളോത്സവം നടക്കാറുള്ള കാലത്ത് ധാരാളം ക്ലബുകളും സാംസ്കാരികസമിതികളും സജീവമാവാറുണ്ട്. കേരളശാസ്ത്ര സാഹിത്യപരിഷത്തിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ സജീവമാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളോടും സ്ഥലങ്ങളോടനുബന്ധിച്ച് അനേകം ഐതിഹ്യങ്ങൾ നിലവിലുണ്ട്. തെയ്യങ്ങൾ, തോറ്റങ്ങൾ, തുടങ്ങിയവയും നിലനിൽക്കുന്നുണ്ട്. പൂരക്കളി, കോൽക്കളി, പരിചമുട്ട്, തിരുവാതിര, ദഫ്മുട്ട്, ഓണപ്പൊട്ടൻ, ഗോദാവരി, നാടൻപാട്ടുകൾ തുടങ്ങിയ സമ്പന്നമായ പൈതൃകങ്ങൾ നാമമാത്രമായിത്തീർന്നിരിക്കുകയാണ്. പായമടയൽ, കുട്ടമടയൽ, മുറംമടയൽ എന്നിവയിൽ വൈദഗ്ദ്യമുള്ളവരും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ചില സീസണിൽമാത്രം പൊങ്ങിവരുന്ന കരാട്ടെ, കളരി ക്ലാസുകളും പഞ്ചായത്തിലുണ്ട്.

സാമൂഹ്യരാഷ്ട്രീയ സാംസ്കാരികരംഗത്ത് സ്ത്രീകളുടെ അദൃശ്യത പ്രകടമാണ്. വിദ്യാഭ്യാസതൊഴിൽ മേഖലകളിൽ സ്ത്രീകൾ വളരെ പിന്നോക്കമാണ്. സ്ത്രീകൾ തേഞ്ഞുതീരുന്ന ഒരു വീട്ടുപകരണമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. സ്ത്രീധനസമ്പ്രദായം പ്രകടമല്ലെങ്കിലും അത് മറ്റു പലവിധത്തിലും നിലനിൽക്കുന്നുണ്ട്. വിവാഹം മുതലായ ചടങ്ങുകളിൽ പണക്കൊഴുപ്പും ധൂർത്തുമാണ് കാണുന്നത്. ഇതിൽ കാണുന്ന മാത്സര്യബുദ്ധി ഭയാനകമാണ്. അത്കൊണ്ട് സാധാരണക്കാർക്ക് ഇത്തരം ചടങ്ങുകൾ നടത്തുകയെന്നത് ഒരുപേടിസ്വപ്നമായിതീർന്നിരിക്കുകയാണ്.

അക്രമപ്രവണതയും അനാശാസ്യപ്രവർത്തനങ്ങളും അടുത്തകാലത്തായി വർദ്ധിച്ചുവരുന്നുണ്ട്. ചാരായനിരോധനത്തിനു ശേഷവും അനധികൃത മദ്യവില്പന ചില കേന്ദ്രങ്ങളിൽ നിർബാധം തുടരുകയാണ്. പഞ്ചായത്തിൽ ചില മദ്യവിരുദ്ധസംഘടനകൾ ഉണ്ടെങ്കിലും അവർക്ക് വേണ്ട പൊതുസഹായങ്ങൾ ലഭിക്കാറില്ല.

കായികരംഗം

ഗ്രാമീണ അന്തരീക്ഷത്തിൽ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വിത്തു പാകിയിരുന്ന വിവിധ കളികൾ മാഞ്ഞുപോകുന്നത് അത്യന്തം ഉത്ക്കണ്ഠയോടെ മാത്രമേ നമുക്ക് നോക്കിക്കാണാൻ സാധിക്കൂ... പരമ്പരാഗത കളികൾ പലതും വിസ്മൃതമാകുമ്പോൾ ഭ്രാന്തമായ മനസ്സുകളെ സൃഷ്ടിക്കുന്ന പുതിയവ ഉയർന്നുവരികയും ചെയ്യുന്നു. ഒരുകാലത്ത് വോളീബോൾ നെറ്റുകൾ വൈകുന്നേരങ്ങളിൽ ഗ്രാമങ്ങളിൽ ചലനാത്മകമായിരുന്നു. ഇന്ന് അവ അപൂർവ്വകാഴ്ചകൾ മാത്രം. പഴയ കാലത്ത് കളിസ്ഥലങ്ങൾ സുലഭമായിരുന്നു. ഇന്ന് അവയൊക്കെ കെട്ടിടങ്ങൾ കൈയടക്കിയിരിക്കുന്നു. ചുരുക്കത്തിൽ കളിസ്ഥലങ്ങൾ ലഭിക്കാതായിരിക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഈ സ്ഥിതിക്ക് പരിഹാരം കണ്ടെത്തിയാൽ മാത്രമേ കായികരംഗം മെച്ചപ്പെടുത്താൻ സാധിക്കൂ.

അപൂർവ്വമാണെങ്കിലും അങ്ങിങ്ങ് നമ്മുടെ പഞ്ചായത്തിൽനിന്നും മത്സരവേദികളിൽ അണിനിരന്ന് സമ്മാനർഹരായവരെ എടുത്തുപറയാൻ സാധിക്കും.

വാഴമലയിലെ റോണി.കെ. ചെറിയാൻ കോഴിക്കോട് സർവ്വകലാശാലാമത്സരങ്ങളിൽ ഹൈജംബിൽ സ്വർണ്ണമണിഞ്ഞു. കല്ലിക്കണ്ടിയിലെ എം. മുസ്മഫ ഷോട്ട്പുട്ട്, ഡിസ്കസ്ത്രോ എന്നിവയിൽ സംസ്ഥാന സ്കൂൾ കായിക മേളയിലും സർവ്വകലാശാലയിലും ജേതാവായിരുന്നു. '96ലെ അമേച്വർ അത്ലറ്റിക്സ് മത്സരത്തിൽ ഒന്നാംസ്ഥാനവും നേടി.

കളിക്കളത്തിന്റെ അഭാവം പഞ്ചായത്തിൽ കായികരംഗത്തെ വളർച്ചയെ ബാധിക്കുന്നുണ്ട്. ചട്ടപ്രകാരം നിശ്ചിത സ്ഥലം കളികൾക്ക് നീക്കിവെക്കണമെന്ന വിദ്യാഭ്യാസനിയമം സ്കൂളുകളിൽ പാലിക്കപ്പെടുന്നില്ല. ഇത് വിദ്യാർത്ഥികളുടെ കായിക അഭിരുചി മുരടിക്കാൻ ഇടയാക്കുന്നു.

പഞ്ചായത്തിൽ സൗകര്യമുള്ള കളിസ്ഥലം നിർമ്മിക്കുകയും, കായിക സംഘടനകൾക്ക് ആവശ്യമായ പ്രോത്സാഹനം ലഭ്യമാക്കുകയും വേണം. കായികമേളകൾ സംഘടിപ്പിക്കണം.

വാർഡുതലത്തിൽ ജനകീയ പങ്കാളിത്തത്തോടെ കളിസ്ഥലങ്ങൾ കണ്ടെത്തണം. നിർമ്മാണപ്രവർത്തനം ജനകീയ സന്നദ്ധസേനകളെ ഏല്പിക്കണം. ആട്ടകളി, കോട്ടികളി, പന്ത്കളി മുതലായവ അപ്രത്യക്ഷമാവുകയാണ്. ശാരീരിക വളർച്ചക്കും ഊർജ്ജസ്വലതക്കും മുൻതൂക്കം ലഭിക്കുന്ന കളികൾ പ്രോത്സാഹിപ്പിക്കപ്പെടണം.

നിലവിലുള്ള ലൈബ്രറികളും വായനശാലകളും ക്ലബ്ബുകളും

1. പഞ്ചായത്ത് ലൈബ്രറി, കടവത്തൂർ
2. പഞ്ചായത്ത് സാംസ്കാരികനിലയം, കല്ലിക്കണ്ടി
3. ഗുരുദേവ ഗ്രന്ഥാലയം &വായനശാല, ചെറ്റക്കണ്ടി
4. ശ്രീനാരായണ വായനശാല & ഗ്രന്ഥാലയം, പൊയിലൂർ
5. ശ്രീനാരായണ സാംസ്കാരികവേദി, പാറയുള്ളപറമ്പ്
6. ഐഡിയൽ ലൈബ്രറി & റീഡിങ്ങ്റൂം, കടവത്തൂർ
7. ചാലഞ്ചേഴ്സ്, വിളക്കോട്ടൂർ
8. പാസ്കോ, പൊയിലൂർ
9. ബോധിസാംസ്കാരികവേദി, വടക്കെപൊയിലൂർ
10. സെബി, വാഴമല
11. സഹൃദയ, പൊയിലൂർ
12. യുവചേതന, വിളക്കോട്ടൂർ
13. ഗ്രാമസേവ, പൊയിലൂർ
14. ഫീനിക്സ്ക്ലബ്, കടവത്തൂർ
15. വിവേകാനന്ദ, സെ. പൊയിലൂർ
16. എം.എസ്.എം. ലൈബ്രറി, ഇരഞ്ഞീൻകീഴിൽ
17. യുവചേതനസാംസ്കാരികവേദി, മുണ്ടത്തോട്
18. യുവശക്തി കലാകായികസമിതി, തെക്കുംമുറി
19. ജ്ഞാനോദയവായനശാല, പൊയിലൂർ
20. നവജീവൻ വായനശാല, മേപ്പാട്, പൊയിലൂർ
21. സ്മിതസാംസ്കാരികവേദി, കല്ലിക്കണ്ടി
22. വ്യാസ, പൊയിലൂർ
23. ഇർഷാദ് ലൈബ്രറി, കല്ലിക്കണ്ടി
24. സി.എച്ച്. യൂത്ത് സെൻറർ, കല്ലിക്കണ്ടി
25. കിഫ് കടവത്തൂർ

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് സാംസ്കാരികനിലയം വായനശാലയും ലൈബ്രറിയുമായി വികസിപ്പിക്കുക. വൈകുന്നേരം 8 മണിവരെ പ്രവർത്തിപ്പിക്കുക.

2. കലാപോഷണത്തിന് പഞ്ചായത്ത് ആസ്ഥാനത്ത് ഓപ്പൺഎയർ തിയേറ്റർ സ്ഥാപിക്കുക.

3. പഞ്ചായത്ത് വായനശാലയുടെയും ലൈബ്രറിയുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക.

4. കുട്ടികളുടെ വായനാശീലം പോഷിപ്പിക്കാൻ 'കുട്ടികളുടെപുസ്തകകോർണർ' ഉണ്ടാക്കുക.

5. സർവകലാശാലാ നിലവാരത്തിലുള്ള റഫറൻസ് ഗ്രന്ഥങ്ങൾ ലൈബ്രറികളിൽ ലഭ്യമാക്കുക.

6. ടി.വി., കുട്ടികളുടെ പഠനത്തെ ബാധിക്കുന്നതിനാൽ മലയാളസംപ്രേഷണത്തിന്റെ സമയം മാറ്റാൻ സമ്മർദ്ദം ചെലുത്തുക.

7. തോറ്റങ്ങൾ, നാടൻപാട്ടുകൾ, ഐതിഹ്യങ്ങൾ തുടങ്ങിയവ ശേഖരിച്ച് സൂക്ഷിക്കുക (Documentation)

8. പരമാവധി തൊഴിലവസരങ്ങൾ നിലനിർത്തിക്കൊണ്ട് കൈത്തൊഴിലുകൾ വ്യാപിപ്പിക്കുക.

9. ശ്രീനാരായണ സാംസ്കാരിക സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിവാഹധൂർത്ത് ചുരുക്കാവുന്നതാണ്.

10. അനധികൃത മദ്യവില്പന തടയുന്നതിന് സ്ത്രീകൾ ഉൾപെടുന്ന ജനകീയസമിതികൾക്ക് രൂപം നൽകുക.

11. സ്ത്രീകൾക്ക് തൊഴിലും സാമൂഹ്യമാന്യതയും ഉറപ്പുവരുത്താൻ വനിതാസഹകരണസംഘങ്ങൾ സ്ഥാപിക്കുക.

12. സ്ത്രീകളിൽ നേതൃശേഷി വളർത്താൻ സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ ശ്രദ്ധിക്കുക.

13. അക്രമങ്ങൾ തടയുവാൻ രാഷ്ട്രീയപ്രസ്ഥാനങ്ങൾ മുൻകൈയെടുക്കുക.

14. കായിക പുരോഗതിക്ക് പൊതുകളിസ്ഥലം നിർമ്മിക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കുക.

15. സ്കൂൾതല സാംസ്കാരികപ്രവർത്തനങ്ങൾ ജനകീയ സഹകരണത്തോടെ കൂടുതൽ ശക്തമാക്കുക (ഉദാ: കയ്യെഴുത്തുമാസിക വായനാകോർണർ, സാഹിത്യസമാജം, Etc.)

16. അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന നാടൻകളികൾ പ്രോത്സാഹിപ്പിക്കണം.

17. തൊഴിലുമായി ബന്ധപ്പെട്ട കായികമത്സരങ്ങൾ സംഘടിപ്പിക്കണം. (ഉദാ: തെങ്ങുകയറ്റം, ഓലമടയൽ Etc.)

വനിത

സമൂഹത്തിലെ ഭൂരിപക്ഷത്തെ പ്രതിനിധീകരിക്കുന്ന വനിതകൾ ഒന്നും അറിയാതെ പറയത്തക്ക ഒന്നിലും ഭാഗവാക്കാകാതെ ഗ്രാമങ്ങളിൽ അടുക്കളകളിൽ അമ്മയായും ഭാര്യയായും ഒതുങ്ങി ജീവിക്കുന്നു എന്നതാണ് തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലും കാണുന്ന സവിശേഷത.

സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വനിതകളുടെ പങ്ക് പുരുഷനെ അപേക്ഷിച്ച് വിരളമാണ്. മുൻകാലങ്ങളിൽ സ്ത്രീവിദ്യാഭ്യാസം പരിമിതമായിരുന്നു. സാക്ഷരതാപ്രവർത്തനത്തിൽ ചെറിയതോതിലുള്ള മാറ്റം അവരിലുണ്ടാക്കി എന്നതൊഴിച്ചാൽ വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീപങ്കാളിത്തം കുറവാണ്. പ്രത്യേകിച്ചും മുസ്ലീംസമുദായത്തിലും പട്ടികവർഗ്ഗവിഭാഗത്തിലും പൊതുപരിപാടികളിൽ വനിതകൾ അടുത്തകാലംവരെ ഇല്ല എന്നുതന്നെപറയാം. ശൈശവവിവാഹം നിലവിലില്ലെങ്കിലും പ്രായപൂർത്തിയാകാത്ത വിവാഹം നടക്കുന്നുണ്ട്. സ്ത്രീധനസമ്പ്രദായം വെച്ചു പുലർത്തുന്ന മതവിഭാഗങ്ങൾ ഉണ്ട്. ഹിന്ദുമതത്തിൽ പുരുഷന്മാർ സ്ത്രീയെകണ്ട് കല്യാണം നടത്തുമ്പോൾ മുസ്ലിങ്ങൾ പുരുഷന്മാരെ അന്വേഷിച്ച് കല്യാണം നടത്തുന്നു.

1991-ലെ സെൻസസ്സ് പ്രകാരം പുരുഷന്മാർ 12401, സ്ത്രീകൾ 13,880 ആണ്. കുട്ടികൾ ജനിക്കുമ്പോൾ പെൺകുട്ടി എന്നു കേൾക്കുമ്പോൾ നിന്ന് പരുങ്ങുന്ന ഒരവസ്ഥ സമൂഹത്തിലുണ്ട്. ഉന്നതവിദ്യാഭ്യാസമുള്ള സ്ത്രീകൾ സമൂഹത്തിൽ കുറവാണ്. (ഡോക്ടർ2. എഞ്ചിനിയർ ഇല്ല. വക്കീൽ1) സ്ത്രീകൾ തൊഴിൽചെയ്യുന്ന മേഖല അദ്ധ്യാപനം മാത്രമാണ്.

വാർഡിൽ ഒന്ന് എന്ന കണക്കിന് അംഗൻവാടി വർക്കർമാർ ഉണ്ട്. സ്ത്രീകളെ പങ്കാളികളാക്കികൊണ്ട് നടത്താവുന്ന എംബ്രോയിഡറി, കോഴിവളർത്തൽ, ചെറുകിടവ്യവസായങ്ങൾ, അടുക്കളതോട്ടം എന്നിവ ഉണ്ടാക്കി സ്ത്രീകളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു അടിയന്തിര പ്രക്രിയ തുടങ്ങേണ്ടിയിരിക്കുന്നു.

പൊതുരംഗത്ത് മെമ്പർമാർ അല്ലാതെ സ്ത്രീകളുടെ രംഗം കുറവാണ്. അംഗൻവാടി കേന്ദ്രീകരിച്ചുള്ള മാതൃസംഗമവും വിദ്യാലയം എന്നിവയിലെ മാതൃസംഗമവും ഇതിന് കുറച്ചൊക്കെ മാറ്റം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ 60% വീടുകളിലും സ്ത്രീകളാണ് കുടുംബനാഥ. വിദ്യാലയങ്ങളിൽ കുടുതലും പെൺകുട്ടികളാണ് പഠിക്കുന്നതെങ്കിലും കോളേജുകളിൽ ഇത് കുറഞ്ഞുവരുന്നു.

സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖല തീരെ ഇല്ലെന്നു പറയാം. പുരുഷനും സ്ത്രീയും ജോലിചെയ്യുന്ന ഒരേമേഖലയിൽ പുരുഷനെക്കാൾ കുറഞ്ഞ വേതനമാണ് സ്ത്രീക്ക് ലഭിക്കുന്നത്.

വർഷം	ജനസംഖ്യ	ആൺ	പെൺ	വീടുകൾ	പഞ്ചായത്തിൽ ജോലിചെയ്യുന്ന വനിതകൾ
90-91	26281	12401	13880	5266	123

അവലംബം ദ്വിതീയവിവരശേഖരണം

വനിതാക്ഷേമം

മുമ്പ്കാലങ്ങളിൽ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ സ്ത്രീകൾ സാമൂഹ്യരംഗത്തും വിദ്യാഭ്യാസരംഗത്തും വളരെ പിന്നിലായിരുന്നു. ഇന്ന് ഇതിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഒരു പ്രത്യേക വിഭാഗം ജനങ്ങൾ ഇന്നും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും സാമൂഹ്യരംഗത്തും മുന്നോട്ടു വരുന്നില്ല. പട്ടിക ജാതി - പട്ടികവർഗ്ഗത്തിൽപെട്ട സ്ത്രീകൾക്ക് പ്രതികൂല സാഹചര്യങ്ങളാൽ വിദ്യാഭ്യാസം നേടാനും സാമൂഹ്യരംഗത്ത് പ്രവർത്തിക്കാനും കഴിയുന്നില്ല.

ജീവിതത്തിന്റെ വിവിധതുറകളിൽ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് ഈ പഞ്ചായത്തിലെ സ്ത്രീകൾ സജീവമായ പങ്കാളിത്തം വഹിക്കുന്നില്ല. കാർഷികരംഗം, കെട്ടിടനിർമ്മാണം, റോഡ്പണി, കരിങ്കൽ പണി തുടങ്ങിയ രംഗങ്ങളിലാണ് സ്ത്രീകൾ ജോലിചെയ്യുന്നത്. ചെറുകിട വ്യവസായം എന്നിവയിലേക്ക് സ്ത്രീകളുടെ ശ്രദ്ധ തിരിയുന്നില്ല.

കന്നുകാലി സംരക്ഷണവും ക്ഷീരവികസനവും സ്ത്രീകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന മേഖലകളാണെങ്കിലും സ്ത്രീപങ്കാളിത്തം കുറവാണ്. നാടൻ പശുക്കൾ വേണ്ടത്ര ലഭ്യമല്ലാത്തതും തീറ്റപുല്ലുകളുടെ വിലക്കയറ്റവും കന്നുകാലി സംരക്ഷണരംഗത്തെ പ്രതികൂലഘടകമാണ്.

ആരോഗ്യപ്രവർത്തകർ പങ്കെടുത്തുകൊണ്ടുള്ള ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിച്ച് സ്ത്രീകളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നുണ്ടെങ്കിലും എല്ലാ മേഖലകളിലും ആവശ്യമായ സബ്സെൻററുകൾ ഇല്ലാത്തത് ഒരു പ്രശ്നമായി നിലനില്ക്കുന്നു.

പഞ്ചായത്തിലെ മിക്ക വിദ്യാഭ്യാസസ്ഥാപനങ്ങളിലും പ്രാഥമികസൗകര്യങ്ങൾ തീരെ ഇല്ല. അംഗൻവാടികളിൽ കക്കൂസ്, കളിക്കോപ്പ് കുടിവെള്ളം എന്നിവ ഇല്ല. സ്ഥിരം കെട്ടിടമില്ലാത്ത അംഗനവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടി ജീവനക്കാർക്ക് തൊഴിലനുസരിച്ച് വേതനം ലഭിക്കുന്നില്ല.

പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ സ്ത്രീധനസമ്പ്രദായം നിലവിലുണ്ട്. പുരുഷന്മാരുടെ ഇടയിലുള്ള മദ്യപാനം ചില കുടുംബങ്ങളിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇതുകൊണ്ടുതന്നെ സ്വസ്ഥമായ കുടുംബജീവിതം നയിക്കാൻ സ്ത്രീകൾക്ക് കഴിയുന്നില്ല.

മഹിളാസമാജങ്ങൾ നിലവിലുണ്ടെങ്കിലും പ്രവർത്തനരഹിതമാണ്.

വിവാഹരംഗത്തുള്ള ആർഭാടം കാരണം സാമ്പത്തികപരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ പ്രായപൂർത്തിയായ ധാരാളം പെൺകുട്ടികൾ അവിവാഹിതരായി കഴിയേണ്ടിവരുന്നു.

വീടുകളിലെ പഴയ രീതിയിലുള്ള അടുപ്പുകളിലെ പുക സ്ത്രീകളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. കുടിവെള്ളക്ഷാമം നിത്യോപയോഗസാധനങ്ങളുടെ അമിതമായ വിലക്കയറ്റം എന്നിവ സ്ത്രീകളെ ദോഷകരമായി ബാധിക്കുന്നു. വരൾച്ചകാലത്ത് സ്ത്രീകൾ തലചുമടായി വളരെ ദൂരെനിന്നുംകുടിവെള്ളം കൊണ്ടുവരേണ്ട സ്ഥിതിയാണ് പഞ്ചായത്തിൽ ഉള്ളത്.

പരിഹാരമാർഗ്ഗങ്ങൾ

പഞ്ചായത്ത് മുൻകൈ എടുത്ത് സ്ത്രീകൾ വിദ്യാഭ്യാസം നേടേണ്ട ആവശ്യത്തെ പറ്റി ബോധവൽക്കരണം നടത്തേണ്ടതും സ്ത്രീകളെ സാമൂഹ്യരംഗത്തേക്ക് കൊണ്ടുവരേണ്ടതുമാണ്.

സ്ത്രീകൾ ജോലിചെയ്യുന്ന എല്ലാ മേഖലകളിലും തുല്യജോലിക്ക് തുല്യവേതനം ലഭിക്കാനുതകുന്ന നടപടികൾ അധികൃതർ കൈക്കൊള്ളേണ്ടതാണ്. ചെറുകിടവ്യവസായം IRDP വികസനകോർപ്പറേഷൻ വനിതാസഹകരണസംഘം, മഹിളാസംഘം, റെഡീമെയ്ഡ് വസ്ത്ര നിർമ്മാണം കശുവണ്ടി സംസ്കരണകേന്ദ്രം, കസേരമടയൽ, പായനെയ്ത്ത് തുടങ്ങി സ്ത്രീകൾക്ക് പങ്കാളിത്തമുള്ള വിവിധമേഖലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും സ്ത്രീകളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തേണ്ടതുമാണ്.

പഞ്ചായത്തിൻെറ കിഴക്കൻപ്രദേശങ്ങളായ പൊയിലൂർ, വിളക്കോട്ടൂർ, നരിക്കോട് മല പ്രദേശങ്ങളിൽ സബ്സെൻററുകൾ സ്ഥാപിച്ച് സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങളിൽ പഞ്ചായത്തിൻെറ സത്വരശ്രദ്ധ പതിയേണ്ടതാണ്.

സ്ഥിരം കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് സ്ഥിരം കെട്ടിടമുണ്ടാക്കാൻ ജനപങ്കാളിത്തത്തോടെയും പഞ്ചായത്തിൻെറ ശ്രമത്താലും സാധിക്കേണ്ടതാണ്.

വരൾച്ചകാലത്തെരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കുഴൽ കിണറുകൾ സ്ഥാപിക്കണം. കൂടാതെ വാഹനങ്ങളിലൂടെ കുടിവെള്ളം വിതരണം ചെയ്യണം.

മദ്യത്തിനും സ്ത്രീധനസമ്പ്രദായത്തിനും ആർഭാടകരമായ വിവാഹങ്ങൾക്കും ആഭരണഭ്രമണത്തിനും എതിരെ ശക്തമായ ബോധവൽക്കരണം നടത്തേണ്ടതാണ്. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് പഞ്ചായത്തിൽനിന്നും ധനസഹായം ലഭ്യമാക്കണം.

വനിതകളുടെ ആരോഗ്യത്തിനു വേണ്ടി പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗത്തെ പറ്റി ബോധവൽക്കരണം നടത്തുകയും അടുപ്പുകൾ ലഭ്യമാക്കുകയും വേണം.

സഹകരണം

ഒരു പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന്റെ അടിസ്ഥാനശിലയാണല്ലോ സഹകരണരംഗം. ചൂഷണത്തിനതീതമായി സമ്പത്തിന്റെ നീതിപൂർവമായ സമാഹരണത്തിനും വിതരണത്തിനുമുള്ള പ്രാഥമികഘടകമാണ് സഹകരണപ്രസ്ഥാനം.

''വ്യക്തി സമഷ്ടിക്കും സമഷ്ടി വ്യക്തിക്കും''

സഹകരണപ്രസ്ഥാനത്തിനു മാതൃകയായ കേരളവും കേരളത്തിനു മാതൃകയായ കണ്ണൂർജില്ലയും നിലനിൽക്കുമ്പോൾ തന്നെ ജില്ലയുടെ തെക്കെ അറ്റമായ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ സഹകരണപ്രസ്ഥാനം ഇന്നും ശൈശവദശയിലാണുള്ളത്. പ്രധാനമായും രണ്ടുസർവീസ് സഹകരണസംഘങ്ങളും രണ്ട് സ്ക്കൂൾ സഹകരണസംഘങ്ങളുമാണ് ഇന്ന് നിലവിലുള്ളത്.

പൊയിലൂർ സർവീസ് സഹകരണബേങ്ക്

1932-ലെ 6-ാം നമ്പർ മദിരാശി ആക്ട് 10-ാംവകുപ്പ് പ്രകാരം 24.1.52-ന് റജിസ്റ്റർ ചെയ്യുകയും 3.5.52 വിവിധോദ്ദേശ ഐക്യനാണയസംഘമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടി. ശങ്കരക്കുറുപ്പ്, ഇ. കുഞ്ഞിരാമൻനമ്പ്യാർ, പി. ശങ്കരക്കുറുപ്പ്, കെ.പി. ശങ്കരൻ. പി.വി. ചിരുകണ്ഠൻ, വി. ചന്തമ്മൻ, സി.എ. കുഞ്ഞമ്മദ്ഹാജജി, കെ.പി. നാരായണക്കുറുപ്പ് തുടങ്ങിയവരായിരുന്നു ഇതിന്റെ ആരംഭത്തിൽ മുമ്പിലുണ്ടായിരുന്നത്. ശ്രീ. ടി. ശങ്കരക്കുറുപ്പ് പ്രസിഡണ്ടായും, ഇ. കുഞ്ഞിരാമൻ നമ്പ്യാർ സെക്രട്ടറിയായും സംഘം പ്രവർത്തനം തുടങ്ങി. 28.6.72 മുതൽ ഈ സംഘംസർവീസ് സഹകരണസംഘമായി ഉയർത്തപ്പെട്ടു. 1.12.84 മുതൽ സർവീസ് സഹകരണബാങ്കായും ഉയർത്തപ്പെട്ടു. ശ്രീ. കെ.പി. ശങ്കരൻ, കെ. ഗോവിന്ദൻ, എം.കെ. ചോയി, പി.കെ. രാഘവൻ, എം.പി. കേളൻ, ഒ.കെ. കുഞ്ഞിരാമൻമാസ്റ്റർ, പി. കോരൻ, കെ. വാസുമാസ്റ്റർ എന്നിവർ ഇതിന്റെ പ്രസിഡണ്ടുമാരായി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ ശ്രീ. കോരനാണ് പ്രസിഡണ്ട്. 7 ജീവനക്കാരുള്ള ഈ സ്ഥാപനത്തിന് പൊയിലൂർ വിളക്കോട്ടൂർ പ്രദേശത്തുള്ള ജനങ്ങളുടെ കാർഷികാഭിവൃദ്ധിക്കുവേണ്ടി ഒരു പരിധിവരെ പ്രവർത്തിക്കാൻ കഴിയുന്നുണ്ട്.

ഈ ബേങ്കിൽ ഇന്ന് 3311 അംഗങ്ങളുണ്ട്. വിളക്കോട്ടൂർ പൊയിലൂർ പ്രദേശങ്ങളാണ് ഇതിന്റെ പ്രവർത്തനപരിധി. 15 ലക്ഷം രൂപ അംഗീകൃത ഓഹരി മൂലധനവും ഒരു ലക്ഷം രൂപ സർക്കാർ ഓഹരിയുമുള്ള ഈ ബേങ്കിൽ (അമ്പത്) 50 ലക്ഷത്തോളം സ്ഥിരനിക്ഷേപവും 14 ലക്ഷത്തോളം ഹൃസ്വകാല നിക്ഷേപവുമുണ്ട്. 23 ലക്ഷംരൂപ കാർഷിക വായ്പാ ഇനത്തിലും 71 ലക്ഷംരൂപ മറ്റു വായ്പാ ഇനത്തിലും 20 ലക്ഷത്തോളം രൂപ പ്രത്യേക വായ്പാ ഇനത്തിലും അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ സഹകരണബേങ്കിൽ നിന്ന് കാർഷിക വായ്പാ ഇനത്തിൽ 17 ലക്ഷത്തോളം രൂപയും കാർഷികേതരവായ്പയായി 44 ലക്ഷത്തോളം രൂപയും സ്വീകരിച്ചിട്ടുണ്ട്. ബേങ്കിന്റെ മൊത്തം അവധി ബാക്കിയായി 22 ലക്ഷത്തോളം നിലവിലുണ്ട്. സ്ഥാപനത്തിന് നടത്തിപ്പ് ചാർജ്ജ്ഇടക്കം 5,77,813 രൂപ ഒരു വർഷം ചെലവാകുന്നുണ്ട്. കാർഷിക-കാർഷികേതരവായ്പകൾ, ഉത്സവകാലചന്തകൾ, വളംഡിപ്പോ മുതലായ പ്രവർത്തനങ്ങൾ ബേങ്ക് നടത്തുന്നുണ്ട്. ബേങ്കിന് സ്വന്തം കെട്ടിടമുണ്ട്. അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്ന ഭരണസമിതിയും ജീവനക്കാരും ഈ ബേങ്കിന്റെ മുതൽക്കൂട്ടാണ്.

കടവത്തൂർ സർവീസ് സഹകരണബേങ്ക്

1932-ലെ മദിരാശി ആക്ട്പ്രകാരം 1952-ൽൽ 13 അംഗങ്ങളോടുകൂടി ശ്രീ. അക്കാനിശ്ശേരി പയേരി കൃഷ്ണൻമാസ്റ്റർ പ്രസിഡണ്ടായാണ് വിവിധോദ്ദേശ ഐക്യനാണയസംഘം എന്ന പേരിൽ ഇത് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് 12.9.63-ന് ഈ സ്ഥാപനം സൊസൈറ്റിയായി ഉയർത്തപ്പെട്ടു. ശ്രീ. എം.കെ. കൃഷ്ണൻമാസ്റ്റർ പ്രസിഡണ്ടായിരുന്ന കാലത്തായിരുന്നു സൊസൈറ്റിയായി ഉയർത്തപ്പെട്ടതും സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയതും 1985-ലാണ്. ഈ സ്ഥാപനം ബേങ്കായി മാറുന്നത് ശ്രീ. പയേരി അച്ചുമാസ്റ്ററായിരുന്നു പ്രസിഡണ്ട്. 1986-ൽ അഡ്മിനിസ്ട്രേറ്ററും തുടർന്ന് ശ്രീ. സി.എച്ച്. അഹമ്മദ് ചെയർമാനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും ബേങ്കിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിച്ചിട്ടുണ്ട്. തുടർന്ന് 25.10.87-ന് ശ്രീ. എ.പി. കുഞ്ഞിക്കണ്ണന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് തെരഞ്ഞെടുക്കപ്പെട്ടത്. ബേങ്കിന്റെ വളർച്ചയുടെ ഒരു നാഴികക്കല്ലായിരുന്നു ശ്രീ. എ.പി. യുടെ സാരഥ്യം. ബേങ്കിന് ഇന്ന് കാണുന്ന ഏറെ സൗകര്യപ്രദമായ കെട്ടിടവും മറ്റു സൗകര്യങ്ങളും ഈ കാലഘട്ടത്തെ തുടർന്നാണുണ്ടായത്. ബേങ്കിന്റെ പുരോഗതിയെകുറിച്ചു വിലയിരുത്തുമ്പോൾ അവിസ്മരണീയമായ നാമധേയങ്ങളാണ് ശ്രീ. അക്കാനിശ്ശേരി പയേരികൃഷ്ണൻമാസ്റ്റർ എം.കെ. കൃഷ്ണൻമാസ്റ്റർ, എ.പി. കുഞ്ഞിക്കണ്ണൻ മുതലായവ.

ടി.കെ. അഹമ്മദ്മാസ്റ്റർ, വി.പി. കുഞ്ഞമ്മദ്, സി.എച്ച്. അഹമ്മദ്, കെ.കെ. രാമൂട്ടിമാസ്റ്റർ, പയേരി അച്ചുമാസ്റ്റർ, കെ.പി. ബാലൻമാസ്റ്റർ, പറമ്പത്ത് മമ്മിമാസ്റ്റർ, പറമ്പത്ത് ജയരാജൻമാസ്റ്റർ എന്നിവർ ഇതിന്റെ ഭരണസാരഥികളായിട്ടുണ്ട്. കെ. ജയചന്ദ്രൻമാസ്റ്ററാണ് നിലവിലുള്ള പ്രസിഡണ്ട്. ബേങ്കിൽ ഒരു വനിതയടക്കം 6 ജീവനക്കാരും കമ്മീഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്ന മറ്റുരണ്ടുപേരുമുണ്ട്. അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഭരണസമിതിയും പൂർണ്ണമായ സഹകരണ മനോഭാവത്തോടെ ജോലിചെയ്യുന്ന ജീവനക്കാരും ഈ ബേങ്കിന്റെ മുതൽക്കൂട്ടാണ്.

കടവത്തൂർ സർവീസ് സഹകരണബേങ്കിൽ ഇന്ന് 3496 അംഗങ്ങളുണ്ട് തൃപ്രങ്ങോട്ടൂർ കടവത്തൂർ പ്രദേശമാണ് ഇതിന്റെ പ്രവർത്തനപരിധി. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനമായി 4 ലക്ഷംരൂപയും സർക്കാർഓഹരിയായി ഒരുലക്ഷം രൂപയും ഉള്ള ഈ ബേങ്കിൽ 80 ലക്ഷത്തിനടുത്ത് സ്ഥിരനിക്ഷേപവും 24 ലക്ഷത്തിനടുത്ത് ഹൃസ്വകാലനിക്ഷേപവുമുണ്ട്. 8 ½ ലക്ഷത്തോളം രൂപ കാർഷിക വായ്പാ ഇനത്തിലും ഒരുകോടി 55 ലക്ഷംരൂപ മറ്റു വായ്പാഇനത്തിലും വിതരണംചെയ്ത ഈ ബേങ്ക് കണ്ണൂർജില്ലാ സഹകരണബേങ്കിൽ നിന്ന് കാർഷിക വായ്പാ ഇനത്തിൽ 12 ലക്ഷത്തോളം രൂപയും കാർഷികേതാരവായ്പാ ഇനത്തിൽ 54ലക്ഷം രൂപയും സ്വീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് നടത്തിപ്പ് ചാർജടക്കം വർഷത്തിൽ 2,90,000 രൂപ ചെലവിനത്തിലുണ്ട്. കാർഷിക-കാർഷികേതരവായ്പ, ദൈനംദിനനിക്ഷേപപദ്ധതി, സ്ഥിരമായ മാവേലി സ്റ്റോർ ഉത്സവകാലചന്തകൾ മുതലായ സേവനമേഖലകൾ ഈ ബേങ്കിനുണ്ട്. വളംഡിപ്പോ റേഷൻകട ചിട്ടി മുതലായവ മുൻപു നടത്തിയിരുന്നുവെങ്കിലും ഇപ്പോൾ നിലവിലില്ല.

ഈ പഞ്ചായത്തിൽ വിളക്കോട്ടൂർ യു.പി.സ്കൂളിലും കടവത്തൂർ വെസ്റ്റ് യു.പി.സ്കൂളിലും സ്കൂൾ സഹകരണസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

പാനൂർ ബിൽഡിംഗ് സൊസൈറ്റിയിൽനിന്നും ഈ പഞ്ചായത്തിലെ അംഗങ്ങൾ 17,27,110 രൂപ വായ്പ സ്വീകരിച്ചിട്ടുണ്ട്. തലശേരികാർഷിക വികസനബേങ്കിൽ നിന്നും 3,18,258 രൂപയും വായ്പയായി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർജില്ലാ സഹകരണബേങ്കിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ഈ പഞ്ചായത്തിൽ വായ്പകൾലഭ്യമായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കാർഷികവായ്പകൾ കാർഷികാവശ്യത്തിനുപയോഗപ്പെടുത്താത്തതുകൊണ്ടു ഉദ്ദേശിക്കുന്ന ലക്ഷ്യം നടക്കുന്നില്ലെന്നു മാത്രമല്ല വായ്പയെടുക്കുന്നവർക്കു കൃത്യമായി തിരിച്ചടക്കാനും കഴിയുന്നില്ല. ഇത് ബേങ്കിനും അംഗത്തിനും നഷ്ടമുണ്ടാക്കുന്നു.

2. സഹകരണ മാവേലിസ്റ്റോറുകൾക്ക് സിവിൽസപ്ലൈസ്കോർപ്പറേഷനുകളിൽ നിന്നും കൃത്യമായി സാധനങ്ങൾ ലഭിക്കുന്നില്ല.

3. സഹകരണബേങ്കുകളിൽ പണം നിക്ഷേപിക്കാൻ നിക്ഷേപകർ വൈമനസ്യം കാണിക്കുന്നു.

4. സബ്സിഡി സംഖ്യകൾ സർക്കാറിൽനിന്നു കൃത്യമായ സമയത്തു ലഭിക്കുന്നില്ല.

5. ജില്ലാസഹകരണബേങ്കിന്റെ ബ്രാഞ്ചുകൾ പ്രാഥമിക സഹകരണബേങ്കുകളുടെ പ്രവർത്തനപരിധിയിൽ വരുന്നതുകൊണ്ടു പ്രാഥമികസഹകരണ ബേങ്കുകളുടെ പ്രവർത്തനം മന്ദീഭവിക്കുന്നു.

നിർദ്ദേശങ്ങൾ

1. തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ ഒരു ക്ഷീരോല്പാദകസഹകരണസംഘം റജിസ്റ്റർ ചെയ്തു പ്രവർത്തിക്കണം.

2. വനിതാസഹകരണസംഘങ്ങൾ റജിസ്റ്റർ ചെയ്തു പ്രവർത്തിക്കണം.

3. സഹകരണമാവേലിസ്റ്റോർ കല്ലിക്കണ്ടിയിലും പൊയിലൂരിലും സ്ഥാപിക്കണം.

4. പൊയിലൂർ ബേങ്കിന്റെ ശാഖകൾ വിളക്കോട്ടൂരിലും വടക്കെപൊയിലൂരിലും കടവത്തൂർ ബേങ്കിന്റെ ഒരു ശാഖ കല്ലിക്കണ്ടിയിലും സ്ഥാപിക്കണം.

5. സ്കൂൾ യൂണിഫോമുകൾ, പഠനോപകരണങ്ങൾ മുതലായവ ബേങ്കിന്റെ സ്റ്റോറുകൾ വഴി വിതരണം ചെയ്യണം.

6. സഹകരണമേഖലയിൽ കോഴിഫാമുകൾ തുടങ്ങണം.

7. സഹകരണമേഖലയിൽ റെഡിമെയ്ഡുവസ്ത്ര നിർമ്മാണയൂണിറ്റുകൾ റജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കണം.

8. നിലവിലുള്ള പെൻഷൻ വിതരണം സഹകരണബേങ്കുകൾ വഴി നടത്തണം.

9. സ്കൂൾകുട്ടികൾക്ക് ഉച്ചഭക്ഷണത്തിനാവശ്യമായ അരി, പയർ മുതലായവ സഹകരണസ്റ്റോറുകൾ വഴി വിതരണം ചെയ്യണം.

10. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമത്തിന് സഹകരണസ്ഥാപനങ്ങൾ സ്ഥാപിക്കണം.

11. പഞ്ചായത്ത് ഫണ്ടുകൾ അതത് പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കണം

12. പൊയിലൂർ സഹകരണബേങ്കിന്റെ കീഴിൽ ദൈനംദിന നിക്ഷേപം ആരംഭിക്കണം.

മേൽക്കാര്യങ്ങളിൽ ഭൂരിപക്ഷവും ഗ്രാമസഭയിൽ നിന്നുവന്ന നിർദ്ദേശങ്ങളാണ്. നമ്മുടെ പഞ്ചായത്തിലെ കാർഷിക രംഗത്തും മറ്റു വികസനരംഗങ്ങളിലും മേൽസ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്.

പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

തൃപ്രങ്ങോട്ടൂർ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്. ഇതിൽകൂടുതൽ കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്നത് കടവത്തൂർ ഭാഗങ്ങളിലാണ്. എന്നാൽ പട്ടികവർഗ്ഗക്കാർ പഞ്ചായത്തിന്റെ കിഴക്കൻമേഖലയായ നരിക്കോട് പാത്തിക്കൽ മലകളിലാണ് ധാരാളമായി താമസിക്കുന്നത്. ഇവിടെ 80 (എൺപത്) കുടുംബങ്ങളാണ് താമസിക്കുന്നത്. ആദിവാസികളായ കുറിച്യർ പഴശ്ശി രാജാവിനോടൊപ്പം ബ്രിട്ടീഷ്കാർക്കെതിരെ പോരാടിയവരാണ്. പരമ്പരാഗതമായ ആചാരങ്ങളും അന്ധവിശ്വാസങ്ങളും പിൻതുടർന്നിരുന്ന ഇവർ ഇന്ന് വിദ്യാഭ്യാസത്തിന്റെയും മറ്റും ഫലമായി മറ്റുള്ളവരോടൊപ്പം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പഴയ തലമുറയിൽപെട്ട ചിലർ മാത്രമെ നിരക്ഷരരായുള്ളൂ. പഞ്ചായത്തിലെ മറ്റു ജനങ്ങളുമായി ഇവർ ഇപ്പോൾ അടുത്ത ബന്ധം പുലർത്തുന്നുണ്ട്. തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങളൊന്നും പഞ്ചായത്തിലെ ഈ ജനവിഭാഗങ്ങൾ ഇപ്പോൾ അനുഭവിക്കുന്നില്ല. ഇവർക്ക് പരമ്പരാഗതമായ രീതിയിലുള്ള കലകളും ചികിത്സാരീതികളും മറ്റും ഉണ്ട്.

1991-ലെ സെൻസസ്സ് അനുസരിച്ച് 611 പട്ടികജാതിക്കാരും 240 പട്ടികവർഗ്ഗക്കാരുമാണ് ഉള്ളത്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 3.5% വരും. പഞ്ചായത്തിലെ പട്ടിക-ജാതി - പട്ടികവർഗ്ഗക്കാരുടെ പൊതുവായ ജീവിതനിലവാരം മോശമാണ്. കടവത്തൂർ ഭാഗത്ത് പട്ടികജാതി കുടുംബങ്ങൾ ഒന്നിച്ചുതാമസിക്കുന്ന പ്രദേശമോ പഞ്ചായത്തിലെ 11-ാം വാർഡിലെ നരിക്കോട്ട് മലയിൽ പട്ടികവർഗ്ഗക്കാർ താമസിക്കുന്ന ഭാഗമൊ കോളനികളായി അംഗീകരിച്ചിട്ടില്ല. ഈ പ്രദേശങ്ങളിൽ വൈദ്യുതി ലഭ്യമല്ല. നരിക്കോട് മലയിലെ പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ല. ചെറിയ പ്രകൃതിക്ഷോഭങ്ങൾപോലും നേരിടാൻ കഴിയാത്ത കുടിലുകളാണ് പല കുടുംബങ്ങളും താമസിക്കുന്നത്. 10% വീടുകൾക്ക് മാത്രമെ കക്കൂസ്സുകൾ ഉള്ളൂ. കുടിവെള്ളക്ഷാമം ഉഷ്ണകാലത്ത് വളരെ രൂക്ഷമാണ്. ഇതെല്ലാം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പ്രിപ്രൈമറി വിദ്യാഭ്യാസത്തിന് ഒരു അംഗൻവാടി ഉണ്ടെങ്കിലും അതിന് സ്വന്തം കെട്ടിടമില്ല. ഈ പഞ്ചായത്തിലെ ഏക ഗവൺമെൻറ് വിദ്യാലയം നരിക്കോട് മല ഗവ: എൽ.പി. സ്ക്കൂൾ ആണ്. 1982-ലാണ് ഇത് സ്ഥാപിച്ചതെങ്കിലും ഇതിനും സ്വന്തമായി കെട്ടിടമില്ല. സ്വന്തം കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ട് വർഷങ്ങളായെങ്കിലും ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. എൽ.പി. സ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ തുടർന്ന് പഠിക്കണമെങ്കിൽ അനേകം കിലോമീറ്റർ യാത്രചെയ്യണം. ഇത് കുട്ടികളുടെ ''കൊഴിഞ്ഞുപോക്കിന്'' കാരണമാവുന്നു. വായനാശീലം വളർത്താൻ ആവശ്യമായ വായനശാലയോ ഗ്രന്ഥാലയമോ ഇല്ല. നരിക്കോട് മലയിൽ യാതൊരുവിധ ചികിത്സാസൗകര്യങ്ങളും ഇല്ല. യാത്രാസൗകര്യത്തിന്റെ അപര്യാപ്തത നരിക്കോട് മലയിലെ പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്ക് ഒരു പ്രധാനതടസ്സമാണ്. രോഗികളെ ആശുപത്രിയിൽ എത്തിക്കുവാനും ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാനും സ്ക്കൂൾകുട്ടികൾക്കുള്ള ഉച്ചകഞ്ഞി വിതരണത്തിന്നുള്ള സാധനങ്ങൾ മലയിലെത്തിക്കാനും വളരെയധികം വിഷമം നേരിടുകയാണ്. ആദിവാസികളുടെ തൊഴിലവസരങ്ങൾ കുറഞ്ഞുവരികയാണ്. പരമ്പരാഗത രീതിയിലുള്ള പല തൊഴിലുകളും അസംസ്കൃതവസ്തുക്കൾ ലഭിക്കാത്തത് കാരണം പൂർണ്ണമായും ഇല്ലാതായി. ഉപജീവനത്തിന് മുൻകാലങ്ങളിൽ വനവിഭവങ്ങളെ ആശ്രയിച്ചിരുന്നെങ്കിലും ഇപ്പോൾ ഇതും ലഭ്യമല്ല. പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് വേണ്ടി നിരവധി പദ്ധതികൾ ഗവൺമെൻറും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നൽകുന്നുണ്ടെങ്കിലും ഈ വിഭാഗത്തിൽപെട്ട ജനങ്ങൾ ഈ കാര്യത്തിൽ ബോധവാന്മാരല്ല. അതേപോലെ ഇത് ലഭിക്കുന്നവർ തന്നെ അത് ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ല.

പ്രശ്നങ്ങൾ

1. വൈദ്യുതി ലഭ്യമല്ല
2. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.
3. പരിമിതമായ വിദ്യാഭ്യാസ സൗകര്യങ്ങളെ ഉള്ളൂ.

4. പ്രാഥമിക ആരോഗ്യകേന്ദ്രമോ, ആരോഗ്യപരിപാലന സൗകര്യമോ ഇല്ല.
5. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത
6. മോശമായ പാർപ്പിട സൗകര്യങ്ങൾ
7. കുറഞ്ഞുവരുന്ന തൊഴിലവസരങ്ങൾ
8. ആനുകൂല്യങ്ങളെ കുറിച്ചുള്ള അജ്ഞത.

സാധ്യതകൾ

പഞ്ചായത്തിന്റെറ കിഴക്കൻ മലയോരപ്രദേശമായ നരിക്കോട് മല ഒഴികെയുള്ള ഭാഗങ്ങളിൽ ക്ഷേമപ്രവർത്തനങ്ങൾ എളുപ്പത്തിൽ നടത്താൻ കഴിയും. മറ്റുള്ളവർ നേരിടുന്ന പ്രശ്നങ്ങൾ തന്നെയാണ് ഇവിടെയുള്ളവർ പൊതുവെ നേരിടുന്നത്. വൈദ്യുതിയുടെ കാര്യത്തിൽ ഇവർക്ക് ഗവൺമെൻറ് നൽകുന്ന പ്രത്യേക പരിഗണന ഫലപ്രദമായ രീതിയിൽ ഉപയോഗിക്കേണ്ടിയിരിക്കുന്നു. എന്നാൽ നരിക്കോട്ട് മലയിൽ ഇതിന് പെട്ടെന്ന് കഴിയുന്നില്ലെങ്കിൽ സോളാൽ സംവിധാനം ഏർപ്പെടുത്തി പ്രശ്നം പരിഹരിക്കാവുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കാൻ കുഴൽ കിണറുകൾ പ്രയോജനപ്രദമാണ്. നരിക്കോട് മലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ അവിടെയുള്ള ഒരു വറ്റാത്ത ഉറവയിൽ നിന്നുള്ള ജലം ഒരു ജലസംഭരണിയിൽ ശേഖരിച്ച് പൈപ്പ് മുഖേന ക്ഷാമംനേരിടുന്ന ഭാഗങ്ങളിൽ എത്തിക്കാവുന്നതാണ്. നരിക്കോട് മലയിലെ അംഗൻവാടികെട്ടിടം നാട്ടുകാരുടെ സഹായത്തോടെ നിർമ്മിക്കാൻ കഴിയും. പാത്തിക്കൽ പുതുതായി ഒരു അംഗൻവാടി സ്ഥാപിക്കേണ്ടതാണ്. എൽ.പി. സ്ക്കൂൾ കെട്ടിടത്തിന്റെറ പണി പെട്ടെന്ന് പൂർത്തിയാക്കാൻ ഗവൺമെൻറ് താല്പര്യമെടുക്കേണ്ടതാണ്.

വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവ്കൊണ്ടുള്ള കൊഴിഞ്ഞുപോക്ക് തടയാൻ പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആവശ്യമാണ്. നരിക്കോട് മലയിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ പറ്റുന്ന ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം അത്യാവശ്യമാണ്. ഗതാഗതപ്രശ്നം പരിഹരിക്കാൻ നിലവിലുള്ള 9 കിലോമീറ്റർ റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്. റോഡിന്റെറ മറ്റു വികസനപ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളുടെയും മറ്റ് സന്നദ്ധസംഘടനകളുടെയും സേവനം ഉപയോഗിക്കാവുന്നതാണ്. തൊഴിലവസരങ്ങൾ കുറഞ്ഞ് വരുന്നത് ഒഴിവാക്കാൻ പരമ്പരാഗത കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ചൂരൽ ലഭ്യമാക്കുകയാണെങ്കിൽ ഇത് പുനരുജ്ജീവിപ്പിക്കാവുന്നതാണ്. അതുപോലെ തേനീച്ച വളർത്തൽ, ആടുവളർത്തൽ മുതലായവയും പ്രായോഗികമാണ്. കൃഷിഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് ഭൂമി ലഭിക്കുകയാണെങ്കിൽ കൃഷി പ്രോത്സാഹിപ്പിക്കാം. വീടുകൾ നിർമ്മിക്കാൻ ഇന്നുള്ള പദ്ധതികൾ വിപുലീകരിക്കേണ്ടതാണ്. പട്ടികജാതി - പട്ടികവർഗ്ഗത്തിൽപെട്ട വനിതകൾക്കായി ചെറുകിട തൊഴിൽശാലകൾ സ്ഥാപിക്കാം. തയ്യൽ, കസേരമടയൽ, മുതലായവ പ്രോത്സാഹിപ്പിക്കാവുന്നതാണ്. സാക്ഷരത നിലനിർത്താനും വായനാശീലം വളർത്താനും പഞ്ചായത്തിന്റെറ മറ്റുഭാഗങ്ങളിലുള്ള സൗകര്യം നരിക്കോട് മലയിൽ ഇല്ലാത്തതിനാൽ ഇവിടെ ഒരു വായനശാലയവും ഗ്രാന്ഥാലയവും നാട്ടുകാരുടെ സഹായത്തോടെ സ്ഥാപിക്കാവുന്നതാണ്. എല്ലാറ്റിനും ഉപരിയായി ആനുകൂല്യങ്ങളെയും മറ്റ് അവകാശങ്ങളെയും കുറിച്ച് സെമിനാറുകളും മറ്റും സംഘടിപ്പിച്ച് പട്ടികജാതി - പട്ടികവർഗ്ഗക്കാരെ ബോധവാന്മാരാക്കേണ്ടതും ഇവർ കൂടുതലായി താമസിക്കുന്ന കടവത്തൂർ ഭാഗത്തും നരിക്കോട് മലയിലും അംഗീകൃത കോളനികൾ സ്ഥാപിക്കേണ്ടതും ആണ്.

വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി പൊതുവെ തൃപ്തികരമാണെന്ന് പറയാൻ പറ്റില്ല. വികസനപ്രവർത്തനങ്ങൾക്കുള്ള ഫണ്ടിന്റെ അപര്യാപ്തയും കാലാകാലങ്ങളിൽ ലഭിക്കേണ്ട സർക്കാർ ഗ്രാന്റുകൾ കൃത്യമായി ലഭിക്കാതെയും വരുന്നതുകൊണ്ട് വികസനപ്രവർത്തനങ്ങൾ വേണ്ട രീതിയിൽ നടത്താൻ കഴിയാതെ വരുന്നു.

കൂടുതൽ ആൾക്കാർക്ക് തൊഴിൽ ലഭ്യമാക്കാവുന്ന ഒരുസ്ഥാപനം പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ജനവാസമുള്ള ചില പ്രദേശങ്ങളിൽ വൈദ്യുതി എത്താത്ത സ്ഥിതിയുണ്ട്. റോഡുകളുടെ സ്ഥിതി മെച്ചമല്ല. സർക്കാർ നിയന്ത്രണത്തിലുള്ള ആരോഗ്യകേന്ദ്രങ്ങൾ രണ്ടെണ്ണമുണ്ടെങ്കിലും ജനങ്ങൾക്ക് അതിന്റെ മുഴുവൻ പ്രയോജനവും ലഭിക്കാതെ മറ്റു സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കായികരംഗത്ത് ഒട്ടേറെ പ്രതിഭകൾ ഉള്ള നമ്മുടെ പഞ്ചായത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ല. പഞ്ചായത്തിന്റെ വരുമാനം സംബന്ധിച്ച വിവരങ്ങൾ താഴെകൊടുത്തിരിക്കുന്ന പട്ടിക Iലൂടെ മനസ്സിലാക്കാം.

പട്ടിക I
വരുമാനം സംബന്ധിച്ച വിവരങ്ങൾ (1995 - 96)

ഇനം	തുക
1	2
കെട്ടിടനികുതി	231772രൂ 54 പൈ
തൊഴിൽ നികുതി	106425രൂ
ലൈസൻസ് ഫീസ്	6622 രൂ.
വസ്തുകൈമാറ്റ നികുതി 75%	181868 രൂ.
വസ്തുകൈമാറ്റ നികുതി 25%	175000
സർവ്വീസ് ചാർജ്ജ് (ലൈബ്രറി)	11562രൂ. 41പൈ.
സർക്കാർഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ	148317 രൂ 01പൈ
ഡെപ്പോസിറ്റ്	26698 രൂ 46 പൈ
മറ്റുള്ളവ	641676 രൂ
ആകെ	1529941 രൂ 42 പൈ

അവലംബം: ദ്വിതീയവിവരശേഖരണം


കാർഷിക രംഗമാണെങ്കിൽ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. നെൽവയലുകൾ നികത്തി പറമ്പുകളാക്കുന്നു. കർഷകതൊഴിലാളികളും കൂലി പണിക്കാരും ഒട്ടേറെയുള്ള പ്രദേശമാണ് നമ്മുടേത്. ധാരാളംപേർ ഗൾഫ് മേഖലകളിൽ ജോലിചെയ്യുന്നു. അവരുടെ സമ്പത്ത് പ്രത്യുല്പാദന പരമല്ലാത്ത രീതിയിൽ ചെലവഴിക്കപ്പെട്ടുപോകുന്നു. ഇത് സ്വരൂപിച്ചെടുക്കുന്ന സംവിധാനമുണ്ടാക്കിയാൽ വല്ല വ്യവസായ സംരഭമോ മറ്റോ തുടങ്ങിയാൽ ധാരാളം പേർക്ക് തൊഴിലവസരം ഉണ്ടാക്കാമെന്നു മാത്രമല്ല പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കാനും ഉപകരിക്കും.

മനുഷ്യവിഭവശേഷിയെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ വികസനപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുവാൻ കഴിയും. ഓരോ വാർഡിലും സർവ്വകക്ഷികളുമടങ്ങുന്ന സന്നദ്ധരായ

ആൾക്കാർ ഉൾക്കൊള്ളുന്ന വികസന സേന രൂപീകരിക്കുകയും അതിന്ന് മേൽനോട്ടം വഹിക്കാൻ വാർഡ് മെമ്പർമാർ ഉൾക്കൊള്ളുന്ന ഒരുസമിതി ഉണ്ടായിരിക്കുകയും വേണം.

കെട്ടിടനികുതി

പഞ്ചായത്തിന് ഏറ്റവും കൂടുതൽ ധനം ലഭിക്കുന്ന ഒരു മാർഗ്ഗമാണ് കെട്ടിടനികുതി. 1991 മുതൽ ഇങ്ങോട്ട് പരിശോധിച്ചാൽ കെട്ടിടങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിരിക്കുന്നതായി കാണാൻ കഴിയും. കാലാകാലങ്ങളിൽ കെട്ടിടങ്ങളുടെ വർദ്ധനവ് താഴെ കൊടുത്തിരിക്കുന്ന ഗ്രാഫിൽ കൂടെ മനസ്സിലാക്കുവാൻ കഴിയും.



അവലംബം: ദ്വിതീയവിവരശേഖരണം

ഇപ്പോൾ കെട്ടിടനികുതി ചുമത്തുന്ന രീതി ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. എല്ലാ ചുമരുള്ള കെട്ടിടങ്ങൾക്കും നികുതി ചുമത്തണം. കൊട്ടാര സദൃശ്യമായ വീടുകൾക്ക് ആഡംബരത്തിനുപയോഗിച്ച സാധനസാമഗ്രികളുടെ അടിസ്ഥാനത്തിൽ പ്രത്യേകനികുതി ചുമത്തണം. ഇതുവഴി വീടു നിർമ്മാണത്തിനുള്ള അനാവശ്യധൂർത്ത് ഒരു പരിധിവരെയെങ്കിലും ഒഴിവാക്കുവാൻ കഴിയും.

വീടുകളല്ലാത്ത മറ്റു കെട്ടിടങ്ങൾക്ക് വാടക ചീട്ട് ഹാജരാക്കി അതിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

നികുതിപിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ബഹുജനബോധവൽക്കരണം ആവശ്യമാണ്. തങ്ങളും നികുതികൊടുക്കലിലൂടെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയാണെന്ന ബോധം അവരിൽ ഉണ്ടാക്കണം. ഇതിന് വാർഡ് മെമ്പർമാർ ഉൾപ്പെട്ട സമിതി ഉണ്ടായിരിക്കണം.

വിനോദനികുതി

നമ്മുടെ പഞ്ചായത്തിൽ കല്ലിക്കണ്ടിയിൽ പഞ്ചായത്ത് ഓഫീസിനു വിളിപ്പാടകലെ പത്ത് വർഷങ്ങൾക്ക് മുമ്പ് ഒരു സിനിമാടാക്കിസിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും ഇതുവരെ

പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുപൂർത്തിയായാൽ പഞ്ചായത്തിന് നല്ലൊരു ധനാഗമമാർഗ്ഗമാകും. കേബിൾ ടി വി ഉപഭോക്താക്കളിൽനിന്ന് വിനോദനികുതി ഈടാക്കുന്ന സംവിധാനം ഉണ്ടാകണം.

ബാങ്കുകൾ

നമ്മുടെ പഞ്ചായത്തിൽ സഹകരണമേഖലയിൽ രണ്ടു ബാങ്കുകളും നോർത്ത് മലബാർ ഗ്രാമീണബാങ്കിന്റെ ഒരു ശാഖ കല്ലിക്കണ്ടിയിലും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുതബാങ്കുകളിൽ നിക്ഷേപങ്ങൾ കൂടുതൽ സമാഹരിക്കാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കണം. ബാങ്കുകളിൽനിന്ന് കിട്ടാവുന്ന വായ്പകളുടെ വ്യവസ്ഥകൾ ലളിതമാക്കണം. വികസനപ്രവർത്തനങ്ങൾക്ക് പ്രസ്തുത ബാങ്കുകളിൽനിന്ന് പഞ്ചായത്തിന് വായ്പ എടുക്കാനുള്ള നിയമം ഉണ്ടാകണം. സഹകരണ ബാങ്കുകാർക്ക് NRI അക്കൗണ്ടുകൾ തുടങ്ങാൻ അനുമതി ലഭ്യമാക്കണം.

മറ്റു ധനാഗമമാർഗ്ഗങ്ങൾ

പുഴകളാൽ ചുറ്റപ്പെട്ട പ്രദേശമാണ് നമ്മുടെ പ്രദേശം. പുഴയിൽനിന്നും ലഭിക്കുന്ന മണൽ യാതൊരു നിയന്ത്രണവുമില്ലാതെ കൊണ്ടുപോകുകയാണ്. കഴിഞ്ഞവർഷം മണൽ ലേലംചെയ്തവകയിൽ പഞ്ചായത്തിന് കിട്ടിയത് കേവലം 2270 രൂപയാണ്. യാതൊരു തത്ത്വദീക്ഷയുമില്ലാതെ മണൽ വാരിക്കൊണ്ടുപോകുന്നത് പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

പഞ്ചായത്തിലെ കടവത്തൂർ പ്രദേശങ്ങളിലുള്ളവർക്ക് കോഴിക്കോട് ജില്ലയുമായി ബന്ധപ്പെടുവാനുള്ള അടുത്തവഴിയാണ് കല്ലാച്ചേരി കടവ്. ദിവസേന ധാരാളം പേർ കടന്നുപോകുന്ന വഴിയാണിത്. കടത്തവകാശം ലേലത്തിൽകൂടിയാണ് കൊടുക്കുന്നത്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഇതിന്റെ വരുമാനം തൂണേരി പഞ്ചായത്തിനാണ് കിട്ടുന്നത്. ഇതിന്റെ വരുമാനം നമ്മുടെ പഞ്ചായത്തിന് ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഇന്ദിരവികാസ്പത്രപോലുള്ളവയിൽ പണം നിക്ഷേപിക്കാൻ ബഹുജനങ്ങളെ പ്രേരിപ്പിക്കുക വഴി പഞ്ചായത്തിന് അതിന്റെ വിഹിതം കിട്ടും.

പഞ്ചായത്തിലുള്ള പുറമ്പോക്ക് ഭൂമി അളന്നുതിട്ടപ്പെടുത്തി താത്പര്യമുള്ള ആൾക്കാർക്ക് കൃഷി ആവശ്യത്തിന് പാട്ടത്തിന് കൊടുക്കാവുന്നതാണ്. ലേലം സംബന്ധിച്ച വിവരങ്ങൾക്ക് പട്ടിക II നോക്കുക.

പട്ടിക II

ലേലം സംബന്ധിച്ച വിവരങ്ങൾ - 1995 - 96

പട്ടമരങ്ങൾ	ഫലവൃക്ഷങ്ങൾ (കശുമാവ്)	ഷോപ്പിംഗ് കോംപ്ലക്സ്	പത്രമാസിക	പൂഴി	ആകെ
1	2	3	4	5	6
രൂ	രൂ	രൂ	രൂ	രൂ	രൂ
715.00	8550.00	35853.00	427.50	2270.00	47815.50

അവലംബം: ദ്വിതീയ വിവരശേഖരണം

ചെലവുകൾ

സാമ്പത്തികപരാധിനതയുടെ ഇടയിലും വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ വരുമാനത്തിന്റെ 24 ശതമാനം ഭരണപരമായ ചിലവുകൾക്ക് ഉപയോഗിച്ചു. ചെലവ് സംബന്ധിച്ച വിവരങ്ങൾക്ക് പട്ടിക III നോക്കുക.

പട്ടിക III
ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം 1	തുക (രൂപ) 2
ഭരണം	360885.30
പൊതുമരാമത്ത്	1952.84
വിദ്യാഭ്യാസം	26499.00
ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം	23846.00
തെരുവുവിളക്കുകൾ കത്തിക്കുന്നത്	40678.00
മറ്റുള്ളവ	227688.84
ആകെ	874881.14

അവലംബം ദ്വിതീയ വിവരശേഖരണം

പഞ്ചായത്തിൽ പുതിയ റോഡുകളും ഓവുപാലങ്ങളും നിർമ്മിക്കുമ്പോൾ അതിനടുത്തുള്ള പ്രദേശങ്ങളിലെ ആൾക്കാരുടെ സഹകരണം തേടേണ്ടതാണ്. ഭരണചിലവുകൾ നമ്മുടെ പഞ്ചായത്തിന് കുറയ്ക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. പഞ്ചായത്തിലെ ധനംചോർന്നുപോകുന്നത് തടയാൻ റോഡുകൾ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. മതിയായ ഓവുചാലുകളുടെ കുറവാണ് റോഡ് നശിച്ചുപോകുവാൻ കാരണം. യഥാസമയം ആവശ്യമുള്ള റിപ്പയറുകൾ നടത്തുകയാണെങ്കിൽ റോഡുകൾ സംരക്ഷിക്കുവാൻ നമുക്ക് കഴിയും.

ഭൂനികുതി പൂർണ്ണമായും പഞ്ചായത്തിന്ന് ലഭിക്കേണ്ട നടപടികൾ ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തായ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ 28000-ത്തോളം വരുന്ന ജനസംഖ്യയിൽ ഏകദേശം 10000-ത്തോളം പേർ യുവജനങ്ങളാണെന്ന് കാണാം. ഇവരുടെ ശാരിരികാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചാൽ അതായിരിക്കും നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ മുതൽക്കൂട്ട്.

വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

കൺവീനർ - പി. കൃഷ്ണൻമാസ്റ്റർ

1. കൃഷി - ജലസേചനം

ടി. മമ്മിമാസ്റ്റർ
തിലകൻ മാസ്റ്റർ
പി.വി.കെ. മുഹമ്മദ് മാസ്റ്റർ
കെ.പി. ചാത്തുക്കുട്ടി മാസ്റ്റർ

2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

സി.കെ. സജീവ് ജ്യോതി
എ.പി. മഹേന്ദ്രൻ മാസ്റ്റർ
ടി.പി. വാസു

3. വ്യവസായം

കെ.കെ. ദിനേശൻ മാസ്റ്റർ
ടി. മുഹമ്മദ് അഷ്റഫ് മാസ്റ്റർ
എൻ. നാണു മാസ്റ്റർ
പി.കെ. ബാലൻ മാസ്റ്റർ

4. വിദ്യാഭ്യാസം

കെ.കെ. അജിത്കുമാർ
സി.കെ. കൃഷ്ണൻ മാസ്റ്റർ
എം.ടി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ
കെ.കെ. ദാമു മാസ്റ്റർ

5. കുടിവെള്ളം - പൊതുജനാരോഗ്യം

വി.കെ. സുരേന്ദ്രൻ മാസ്റ്റർ
എൻ.കെ. അശോകൻ
ഗഫൂർ

6. ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

പി.വി. ജോസ്
കാട്ടൂർ മഹമൂദ്
എൻ.കെ. ഖാലിദ്
കെ. ഭാസ്കരൻ മാസ്റ്റർ

7. ഭവനനിർമ്മാണം - സാമൂഹ്യക്ഷേമം

അഴകിൽ മൊയ്തു മാസ്റ്റർ
എൻ.കെ. അബ്ദുള്ള മാസ്റ്റർ

8. സംസ്കാരം - കായികരംഗം

എ. രാഘവൻ മാസ്റ്റർ
പി.കെ. മുകുന്ദൻ മാസ്റ്റർ
ജി. കുഞ്ഞിരാമൻ മാസ്റ്റർ

9. വനിത

വി.പി. സുലോചന ടീച്ചർ
എ.പി. വസന്ത
എം.പി. സുലോചന
എം. രവീന്ദ്രൻ

10. സഹകരണം

പറമ്പത്ത് ബാലൻ
കെ.പി. ബാലൻ മാസ്റ്റർ
ഒ.കെ. രാമകൃഷ്ണൻ
പി. ജയരാജൻ മാസ്റ്റർ

11. പട്ടിക ജാതി - പട്ടിക വർഗ്ഗക്ഷേമം

കെ.പി. വിശ്വനാഥൻ മാസ്റ്റർ
കെ.പി. ചന്ദ്രൻ
പൂവൻ ചന്ദ്രൻ
പി.പി. അശോക് കുമാർ

12. വിഭവസമാഹരണം

എ. ജയറാം
കെ. വിജയൻ മാസ്റ്റർ
കെ.കെ. ശ്രീധരൻ മാസ്റ്റർ

കാലമേറെയായി നാം ആഗ്രഹിച്ചിരുന്ന അധികാരവികേന്ദ്രീകരണം എന്ന സ്വപ്നം യാഥാർത്ഥ്യമാകാൻ പോകുന്ന ഈ അവസരത്തിൽ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ നല്ലവരായ ജനങ്ങളുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷയ്ക്കുമൊത്തുയരാൻ പഞ്ചായത്ത് ഭരണസമിതിക്ക് കഴിയുമെന്ന ആത്മവിശ്വാസത്തോടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയകരമായ പ്രവർത്തനങ്ങളിൽ ഞങ്ങളെ സഹായിച്ച ജില്ലാതലപരിശീലകർ, പഞ്ചായത്ത്തലപരിശീലകർ, ദ്വിതീയ വിവര ശേഖരണം നടത്തുന്നതിന് സഹകരിച്ച ഉദ്യോഗസ്ഥർ, ഈ വികസന രേഖ തയ്യാറാക്കുന്നതിന് അഹോരാത്രം പ്രവർത്തിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ തുടങ്ങി എല്ലാ മേഖലയിലുള്ളവരോടും ഞങ്ങൾക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപംകൊടുക്കുന്ന വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായത്തിലെ ജനങ്ങളിൽ നിക്ഷിപ്തമാണ്. പ്രാദേശികമായ വിഭവങ്ങളും മനുഷ്യാധ്വാനവും പരമാവധി സമാഹരിച്ച് വികസനരംഗത്ത് ഒരു നവോന്മേഷം സൃഷ്ടിക്കുന്നതിന് എല്ലാ നല്ല മനസ്സുകളും കൂടെയുണ്ടാകുമെന്ന പ്രതീക്ഷയോടെ.....

സി.എച്ച്. കുഞ്ഞമ്മദ് മാസ്റ്റർ

പ്രസിഡൻറ്

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

Typeset By: Suvarna Graphics, Kozhikode 673 002 Printed at KTC Offset Printers, Kozhikode

പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

തൃപ്രങ്ങോട്ടൂർ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്. ഇതിൽകൂടുതൽ കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്നത് കടവത്തൂർ ഭാഗങ്ങളിലാണ്. എന്നാൽ പട്ടികവർഗ്ഗക്കാർ പഞ്ചായത്തിന്റെ കിഴക്കൻമേഖലയായ നരിക്കോട് പാത്തിക്കൽ മലകളിലാണ് ധാരാളമായി താമസിക്കുന്നത്. ഇവിടെ 80 (എൺപത്) കുടുംബങ്ങളാണ് താമസിക്കുന്നത്. ആദിവാസികളായ കുറിച്യർ പഴശ്ശി രാജാവിനോടൊപ്പം ബ്രിട്ടീഷ്കാർക്കെതിരെ പോരാടിയവരാണ്. പരമ്പരാഗതമായ ആചാരങ്ങളും അന്ധവിശ്വാസങ്ങളും പിൻതുടർന്നിരുന്ന ഇവർ ഇന്ന് വിദ്യാഭ്യാസത്തിന്റെറയും മറ്റും ഫലമായി മറ്റുള്ളവരോടൊപ്പം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പഴയ തലമുറയിൽപെട്ട ചിലർ മാത്രമെ നിരക്ഷരരായുള്ളൂ. പഞ്ചായത്തിലെ മറ്റു ജനങ്ങളുമായി ഇവർ ഇപ്പോൾ അടുത്ത ബന്ധം പുലർത്തുന്നുണ്ട്. തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങളൊന്നും പഞ്ചായത്തിലെ ഈ ജനവിഭാഗങ്ങൾ ഇപ്പോൾ അനുഭവിക്കുന്നില്ല. ഇവർക്ക് പരമ്പരാഗതമായ രീതിയിലുള്ള കലകളും ചികിത്സാരീതികളും മറ്റും ഉണ്ട്.

1991-ലെ സെൻസസ്സ് അനുസരിച്ച് 611 പട്ടികജാതിക്കാരും 240 പട്ടികവർഗ്ഗക്കാരുമാണ് ഉള്ളത്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 3.5% വരും. പഞ്ചായത്തിലെ പട്ടിക-ജാതി - പട്ടികവർഗ്ഗക്കാരുടെ പൊതുവായ ജീവിതനിലവാരം മോശമാണ്. കടവത്തൂർ ഭാഗത്ത് പട്ടികജാതി കുടുംബങ്ങൾ ഒന്നിച്ചുതാമസിക്കുന്ന പ്രദേശമോ പഞ്ചായത്തിലെ 11-ാം വാർഡിലെ നരിക്കോട്ട് മലയിൽ പട്ടികവർഗ്ഗക്കാർ താമസിക്കുന്ന ഭാഗമൊ കോളനികളായി അംഗീകരിച്ചിട്ടില്ല. ഈ പ്രദേശങ്ങളിൽ വൈദ്യുതി ലഭ്യമല്ല. നരിക്കോട് മലയിലെ പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ല. ചെറിയ പ്രകൃതിക്ഷോഭങ്ങൾപോലും നേരിടാൻ കഴിയാത്ത കുടിലുകളാണ് പല കുടുംബങ്ങളും താമസിക്കുന്നത്. 10% വീടുകൾക്ക് മാത്രമെ കക്കൂസ്സുകൾ ഉള്ളൂ. കുടിവെള്ളക്ഷാമം ഉഷ്ണകാലത്ത് വളരെ രൂക്ഷമാണ്. ഇതെല്ലാം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പ്രിപ്രൈമറി വിദ്യാഭ്യാസത്തിന് ഒരു അംഗൻവാടി ഉണ്ടെങ്കിലും അതിന് സ്വന്തം കെട്ടിടമില്ല. ഈ പഞ്ചായത്തിലെ ഏക ഗവൺമെൻറ് വിദ്യാലയം നരിക്കോട് മല ഗവ: എൽ.പി. സ്ക്കൂൾ ആണ്. 1982-ലാണ് ഇത് സ്ഥാപിച്ചതെങ്കിലും ഇതിനും സ്വന്തമായി കെട്ടിടമില്ല. സ്വന്തം കെട്ടിടത്തിന്റെറ നിർമ്മാണം ആരംഭിച്ചിട്ട് വർഷങ്ങളായെങ്കിലും ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. എൽ.പി. സ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ തുടർന്ന് പഠിക്കണമെങ്കിൽ അനേകം കിലോമീറ്റർ യാത്രചെയ്യണം. ഇത് കുട്ടികളുടെ ''കൊഴിഞ്ഞുപോക്കിന്'' കാരണമാവുന്നു. വായനാശീലം വളർത്താൻ ആവശ്യമായ വായനശാലയോ ഗ്രന്ഥാലയമോ ഇല്ല. നരിക്കോട് മലയിൽ യാതൊരുവിധ ചികിത്സാസൗകര്യങ്ങളും ഇല്ല. യാത്രാസൗകര്യത്തിന്റെറ അപര്യാപ്തത നരിക്കോട് മലയിലെ പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്ക് ഒരു പ്രധാനതടസ്സമാണ്. രോഗികളെ ആശുപത്രിയിൽ എത്തിക്കുവാനും ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാനും സ്ക്കൂൾകുട്ടികൾക്കുള്ള ഉച്ചകഞ്ഞി വിതരണത്തിന്നുള്ള സാധനങ്ങൾ മലയിലെത്തിക്കാനും വളരെയധികം വിഷമം നേരിടുകയാണ്. ആദിവാസികളുടെ തൊഴിലവസരങ്ങൾ കുറഞ്ഞുവരികയാണ്. പരമ്പരാഗത രീതിയിലുള്ള പല തൊഴിലുകളും അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തത് കാരണം പൂർണ്ണമായും ഇല്ലാതായി. ഉപജീവനത്തിന് മുൻകാലങ്ങളിൽ വനവിഭവങ്ങളെ ആശ്രയിച്ചിരുന്നെങ്കിലും ഇപ്പോൾ ഇതും ലഭ്യമല്ല. പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് വേണ്ടി നിരവധി പദ്ധതികൾ ഗവൺമെൻറും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നൽകുന്നുണ്ടെങ്കിലും ഈ വിഭാഗത്തിൽപെട്ട ജനങ്ങൾ ഈ കാര്യത്തിൽ ബോധവാന്മാരല്ല. അതേപോലെ ഇത് ലഭിക്കുന്നവർ തന്നെ അത് ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ല.

പ്രശ്നങ്ങൾ

1. വൈദ്യുതി ലഭ്യമല്ല
2. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.
3. പരിമിതമായ വിദ്യാഭ്യാസ സൗകര്യങ്ങളെ ഉള്ളൂ.

4. പ്രാഥമിക ആരോഗ്യകേന്ദ്രമോ, ആരോഗ്യപരിപാലന സൗകര്യമോ ഇല്ല.
5. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത
6. മോശമായ പാർപ്പിട സൗകര്യങ്ങൾ
7. കുറഞ്ഞുവരുന്ന തൊഴിലവസരങ്ങൾ
8. ആനുകൂല്യങ്ങളെ കുറിച്ചുള്ള അജ്ഞത.

സാധ്യതകൾ

പഞ്ചായത്തിന്റെ കിഴക്കൻ മലയോരപ്രദേശമായ നരിക്കോട് മല ഒഴികെയുള്ള ഭാഗങ്ങളിൽ ക്ഷേമപ്രവർത്തനങ്ങൾ എളുപ്പത്തിൽ നടത്താൻ കഴിയും. മറ്റുള്ളവർ നേരിടുന്ന പ്രശ്നങ്ങൾ തന്നെയാണ് ഇവിടെയുള്ളവർ പൊതുവെ നേരിടുന്നത്. വൈദ്യുതിയുടെ കാര്യത്തിൽ ഇവർക്ക് ഗവൺമെൻറ് നൽകുന്ന പ്രത്യേക പരിഗണന ഫലപ്രദമായ രീതിയിൽ ഉപയോഗിക്കേണ്ടിയിരിക്കുന്നു. എന്നാൽ നരിക്കോട്ട് മലയിൽ ഇതിന് പെട്ടെന്ന് കഴിയുന്നില്ലെങ്കിൽ സോളാൽ സംവിധാനം ഏർപ്പെടുത്തി പ്രശ്നം പരിഹരിക്കാവുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കാൻ കുഴൽ കിണറുകൾ പ്രയോജനപ്രദമാണ്. നരിക്കോട് മലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ അവിടെയുള്ള ഒരു വറ്റാത്ത ഉറവയിൽ നിന്നുള്ള ജലം ഒരു ജലസംഭരണിയിൽ ശേഖരിച്ച് പൈപ്പ് മുഖേന ക്ഷാമംനേരിടുന്ന ഭാഗങ്ങളിൽ എത്തിക്കാവുന്നതാണ്. നരിക്കോട് മലയിലെ അംഗൻവാടികെട്ടിടം നാട്ടുകാരുടെ സഹായത്തോടെ നിർമ്മിക്കാൻ കഴിയും. പാത്തിക്കൽ പുതുതായി ഒരു അംഗൻവാടി സ്ഥാപിക്കേണ്ടതാണ്. എൽ.പി. സ്ക്കൂൾ കെട്ടിടത്തിന്റെ പണി പെട്ടെന്ന് പൂർത്തിയാക്കാൻ ഗവൺമെൻറ് താല്പര്യമെടുക്കേണ്ടതാണ്.

വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവ്കൊണ്ടുള്ള കൊഴിഞ്ഞുപോക്ക് തടയാൻ പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആവശ്യമാണ്. നരിക്കോട് മലയിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ പറ്റുന്ന ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം അത്യാവശ്യമാണ്. ഗതാഗതപ്രശ്നം പരിഹരിക്കാൻ നിലവിലുള്ള 9 കിലോമീറ്റർ റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്. റോഡിന്റെ മറ്റു വികസനപ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളുടെയും മറ്റ് സന്നദ്ധസംഘടനകളുടെയും സേവനം ഉപയോഗിക്കാവുന്നതാണ്. തൊഴിലവസരങ്ങൾ കുറഞ്ഞ് വരുന്നത് ഒഴിവാക്കാൻ പരമ്പരാഗത കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ചൂരൽ ലഭ്യമാക്കുകയാണെങ്കിൽ ഇത് പുനരുജ്ജീവിപ്പിക്കാവുന്നതാണ്. അതുപോലെ തേനീച്ച വളർത്തൽ, ആടുവളർത്തൽ മുതലായവയും പ്രായോഗികമാണ്. കൃഷിഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് ഭൂമി ലഭിക്കുകയാണെങ്കിൽ കൃഷി പ്രോത്സാഹിപ്പിക്കാം. വീടുകൾ നിർമ്മിക്കാൻ ഇന്നുള്ള പദ്ധതികൾ വിപുലീകരിക്കേണ്ടതാണ്. പട്ടികജാതി - പട്ടികവർഗ്ഗത്തിൽപെട്ട വനിതകൾക്കായി ചെറുകിട തൊഴിൽശാലകൾ സ്ഥാപിക്കാം. തയ്യൽ, കസേരമടയൽ, മുതലായവ പ്രോത്സാഹിപ്പിക്കാവുന്നതാണ്. സാക്ഷരത നിലനിർത്താനും വായനാശീലം വളർത്താനും പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലുള്ള സൗകര്യം നരിക്കോട് മലയിൽ ഇല്ലാത്തതിനാൽ ഇവിടെ ഒരു വായനശാലയവും ഗ്രാന്ഥാലയവും നാട്ടുകാരുടെ സഹായത്തോടെ സ്ഥാപിക്കാവുന്നതാണ്. എല്ലാറ്റിനും ഉപരിയായി ആനുകൂല്യങ്ങളെയും മറ്റ് അവകാശങ്ങളെയും കുറിച്ച് സെമിനാറുകളും മറ്റും സംഘടിപ്പിച്ച് പട്ടികജാതി - പട്ടികവർഗ്ഗക്കാരെ ബോധവാന്മാരാക്കേണ്ടതും ഇവർ കൂടുതലായി താമസിക്കുന്ന കടവത്തൂർ ഭാഗത്തും നരിക്കോട് മലയിലും അംഗീകൃത കോളനികൾ സ്ഥാപിക്കേണ്ടതും ആണ്.

വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി പൊതുവെ തൃപ്തികരമാണെന്ന് പറയാൻ പറ്റില്ല. വികസനപ്രവർത്തനങ്ങൾക്കുള്ള ഫണ്ടിന്റെ അപര്യാപ്തയും കാലാകാലങ്ങളിൽ ലഭിക്കേണ്ട സർക്കാർ ഗ്രാൻറുകൾ കൃത്യമായി ലഭിക്കാതെയും വരുന്നതുകൊണ്ട് വികസനപ്രവർത്തനങ്ങൾ വേണ്ട രീതിയിൽ നടത്താൻ കഴിയാതെ വരുന്നു.

കൂടുതൽ ആൾക്കാർക്ക് തൊഴിൽ ലഭ്യമാക്കാവുന്ന ഒരുസ്ഥാപനം പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ജനവാസമുള്ള ചില പ്രദേശങ്ങളിൽ വൈദ്യുതി എത്താത്ത സ്ഥിതിയുണ്ട്. റോഡുകളുടെ സ്ഥിതി മെച്ചമല്ല. സർക്കാർ നിയന്ത്രണത്തിലുള്ള ആരോഗ്യകേന്ദ്രങ്ങൾ രണ്ടെണ്ണമുണ്ടെങ്കിലും ജനങ്ങൾക്ക് അതിന്റെ മുഴുവൻ പ്രയോജനവും ലഭിക്കാതെ മറ്റു സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കായികരംഗത്ത് ഒട്ടേറെ പ്രതിഭകൾ ഉള്ള നമ്മുടെ പഞ്ചായത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ല. പഞ്ചായത്തിന്റെ വരുമാനം സംബന്ധിച്ച വിവരങ്ങൾ താഴെകൊടുത്തിരിക്കുന്ന പട്ടിക ിലൂടെ മനസ്സിലാക്കാം.

പട്ടിക I
വരുമാനം സംബന്ധിച്ച വിവരങ്ങൾ (1995 - 96)

ഇനം	തുക
1	2
കെട്ടിടനികുതി	231772രൂ 54 പൈ
തൊഴിൽ നികുതി	106425രൂ
ലൈസൻസ് ഫീസ്	6622 രൂ.
വസ്തുകൈമാറ്റ നികുതി 75%	181868 രൂ.
വസ്തുകൈമാറ്റ നികുതി 25%	175000
സർവ്വീസ് ചാർജ്ജ് (ലൈബ്രറി)	11562രൂ. 41പൈ.
സർക്കാർഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ	148317 രൂ 01പൈ
ഡെപ്പോസിറ്റ്	26698 രൂ 46 പൈ
മറ്റുള്ളവ	641676 രൂ
ആകെ	1529941 രൂ 42 പൈ

അവലംബം: ദ്വിതീയവിവരശേഖരണം


കാർഷിക രംഗമാണെങ്കിൽ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. നെൽവയലുകൾ നികത്തി പറമ്പുകളാക്കുന്നു. കർഷകതൊഴിലാളികളും കൂലി പണിക്കാരും ഒട്ടേറെയുള്ള പ്രദേശമാണ് നമ്മുടേത്. ധാരാളംപേർ ഗൾഫ് മേഖലകളിൽ ജോലിചെയ്യുന്നു. അവരുടെ സമ്പത്ത് പ്രത്യുല്പാദന പരമല്ലാത്ത രീതിയിൽ ചെലവഴിക്കപ്പെട്ടുപോകുന്നു. ഇത് സ്വരൂപിച്ചെടുക്കുന്ന സംവിധാനമുണ്ടാക്കി വല്ല വ്യവസായ സംരഭമോ മറ്റോ തുടങ്ങിയാൽ ധാരാളം പേർക്ക് തൊഴിലവസരം ഉണ്ടാക്കാമെന്നു മാത്രമല്ല പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കാനും ഉപകരിക്കും.

മനുഷ്യവിഭവശേഷിയെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ വികസനപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുവാൻ കഴിയും. ഓരോ വാർഡിലും സർവ്വകക്ഷികളുമടങ്ങുന്ന സന്നദ്ധരായ

ആൾക്കാർ ഉൾക്കൊള്ളുന്ന വികസന സേന രൂപീകരിക്കുകയും അതിന്ന് മേൽനോട്ടം വഹിക്കാൻ വാർഡ് മെമ്പർമാർ ഉൾക്കൊള്ളുന്ന ഒരുസമിതി ഉണ്ടായിരിക്കുകയും വേണം.

കെട്ടിടനികുതി

പഞ്ചായത്തിന് ഏറ്റവും കൂടുതൽ ധനം ലഭിക്കുന്ന ഒരു മാർഗ്ഗമാണ് കെട്ടിടനികുതി. 1991 മുതൽ ഇങ്ങോട്ട് പരിശോധിച്ചാൽ കെട്ടിടങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിരിക്കുന്നതായി കാണാൻ കഴിയും. കാലാകാലങ്ങളിൽ കെട്ടിടങ്ങളുടെ വർദ്ധനവ് താഴെ കൊടുത്തിരിക്കുന്ന ഗ്രാഫിൽ കൂടെ മനസ്സിലാക്കുവാൻ കഴിയും.



അവലംബം: ദ്വിതീയവിവരശേഖരണം

ഇപ്പോൾ കെട്ടിടനികുതി ചുമത്തുന്ന രീതി ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. എല്ലാ ചുമരുള്ള കെട്ടിടങ്ങൾക്കും നികുതി ചുമത്തണം. കൊട്ടാര സദൃശ്യമായ വീടുകൾക്ക് ആഡംബരത്തിനുപയോഗിച്ച സാധനസാമഗ്രികളുടെ അടിസ്ഥാനത്തിൽ പ്രത്യേകനികുതി ചുമത്തണം. ഇതുവഴി വീടു നിർമ്മാണത്തിനുള്ള അനാവശ്യധൂർത്ത് ഒരു പരിധിവരെയെങ്കിലും ഒഴിവാക്കുവാൻ കഴിയും.

വീടുകളല്ലാത്ത മറ്റു കെട്ടിടങ്ങൾക്ക് വാടക ചീട്ട് ഹാജരാക്കി അതിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

നികുതിപിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ബഹുജനബോധവൽക്കരണം ആവശ്യമാണ്. തങ്ങളും നികുതികൊടുക്കലിലൂടെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയാണെന്ന ബോധം അവരിൽ ഉണ്ടാക്കണം. ഇതിന് വാർഡ് മെമ്പർമാർ ഉൾപ്പെട്ട സമിതി ഉണ്ടായിരിക്കണം.

വിനോദനികുതി

നമ്മുടെ പഞ്ചായത്തിൽ കല്ലിക്കണ്ടിയിൽ പഞ്ചായത്ത് ഓഫീസിനു വിളിപ്പാടകലെ പത്ത് വർഷങ്ങൾക്ക് മുമ്പ് ഒരു സിനിമാടാക്കിസിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും ഇതുവരെ

പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുപൂർത്തിയായാൽ പഞ്ചായത്തിന് നല്ലൊരു ധനാഗമമാർഗ്ഗമാകും. കേബിൾ ടി വി ഉപഭോക്താക്കളിൽനിന്ന് വിനോദനികുതി ഈടാക്കുന്ന സംവിധാനം ഉണ്ടാകണം.

ബാങ്കുകൾ

നമ്മുടെ പഞ്ചായത്തിൽ സഹകരണമേഖലയിൽ രണ്ടു ബാങ്കുകളും നോർത്ത് മലബാർ ഗ്രാമീണബാങ്കിന്റെ ഒരു ശാഖ കല്ലിക്കണ്ടിയിലും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുതബാങ്കുകളിൽ നിക്ഷേപങ്ങൾ കൂടുതൽ സമാഹരിക്കാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കണം. ബാങ്കുകളിൽനിന്ന് കിട്ടാവുന്ന വായ്പകളുടെ വ്യവസ്ഥകൾ ലളിതമാക്കണം. വികസനപ്രവർത്തനങ്ങൾക്ക് പ്രസ്തുത ബാങ്കുകളിൽനിന്ന് പഞ്ചായത്തിന് വായ്പ എടുക്കാനുള്ള നിയമം ഉണ്ടാകണം. സഹകരണ ബാങ്കുകാർക്ക് NRI അക്കൗണ്ടുകൾ തുടങ്ങാൻ അനുമതി ലഭ്യമാക്കണം.

മറ്റു ധനാഗമമാർഗ്ഗങ്ങൾ

പുഴകളാൽ ചുറ്റപ്പെട്ട പ്രദേശമാണ് നമ്മുടെ പ്രദേശം. പുഴയിൽനിന്നും ലഭിക്കുന്ന മണൽ യാതൊരു നിയന്ത്രണവുമില്ലാതെ കൊണ്ടുപോകുകയാണ്. കഴിഞ്ഞവർഷം മണൽ ലേലംചെയ്തവകയിൽ പഞ്ചായത്തിന് കിട്ടിയത് കേവലം 2270 രൂപയാണ്. യാതൊരു തത്ത്വദീക്ഷയുമില്ലാതെ മണൽ വാരിക്കൊണ്ടുപോകുന്നത് പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

പഞ്ചായത്തിലെ കടവത്തൂർ പ്രദേശങ്ങളിലുള്ളവർക്ക് കോഴിക്കോട് ജില്ലയുമായി ബന്ധപ്പെടുവാനുള്ള അടുത്തവഴിയാണ് കല്ലാച്ചേരി കടവ്. ദിവസേന ധാരാളം പേർ കടന്നുപോകുന്ന വഴിയാണിത്. കടത്തവകാശം ലേലത്തിൽകൂടിയാണ് കൊടുക്കുന്നത്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഇതിന്റെ വരുമാനം തൂണേരി പഞ്ചായത്തിനാണ് കിട്ടുന്നത്. ഇതിന്റെ വരുമാനം നമ്മുടെ പഞ്ചായത്തിന് ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഇന്ദിരവികാസ്പത്രപോലുള്ളവയിൽ പണം നിക്ഷേപിക്കാൻ ബഹുജനങ്ങളെ പ്രേരിപ്പിക്കുക വഴി പഞ്ചായത്തിന് അതിന്റെ വിഹിതം കിട്ടും.

പഞ്ചായത്തിലുള്ള പുറമ്പോക്ക് ഭൂമി അളന്നുതിട്ടപ്പെടുത്തി താത്പര്യമുള്ള ആൾക്കാർക്ക് കൃഷി ആവശ്യത്തിന് പാട്ടത്തിന് കൊടുക്കാവുന്നതാണ്. ലേലം സംബന്ധിച്ച വിവരങ്ങൾക്ക് പട്ടിക II നോക്കുക.

പട്ടിക II

ലേലം സംബന്ധിച്ച വിവരങ്ങൾ - 1995 - 96

പട്ടമരങ്ങൾ	ഫലവൃക്ഷങ്ങൾ (കശുമാവ്)	ഷോപ്പിംഗ് കോംപ്ലക്സ്	പത്രമാസിക	പൂഴി	ആകെ
1	2	3	4	5	6
രൂ	രൂ	രൂ	രൂ	രൂ	രൂ
715.00	8550.00	35853.00	427.50	2270.00	47815.50

അവലംബം: ദ്വിതീയ വിവരശേഖരണം

ചെലവുകൾ

സാമ്പത്തികപരാധീനതയുടെ ഇടയിലും വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ വരുമാനത്തിന്റെ 24 ശതമാനം ഭരണപരമായ ചിലവുകൾക്ക് ഉപയോഗിച്ചു. ചെലവ് സംബന്ധിച്ച വിവരങ്ങൾക്ക് പട്ടിക III നോക്കുക.

പട്ടിക III
ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം 1	തുക (രൂപ) 2
ഭരണം	360885.30
പൊതുമരാമത്ത്	1952.84
വിദ്യാഭ്യാസം	26499.00
ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം	23846.00
തെരുവുവിളക്കുകൾ കത്തിക്കുന്നത്	40678.00
മറ്റുള്ളവ	227688.84
ആകെ	874881.14

അവലംബം ദ്വിതീയ വിവരശേഖരണം

പഞ്ചായത്തിൽ പുതിയ റോഡുകളും ഓവുപാലങ്ങളും നിർമ്മിക്കുമ്പോൾ അതിനടുത്തുള്ള പ്രദേശങ്ങളിലെ ആൾക്കാരുടെ സഹകരണം തേടേണ്ടതാണ്. ഭരണചിലവുകൾ നമ്മുടെ പഞ്ചായത്തിന് കുറയ്ക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. പഞ്ചായത്തിലെ ധനംചോർന്നുപോകുന്നത് തടയാൻ റോഡുകൾ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. മതിയായ ഓവുചാലുകളുടെ കുറവാണ് റോഡ് നശിച്ചുപോകുവാൻ കാരണം. യഥാസമയം ആവശ്യമുള്ള റിപ്പയറുകൾ നടത്തുകയാണെങ്കിൽ റോഡുകൾ സംരക്ഷിക്കുവാൻ നമുക്ക് കഴിയും.

ഭൂനികുതി പൂർണ്ണമായും പഞ്ചായത്തിന്ന് ലഭിക്കേണ്ട നടപടികൾ ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തായ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ 28000-ത്തോളം വരുന്ന ജനസംഖ്യയിൽ ഏകദേശം 10000-ത്തോളം പേർ യുവജനങ്ങളാണെന്ന് കാണാം. ഇവരുടെ ശാരിരികാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചാൽ അതായിരിക്കും നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ മുതൽക്കൂട്ട്.

വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

കൺവീനർ - പി. കൃഷ്ണൻമാസ്റ്റർ

1. കൃഷി - ജലസേചനം

ടി. മമ്മിമാസ്റ്റർ
തിലകൻ മാസ്റ്റർ
പി.വി.കെ. മുഹമ്മദ് മാസ്റ്റർ
കെ.പി. ചാത്തുക്കുട്ടി മാസ്റ്റർ

2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

സി.കെ. സജീവ് ജ്യോതി
എ.പി. മഹേന്ദ്രൻ മാസ്റ്റർ
ടി.പി. വാസു

3. വ്യവസായം

കെ.കെ. ദിനേശൻ മാസ്റ്റർ
ടി. മുഹമ്മദ് അഷ്റഫ് മാസ്റ്റർ
എൻ. നാണു മാസ്റ്റർ
പി.കെ. ബാലൻ മാസ്റ്റർ

4. വിദ്യാഭ്യാസം

കെ.കെ. അജിത്കുമാർ
സി.കെ. കൃഷ്ണൻ മാസ്റ്റർ
എം.ടി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ
കെ.കെ. ദാമു മാസ്റ്റർ

5. കുടിവെള്ളം - പൊതുജനാരോഗ്യം

വി.കെ. സുരേന്ദ്രൻ മാസ്റ്റർ
എൻ.കെ. അശോകൻ
ഗഫൂർ

6. ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

പി.വി. ജോസ്
കാട്ടൂർ മഹമൂദ്
എൻ.കെ. ഖാലിദ്
കെ. ഭാസ്കരൻ മാസ്റ്റർ

7. ഭവനനിർമ്മാണം - സാമൂഹ്യക്ഷേമം

അഴകിൽ മൊയ്തു മാസ്റ്റർ
എൻ.കെ. അബ്ദുള്ള മാസ്റ്റർ

8. സംസ്കാരം - കായികരംഗം

എ. രാഘവൻ മാസ്റ്റർ
പി.കെ. മുകുന്ദൻ മാസ്റ്റർ
ജി. കുഞ്ഞിരാമൻ മാസ്റ്റർ

9. വനിത

വി.പി. സുലോചന ടീച്ചർ
എ.പി. വസന്ത
എം.പി. സുലോചന
എം. രവീന്ദ്രൻ

10. സഹകരണം

പറമ്പത്ത് ബാലൻ
കെ.പി. ബാലൻ മാസ്റ്റർ
ഒ.കെ. രാമകൃഷ്ണൻ
പി. ജയരാജൻ മാസ്റ്റർ

11. പട്ടിക ജാതി - പട്ടിക വർഗ്ഗക്ഷേമം

കെ.പി. വിശ്വനാഥൻ മാസ്റ്റർ
കെ.പി. ചന്ദ്രൻ
പൂവൻ ചന്ദ്രൻ
പി.പി. അശോക് കുമാർ

12. വിഭവസമാഹരണം

എ. ജയറാം
കെ. വിജയൻ മാസ്റ്റർ
കെ.കെ. ശ്രീധരൻ മാസ്റ്റർ

കാലമേറെയായി നാം ആഗ്രഹിച്ചിരുന്ന അധികാരവികേന്ദ്രീകരണം എന്ന സ്വപ്നം യാഥാർത്ഥ്യമാകാൻ പോകുന്ന ഈ അവസരത്തിൽ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ നല്ലവരായ ജനങ്ങളുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷയ്ക്കുമൊത്തുയരാൻ പഞ്ചായത്ത് ഭരണസമിതിക്ക് കഴിയുമെന്ന ആത്മവിശ്വാസത്തോടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയകരമായ പ്രവർത്തനങ്ങളിൽ ഞങ്ങളെ സഹായിച്ച ജില്ലാതലപരിശീലകർ, പഞ്ചായത്ത്തലപരിശീലകർ, ദ്വിതീയ വിവരശേഖരണം നടത്തുന്നതിന് സഹകരിച്ച ഉദ്യോഗസ്ഥർ, ഈ വികസനരേഖ തയ്യാറാക്കുന്നതിന് അഹോരാത്രം പ്രവർത്തിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ തുടങ്ങി എല്ലാ മേഖലയിലുള്ളവരോടും ഞങ്ങൾക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.


ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപംകൊടുക്കുന്ന വികസനപദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായത്തിലെ ജനങ്ങളിൽ നിക്ഷിപ്തമാണ്. പ്രാദേശികമായ വിഭവങ്ങളും മനുഷ്യാധ്വാനവും പരമാവധി സമാഹരിച്ച് വികസനരംഗത്ത് ഒരു നവോന്മേഷം സൃഷ്ടിക്കുന്നതിന് എല്ലാ നല്ല മനസ്സുകളും കൂടെയുണ്ടാകുമെന്ന പ്രതീക്ഷയോടെ.....

സി.എച്ച്. കുഞ്ഞമ്മദ് മാസ്റ്റർ


പ്രസിഡൻറ്

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

Typeset By: Suvarna Graphics, Kozhikode 673 002 Printed at KTC Offset Printers, Kozhikode


റോഡ്
പാലം
വില്ലേജ് ഓഫീസ്
വായനശാല
ആശുപത്രി
അംഗനവാടി
നഴ്സറി
സ്കൂൾ
ഹൈസ്കൂൾ
കോളജ്
ക്രിസ്ത്യൻ പള്ളി
മസ്ജിദ്
ക്ഷേത്രം
മാപ്പുര
ബാങ്ക്
മൃഗാശുപത്രി
പഞ്ചായത്ത്
കൃഷിഭവൻ
അണക്കെട്ട്
പോസ്റ്റാഫീസ്
കശുമാവ് കൃഷി
നെൽകൃഷി
തെങ്ങു കൃഷി
ഉയർന്ന പ്രദേശം
താഴ്ന്ന പ്രദേശം
സമതലം
കുന്നുകൂടം
ക്രഷർ

കണ്ണൂർ ജില്ല


Alakode
Eramam Kuttoor
Payyavoor
Parappa
Taliparamba
Mayyil
Malapattam
Kolacheri
Payyannur
Ramanthali
Cherukunnu
Azhikode
Puzhathi
Pallikkunnu
Edakkad
Kannur
Pappinisseri
Chirakkal
Mattannur
Thillenkeri
Peravoor
Malur
Kalliasseri
Chittariparamba
Kulhuparamba
Pattiyam
Kadirur
Eranholi
Pannipuzha
Thalassery
Kunnothuparamba
Panoor
Peringalam
Chokli
Kariyad
New Mahe
Thrippangottur
Kathiroor